GOVERNMENT OF TAMIL NADU

# ഏഴാം തരം

# മലയാള പാഠപുസ്തകം

# STANDARD SEVEN

# MALAYALAM READER

Department of School Education

Untouchability is Inhuman and a Crime

**Government of Tamil Nadu**

First Edition - 2019

Reprint - 2020, 2021, 2022, 2023, 2024

(Published under new syllabus)

**Content Creation**

State Council of Educational Research and Training

© SCERT 2019

**Printing & Publishing**

Tamil Nadu Textbook and Educational Services Corporation

www.textbooksonline.tn.nic.in



EE_Malayalam_FM.indd 2 02-01-2024 10:50:50

# ആമുഖം

അറിവ് നേടുന്നതിനൊപ്പം ഭാവികാല ജീവിത സ്വപ്നങ്ങൾക്ക് അടിത്തറ പാകൽകൂടിയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതിന് വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുക എന്നതാണ് പാഠപുസ്തകങ്ങളുടെ ലക്ഷ്യമെന്ന് ഞങ്ങൾ കരുതുന്നു. ഒപ്പം വിദ്യാർത്ഥികളുടെ ചിന്താശേഷിക്ക് ഊർജ്ജം നൽകാനും പാഠപുസ്തകങ്ങൾ സഹായകമാകണം. അതിനായി രക്ഷിതാക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ സ്വപ്നങ്ങളെ ഇണക്കിച്ചേർക്കുന്ന ഒരു ശിൽപം പോലെയാണ് പാഠപുസ്തകങ്ങൾ രൂപകൽപന ചെയ്തിരിക്കുന്നത്. താഴെപ്പറയുന്ന ലക്ഷ്യങ്ങളും അതിന്റെ ഭാഗമാണ്.

- സർഗ്ഗാത്മക വഴിയിലേക്ക് പഠനത്തെ നയിക്കുക
- നമ്മുടെ ചരിത്രം,സംസ്കാരം,സാഹിത്യം, പൈതൃകം എന്നിവയിൽ അവഗാഹമുണ്ടാക്കുക
- വിദ്യാർത്ഥികൾ ശാസ്ത്രസാങ്കേതിക മേഖലയിലുണ്ടായ നേട്ടങ്ങൾ മനസ്സിലാക്കുകയും ആത്മവിശ്വാസത്തോടെ ആധുനിക ലോകത്തിൽ വിജയിക്കാനുള്ള ശേഷി നേടുകയും ചെയ്യുക
- ജീവിതാവബോധത്തിനുള്ള ഉപാധിയാണ് പാഠപുസ്തകം എന്നുള്ള ധാരണ ഉണ്ടാക്കുക
- ശുഭാപ്തി വിശ്വാസം വളർത്തുക

വിഷയവൈവിധ്യവും പുതുമയുള്ള ശീർഷകങ്ങളും ഉൾക്കൊള്ളുന്ന പാഠപുസ്തകം നിങ്ങളിലേക്ക് എത്തുകയാണ്. പുതിയലോകത്തേയ്ക്ക് സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെ ജീവിതത്തെ കൂടുതൽ ക്രിയാത്മകമാക്കാൻ ഈ പാഠപുസ്തകം ഉതകുമെന്ന് കരുതുന്നു.



7th Malayalam_Term-1.indb 3 5/23/2019 3:44:46 PM

# ദേശീയ ഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ
പഞ്ചാബ് സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല വംഗാ,
വിന്ധ്യ ഹിമാചല യമുനാ ഗംഗാ
ഉച്ഛല ജലധി തരംഗാ
തവശുഭ നാമേ ജാഗേ
തവശുഭ ആശിഷ മാഗേ
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗള ദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ജയഹേ

-മഹാകവി രവീന്ദ്രനാഥ ടാഗോർ.

---


# ദേശീയഗാനം-സാരം

ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ!ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ!പഞ്ചാബ്,സിന്ധ്,ഗുജറാത്ത്,മറാഠ,ദ്രാവിഡം,വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യഹിമാചലാദി പർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമം ഉരുവിട്ടുകൊണ്ടിരിക്കുന്നു.അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു.അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു.ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ. അങ്ങേയ്ക്ക് മേൽക്കുമേൽ വിജയമുണ്ടാകട്ടെ.



# തമിഴ്ത്തായ് വാഴ്ത്ത്

നീരാരും കടലുടുത്ത നിലമടന്തൈക്കെഴിലൊഴുകും
ശീരാരും വദനമെന ത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറന്ത തിരാവിട നൽതിരുനാടും
തക്കശിറു പിറൈനുതലും തരിത്തനറും തിലകമുമേ!
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിശൈയും പുകഴ്മണങ്ക ഇരുന്തപെരും തമിഴണങ്കേ!
തമിഴണങ്കേ!
ഉൻ ശീരിളമൈ ത്തിറംവിയന്തു ശെയൽമറന്തു വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
-മാനോന്മണിയം.പി.സുന്ദരം പിള്ള



## തമിഴ് മാതൃവന്ദനം - ആശയം

തിരമാലകളുടെ ആരവത്തോടുകൂടിയ സമുദ്രമെന്ന നീലജലാശയമാകുന്ന പുടവയണിഞ്ഞ സ്ത്രീയുടെ അഴകാർന്നതും ഐശ്വര്യപൂർണ്ണവുമായ മുഖമായി ഭാരതഭൂമി പരിലസിക്കുന്നു. ഈ ഭൂവിഭാഗത്തിലെ ദക്ഷിണദേശത്ത് മികച്ചതും മനോജ്ഞവുമായ ദ്രാവിഡനാട് പ്രകാശിക്കുന്നു.കുങ്കുമ തിലകത്തിൽ നിന്ന് പ്രസരിക്കുന്ന സുഗന്ധമെന്ന പോലെ ലോകത്തിന് ആനന്ദം പ്രദാനം ചെയ്യും വിധം ദിക്കെങ്ങും കീർത്തി പരത്തി വിലസുന്ന തമിഴ് സ്ത്രീ രത്നമേ, എന്നെന്നും യൗവനയുക്തയായിരിക്കുന്ന ഭവതിയുടെ സവിശേഷ പ്രാവിണ്യം കണ്ട് അത്ഭുതാദരങ്ങളോടെ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.



7th Malayalam_Term-1.indb 5 5/23/2019 3:44:46 PM

## ദേശീയോദ്ഗ്രഥന പ്രതിജ്ഞ

അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും ഐക്യം നിലനിർത്തി കൊണ്ടും എന്റെ നാടിന്റെ വളർച്ചയ്ക്കുവേണ്ടി ആത്മാർത്ഥത യോടെ പ്രവർത്തിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

ഒരു തരത്തിലുള്ള അക്രമ പ്രവർത്തനങ്ങളിലും ഞാൻ ഇട പെടില്ലെന്നും മതം,ഭാഷ,ദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തി ലുള്ള വിവേചനങ്ങളുണ്ടാവില്ലെന്നും അവയുടെ പേരിലുണ്ടാകുന്ന സംഘർഷങ്ങൾക്ക് സമാധാനപരമായ രീതിയിലും ഭരണഘടന അനുശാസിക്കുന്ന മാർഗ്ഗത്തിലൂടെയും പരിഹാരം കാണുന്നതിനായി എന്നാലാവുംവിധം പരിശ്രമിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്,എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരി സഹോദരന്മാരാണ്,ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു, സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർ ന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.



7th Malayalam_Term-1.indb 6 5/23/2019 3:44:47 PM

# ഉള്ളടക്കം


| | | പുറം നമ്പർ |
|---|---|---|
| | **ഭാഗം 1** | |
| | **മധുരം മലയാളം** | 1 |
| കവിത | പിറന്ന നാട് - കടത്തനാട്ട് മാധവിയമ്മ | 2 |
| ഗദ്യം | തുഞ്ചന്റെ ശാരികപ്പൈതൽ - തിക്കുറുശ്ശി ഗംഗാധരൻ | 6 |
| നോവൽ ഭാഗം | ഒരു കുരുവിയുടെ കരച്ചിൽ - വൈക്കം മുഹമ്മദ് ബഷീർ | 12 |
| | **ഭാഗം 2** | |
| | **പ്രകൃതി, ഭക്ഷണം** | 16 |
| കവിത | ഞാനും വരട്ടെയോ - സിസ്റ്റർ മേരീബനീഞ്ഞ | 17 |
| ഗദ്യം | നാം കഴിക്കുന്ന ഭക്ഷണം - ഡി.വിനയചന്ദ്രൻ | 21 |
| ഐതീഹ്യ കഥ | വിക്രമാദിത്യന്റെ മഹാത്യാഗം - സി.മാധവൻ പിള്ള | 26 |
| | **ഭാഗം 3** | |
| | **ജീവിതസമർപ്പണം** | 30 |
| കവിത | കരകൗശലം - വിഷ്ണുനാരായണൻ നമ്പൂതിരി | 31 |
| ഗദ്യം | പലതുള്ളി പെരുവെള്ളം - രാധാകൃഷ്ണൻ അടുത്തില | 36 |
| കഥ | കാലശേഷം - ബാബുഭരദ്വാജ് | 41 |
| | **ഭാഗം 4** | |
| | **സംസ്കാരത്തിലെ നാനാത്വം** | 44 |
| കവിത | ഓമനേ നീയുറങ്ങ് - ഉള്ളൂർ എസ്.പരമേശ്വരയ്യർ | 45 |
| ഗദ്യം | വായനയും വാസനയും - കുഞ്ഞുണ്ണിമാഷ് | 50 |
| കഥ | ഗ്രാമബാലിക - ലളിതാംബിക അന്തർജ്ജനം | 55 |





7th Malayalam_Term-1.indb 7 5/23/2019 3:44:47 PM

| | | പുറം നമ്പർ |
|---|---|---|
| | **ഭാഗം 5** | |
| | **ശരീരവും പഠനവും** | 61 |
| **പദ്യം** | **കീശനൊടേല്പാൻ** - കുഞ്ചൻ നമ്പ്യാർ | 62 |
| **ഗദ്യം** | **ശരീരത്തിനുള്ളിലേക്ക് നോക്കുമ്പോൾ** - പി.റ്റി.തോമസ് | 66 |
| **ശാസ്ത്രകഥ** | **ഹാപ്പി ബെർത്ത്ഡേ** - എൻ.ആർ.സി.നായർ | 72 |
| | **ഭാഗം 6** | |
| | **വിദ്യാഭ്യാസവും സ്വഭാവവും** | 77 |
| **പദ്യം** | **ആറ്റുംമണമ്മേൽ ഉണ്ണിയാർച്ച** - കെ വി അച്യുതാനന്ദൻ | 78 |
| **ഗദ്യം** | **സ്വഭാവമാണ് നമ്മുടെ സ്വത്ത്** - കെ പി കേശവമേനോൻ | 83 |
| **കഥ** | **അർഹതയില്ലാത്ത ബഹുമതികൾ** - സത്യൻ കല്ലുരുട്ടി | 89 |
| | **ഭാഗം 7** | |
| | **സർഗ്ഗാത്മകത** | 93 |
| **കവിത** | **ഹരിതം** - സച്ചിദാനന്ദൻ | 94 |
| **ഗദ്യം** | **വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്കുള്ള സ്ഥാനം** - വല്ലച്ചിറ രാമചന്ദ്രൻ | 98 |
| **നാടകരംഗം** | **സിദ്ധാർത്ഥനും അരയന്നവും** | 104 |
| | **ഭാഗം 8** | |
| | **പരിസ്ഥിതി പ്രകൃതി** | 110 |
| **കവിത** | **ജലപ്രളയം** - കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള്ള | 111 |
| **ഗദ്യം** | **മനുഷ്യന്റെ ആവിർഭാവം** - ജവഹർലാൽ നെഹ്റു | 116 |
| **കഥ** | **തൊപ്പിക്കച്ചവടക്കാരനും കുരങ്ങന്മാരും** - ഡോ.കെ.ശ്രീകുമാർ | 122 |
| | **ഭാഗം 9** | |
| | **ഐക്യത, സംസ്കാരം** | 128 |
| **കവിത** | **എല്ലാമൊന്ന്** -എസ്.രമേശൻ നായർ | 129 |
| **ഗദ്യം** | **കാവേരിയുടെ ഓർമ്മയ്ക്ക്** -പി.സുരേന്ദ്രൻ | 134 |
| **കഥ** | **നേർച്ച** - എം.കെ.ഹസ്സൻകോയ | 140 |




7th Malayalam_Term-1.indb 8 5/23/2019 3:44:47 PM

ഭാഗം 1

# മധുരം മലയാളം



## പഠനലക്ഷ്യങ്ങൾ

- പിറന്ന നാടിന്റെ നന്മകൾ മനസ്സിലാക്കൽ
- മലയാള കവിതയുടെ മധുരിമ അറിയൽ

## പാഠഭാഗങ്ങൾ

| | | | |
|---|---|---|---|
| കവിത | : | പിറന്ന നാട് | - കടത്തനാട്ട് മാധവിയമ്മ |
| ഗദ്യം | : | തുഞ്ചന്റെ ശാരികപ്പൈതൽ | - തിക്കുറിശ്ശി ഗംഗാധരൻ |
| കഥ | : | ഒരു കുരുവിയുടെ കരച്ചിൽ | - വൈക്കം മുഹമ്മദ് ബഷീർ |
| വ്യാകരണം | : | വർണ്ണം, അക്ഷരം, സംവൃതം, വിവൃതം | |



7th Malayalam_Term-1.indb 1 5/23/2019 3:44:48 PM

കവിത

# പിറന്ന നാട്

കടത്തനാട്ട് മാധവിയമ്മ



മലയാളത്തിലെ പ്രശസ്ത കവയിത്രി കടത്തനാട്ട് മാധവിയമ്മ (1909-1999) കണ്ണൂർ ജില്ല കുറുമ്പനാട്ടു താലൂക്കിലെ ഇരിങ്ങണ്ണൂരിൽ ജനിച്ചു. സംസ്കൃതാഭ്യാസനത്തിനു ശേഷം നിരവധി ഗദ്യപദ്യ കൃതികൾ രചിച്ചു. ഗ്രാമശ്രീകൾ, കണിക്കൊന്ന, മുത്തച്ഛന്റെ കണ്ണുനീർ തുടങ്ങിയവ പ്രാധാനകൃതികൾ. സമഗ്രസംഭാവനയ്ക്ക് കേരളസാഹിത്യഅക്കാദമി പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്.

പിറന്നനാടിന്റെ മഹിമയെക്കുറിച്ച് വർണ്ണിക്കുന്നതും അതിൽ സന്തോഷം കണ്ടെത്തുന്നതുമാണ് പാഠസന്ദർഭം.

**പാടൂ, പാടൂമന്മനമേ**
**പിറന്ന നാടിൻ നന്മകളേ!**
**കാടും നാടും പൊന്തകളും,**
**പാടും തോടും നെൽവയലും,**
**പൊന്നിൻ പണ്ടമണിഞ്ഞെങ്ങും**
**തിങ്ങും നല്ല കവുങ്ങുകളും,**
**അങ്ങോടിങ്ങോടാടിരസിക്കും**
**തെങ്ങോലകളും തേന്മാവും,**
**കുഞ്ഞിക്കാറ്റിൽ കലപില കൂട്ടും**
**കുന്നൻ വാഴത്തോപ്പുകളും.**



7th Malayalam_Term-1.indb 2 5/23/2019 3:44:49 PM



തോട്ടുവക്കിൽ പീച്ചാങ്കുഴലി-
ട്ടൂത്തു പഠിക്കും കുട്ടികളും,
അകലെ മലയിൽ വേട്ട നടത്തും
പടയാളികളും പട്ടികളും,
അമ്പലനടയിൽ തൊഴുതുമടങ്ങും
പെൺകൊടിമാരും ചേടികളും,
അമ്പും വില്ലും വാളും പരിചയു-
മിമ്പം തേടും പോർവിളിയും
കൂടിയിണങ്ങിയിരമ്പും നാടേ
പിറന്ന നാടേ, മമനാടേ!
പാടൂ, പാടൂ മന്മനമേ
പിറന്ന നാടിൻ നന്മകളെ!

## അഭ്യാസം

### I. പദപരിചയം

മന്മനം

പൊന്തകൾ

തോപ്പ്

പീച്ചാങ്കുഴൽ

പടയാളികൾ

ചേടികൾ

ഇമ്പം

പോർ

ഇരമ്പൽ

### II. പര്യായപദം

മനം

കാറ്റ്

പോര്

### III. ചേർത്തെഴുതുക

തെങ്ങ് + ഓലകൾ

കൂടി + ഇണങ്ങി

### IV. പിരിച്ചെഴുതുക

പണ്ടമണിഞ്ഞ്

വാഴത്തോപ്പ്

### V. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.

1. പൊന്നിൻ പണ്ടമണിഞ്ഞ് തിങ്ങിനിൽക്കുന്നത് എന്താണ്?

   അ. തെങ്ങുകൾ

   ആ. കവുങ്ങുകൾ

   ഇ. വാഴകൾ

   ഈ. പൊന്തകൾ



7th Malayalam_Term-1.indb 4 5/23/2019 3:44:59 PM

2. തോട്ടുവക്കിൽ പീച്ചാങ്കുഴലിൽ ഊത്തുപഠിക്കുന്നതാര്?

അ. കുട്ടികൾ

ആ. പെൺകൊടികൾ

ഇ. പടയാളികൾ

ഈ. ചേടികൾ

## VI. ഉത്തരമെഴുതുക

1. വയലുകളിൽ ആടി രസിക്കുന്നത് എന്തൊക്കെയാണ്?
2. തോട്ടുവക്കിൽ കുട്ടികൾ എന്താണ് ചെയ്യുന്നത്?
3. അമ്പലനടയിൽ തൊഴുതുമടങ്ങുന്നത് ആരാണ്?

## VII. ഖണ്ഡികയിൽ ഉത്തരമെഴുതുക.

1. കവി പിറന്ന നാടിന്റെ എന്തെല്ലാം വിശേഷതകളാണ് വർണ്ണിക്കുന്നത്?

## VIII. മനഃപാഠമാക്കുക

കുഞ്ഞിക്കാറ്റിൽ കലപില കൂട്ടും

________________

പിറന്നനാടെ മമനാടെ!

## IX. അനുബന്ധപ്രവർത്തനങ്ങൾ

സ്വന്തം നാടിനെ വർണ്ണിക്കുന്ന മറ്റു കവിതകൾ കണ്ടെത്തുക

ഉദാ:

കേരളം കേരളം

കേളികൊട്ടുയരുന്ന കേരളം

കേളീകദംബം പൂക്കും കേരളം

കേരകേളി കഥനമാമെൻ കേരളം

ഈണത്തിൽ പാടുക




7th Malayalam_Term-1.indb 5 5/23/2019 3:44:59 PM

ഗദ്യം

# തുഞ്ചന്റെ ശാരികപ്പൈതൽ

തിക്കുറുശ്ശി ഗംഗാധരൻ



**തിക്കുറുശ്ശി ഗംഗാധരൻ** 1931 ഒക്ടോബർ 31 ാം തിയതി കന്യാകുമാരി ജില്ലയിൽ തിക്കുറുശ്ശിയിൽ ജനിച്ചു. പഠിത്തം, എഴുത്ത്, ഗവേഷണം, പ്രസിദ്ധീകരണം എന്നീ പ്രയത്നത്തിലൂടെ പ്രശസ്തി നേടി. വേണാടിന്റെ കഥാഗാനങ്ങൾ, ഉലകുടെപെരുമാൾ പാട്ടുകൾ, പുത്തരിയങ്കം, തെക്കൻകഥാഗാനങ്ങൾ, ഇരവിക്കുട്ടിപ്പിള്ളപ്പോര് എന്നിവയാണ് പ്രധാനകൃതികൾ.

തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനേയും കിളിപ്പാട്ടുരീതിയേയും, പരിചയപ്പെടുത്തിക്കൊണ്ടുള്ള പാഠ്യഭാഗമാണ് 'തുഞ്ചന്റെ ശാരികപ്പൈതൽ'.



ആധുനിമലയാളഭാഷയുടെ പിതാവ് എന്നപേരിൽ മലയാളത്തിലെ സുപ്രസിദ്ധകവിയായ എഴുത്തച്ഛന്റെ ജീവിതത്തെപ്പറ്റി കുറച്ചുകാര്യങ്ങൾ മാത്രമേ അറിയാൻ കഴിയുന്നുള്ളൂ. മലപ്പുറം ജില്ലയിലെ തിരൂർ റെയിൽവേ സ്റ്റേഷന് അടുത്തുള്ള തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിന് സമീപമാണ് എഴുത്തച്ഛൻ ജനിച്ചതെന്ന് വിശ്വസിക്കുന്നു. ആ സ്ഥലത്തിന് 'തുഞ്ചൻപറമ്പ്' എന്നാണ് പേരിട്ടിരിക്കുന്നത്. കവിയുടെ ശരിയായപേര് അറിയാൻ കഴിയുന്നില്ല. രാമാനുജൻഎഴുത്തച്ഛൻ എന്നാണ് പറഞ്ഞുവരുന്നത്. നാട്ടിൻപുറത്തെകുടിപ്പള്ളിക്കൂടത്തിലെ ഗുരു



7th Malayalam_Term-1.indb 6 5/23/2019 3:45:00 PM



വായിട്ടാണ് എഴുത്തച്ഛൻ ആരംഭദശയിൽ കഴിഞ്ഞിരുന്നത്. ചെറുപ്പകാലത്ത് തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലൂടെ യാത്ര നടത്തുകയും അവിടുത്തെ പണ്ഡിതന്മാർ, അദ്ധ്യാത്മികവാദികൾ തുടങ്ങിയവരുമായി പരിചയപ്പെട്ട് അനുഭവസമ്പത്ത് നേടുകയും ചെയ്തിരുന്നുവെന്നാണ് വിശ്വാസം.

1425–മുതൽ 1625– വരെയുള്ള കാലഘട്ടത്തിനിടയ്ക്ക് ആയിരിക്കണം ജീവിതകാലം എന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം.

രാമായണംകിളിപ്പാട്ട്, മഹാഭാരതംകിളിപ്പാട്ട്, ഭാഗവതംകിളിപ്പാട്ട് എന്നിവയാണ് എഴുത്തച്ഛന്റെ പ്രധാന കൃതികൾ

കവിയുടെ അപേക്ഷപ്രകാരം കിളി കഥാഖ്യാനം ചെയ്യുന്ന രീതിയാണ് കിളിപ്പാട്ട്. പാട്ടുകൾ ദ്രാവിഡ രീതിയിലുള്ള ഈരടികളാണ്. എഴുത്തച്ഛന് മുമ്പും കിളിപ്പാട്ട് രീതി നിലവിൽ ഉണ്ടായിരിക്കണം. എന്നാൽ തന്റെ മുഖ്യകൃതികൾക്കെല്ലാം ആ രീതി അവലംബിച്ച് പ്രചാരം വരുത്തിയത് തുഞ്ചത്ത് രാമാനുജൻ തന്നെയാണ്. ആദ്ധ്യാത്മരാമായണത്തിന്റെ ആരംഭത്തിൽ,

ശ്രീരാമനാമം പാടിവന്ന പൈങ്കിളിപ്പെണ്ണേ!
ശ്രീരാമചരിതം നീ ചൊല്ലീടുമടിയാതെ

–എന്ന് കവി അപേക്ഷിക്കുമ്പോൾ,

ശാരികപ്പൈതൽ താനും വന്ദിച്ചു വന്ദ്യന്മാരെ,
ശ്രീരാമസ്മൃതിയോടെ പറഞ്ഞു തുടങ്ങിനാൾ.

രാമായണം, ഭാരതം, ഭാഗവതം എന്നീ കൃതികളിൽ താഴെപറയുന്ന പേരുകളിൽ എഴുത്തച്ഛൻ കിളിയെ സംബോധന ചെയ്യുന്നു. പൈങ്കിളിപ്പെണ്ണേ, ശാരികപ്പൈതലേ, നൽതേൻമൊഴിതത്തേ, കിളിമകളേ, കിളിപൈതലേ, പൈങ്കിളിപൈതലേ, കിളിപ്പെണ്ണേ, ആരോമൽക്കിളിപ്പെണ്ണേ, ശുകതരുണീ, പഞ്ചവർണക്കിളിപ്പെൺകിടാവേ,



ഇപ്രകാരം കിളിയെ ക്ഷണിച്ചിരുത്തി കഥ ചൊല്ലിക്കുന്നതിന്റെ തത്ത്വത്തെക്കുറിച്ച് വ്യത്യസ്തമായ ചില അഭിപ്രായങ്ങൾ ഉണ്ട്. കവി നേരിട്ട് കഥപറഞ്ഞാൽ ചില സന്ദർഭങ്ങളിൽ പ്രസ്താവിക്കുന്ന കാര്യങ്ങൾ കവിക്കുതന്നെ ദോഷമായി ഭവിച്ചേയ്ക്കുമെന്നൊരു വിശ്വാസമുണ്ട്. അതിന് 'അറം' പറ്റുകയെന്നാണ് പറയുന്നത്. കിളിയെക്കൊണ്ടു പറയിച്ചാൽ ആ ദോഷഫലം കവിക്ക് ഏൽക്കാതെ രക്ഷപ്പെടാനാവും എന്നതാണ് വിശ്വാസം.





7th Malayalam_Term-1.indb 8 5/23/2019 3:45:01 PM

വിദ്യാദേവതയുടെ കൈയ്യിലെ കിളിയാണ്, കവിതചൊല്ലാൻ കവി ക്ഷണിക്കുന്ന ശാരികപ്പൈതൽ എന്നൊരുവാദമുണ്ട്. ആദ്യകാലത്ത് തമിഴിലെ ഭക്തകവികൾക്കിടയിൽ പക്ഷികളെ ഇടനിലയ്ക്കായി ഉപയോഗിച്ചിരുന്നുവെന്നും ആ രീതി യാണ് എഴുത്തച്ഛൻ തുടർന്നതെന്നും ചിലർ അഭിപ്രായപ്പെടുന്നു. ഭാരതത്തിലെ പുരാണങ്ങളെ വ്യാഖ്യാനിച്ച ശുകമഹർഷിയെക്കുറിച്ചുള്ള ആദരവ് നിമിത്തമാണ്, ശുകത്തെകൊണ്ട് കഥ പറയിക്കുന്നതെന്നും ഒരു അഭിപ്രായമുണ്ട്. ഈ അഭിപ്രായത്തിനാണ് കൂടുതൽ അംഗീകാരം ലഭിച്ചിട്ടുള്ളത്.

കിളിപ്പാട്ട് രചനയ്ക്ക് ഈരടികളാണ് ഉപയോഗിക്കുന്നത്. പ്രധാനമായി നാല് ദ്രാവിഡ വൃത്തങ്ങളാണ്, എഴുത്തച്ഛൻ കിളിപ്പാട്ടിൽ സ്വീകരിച്ചിട്ടുള്ളത് കേക, കാകളി, കളകാഞ്ചി, അന്നനട എന്നിവയാണ് ആ വൃത്തങ്ങൾ.

## അഭ്യാസം

### I. പുതിയ പദങ്ങൾ

കഥാഖ്യാനം

വന്ദ്യൻ

അമൃതം

അവലംബം

ശുകം

### II. വിപരീതപദം എഴുതുക

ശുദ്ധം

ഉത്തമം

സുഖം

### III. വാക്യത്തിൽ പ്രയോഗിക്കുക

സംബോധന

ക്ഷണിക്കുക

സന്ദർഭം

സുപ്രസിദ്ധം

### IV. ശരിയായ ഉത്തരമെഴുതുക.

1. മലയാള ഭാഷയുടെ പിതാവ് ആര്?

അ. എഴുത്തച്ഛൻ

ആ. വള്ളത്തോൾ

ഇ. ചെറുശ്ശേരി

ഈ. കുമാരനാശാൻ

2. കിളിപ്പാട്ട് രചനയ്ക്ക് എത്ര വരികളാണ് ഉപയോഗിക്കുന്നത്?

അ. ഒരുവരി

ആ. രണ്ട് വരി

ഇ. മൂന്ന് വരി

ഈ. നാലു വരി



7th Malayalam_Term-1.indb 10 5/23/2019 3:45:02 PM

3. കിളിപ്പാട്ട് രചനയ്ക്ക് എത്ര വൃത്തങ്ങളാണ് എഴുത്തച്ഛൻ ഉപയോഗിച്ചത്?

അ. നാല്

ആ. രണ്ട്

ഇ. ഒന്ന്

ഈ. മൂന്ന്

## V. ഉത്തരമെഴുതുക

1. കിളിപ്പാട്ടുരീതി എന്നാലെന്ത്?
2. എഴുത്തച്ഛൻ എഴുതിയ കൃതികൾ ഏവ ?
3. എഴുത്തച്ഛന്റെ ജീവിതകാലത്തെപ്പറ്റി എഴുതുക
4. കിളിപ്പാട്ടുരചനയ്ക്ക് ഉപയോഗിക്കുന്ന വൃത്തങ്ങൾ ഏവ?

## VI. ഖണ്ഡികയിൽ ഉത്തരമെഴുതുക

1. കിളിപ്പാട്ട് പ്രസ്ഥാനത്തെപ്പറ്റി വിവരിക്കുക
2. കിളിയെകൊണ്ട് കഥചൊല്ലിക്കുന്നതിന്റെ തത്ത്വമെന്ത്?

## VII. അനുബന്ധപ്രവർത്തനം

എഴുത്തച്ഛൻെറ കൃതികളുടെ പേര് ശേഖരിക്കുക.




7th Malayalam_Term-1.indb 11 5/23/2019 3:45:02 PM

നോവൽ ഭാഗം

# ഒരു കുരുവിയുടെ കരച്ചിൽ

വൈക്കം മുഹമ്മദ് ബഷീർ



മലയാള സാഹിത്യത്തിലെ മഹാനായ കഥാ സാഹിത്യകാരനാണ് ബേപ്പൂർസുൽത്താൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ. (1908–1994) പ്രേമലേഖനം, ബാല്യകാല സഖി, പാത്തുമ്മയുടെ ആട്, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു തുടങ്ങി അനേകം കൃതികൾ അദ്ദേഹത്തിന്റെ മഹത്തായ സംഭാവനകളാണ്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരളസാഹിത്യ അക്കാദമി അവാർഡ്, ലളിതാംബിക അന്തർജനം അവാർഡ്, വള്ളത്തോൾ പുരസ്കാരം എന്നിവ അദ്ദേഹത്തിനു ലഭിച്ച അവാർഡുകളിൽ ചിലതാണ്.

'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു' എന്ന കൃതിയിൽ നിന്നെടുത്തതാണ് ഒരു കുരുവിയുടെ കരച്ചിൽ എന്ന ഭാഗം.

കുഞ്ഞുപാത്തുമ്മ മുറ്റത്തുവെച്ചുതന്നെ ഒരു കുരുവിയുടെ കരച്ചിൽ കേട്ടു.കുറേ അങ്ങുചെന്നപ്പോൾ അവൾ കാണുകയും ചെയ്തു, രണ്ടു കുരുവികൾ തമ്മിൽ കൊത്തുപിടിക്കുന്നു. അതിൽ ഒന്ന് വല്ലാതെ നിലവിളിക്കുകയാണ്!

അവരെന്തിനാണ് വഴക്കിടുന്നത്? കുഞ്ഞുപാത്തുമ്മ ഷ്ഷു! ഭു! ധുർർ!





7th Malayalam_Term-1.indb 12 5/23/2019 3:45:02 PM

എന്നെല്ലാം ഒച്ചയുണ്ടാക്കി. അപ്പോൾ അതുരണ്ടും പറന്നു ദൂരെപ്പോയി.

ആമ്പൽപ്പൊയ്കയുടെ അടുത്തുകൂടി അടുത്ത പുരയിടത്തിലേക്കുള്ള വലിയ തെങ്ങിൻപാലത്തിൽ അവൾ കയറിയപ്പോൾ കുരുവികൾ രണ്ടും പുളിമരത്തിലിരുന്നു വീണ്ടും കൊത്തുപിടിക്കുന്നതു കണ്ടു. തന്നെയുമല്ല, ഒന്നു കരയുകയും ചെയ്യുന്നുണ്ട്. പരുന്തു റാഞ്ചിക്കൊണ്ടുപോകുന്ന കോഴിക്കുഞ്ഞിനെപ്പോലെ, സഹായത്തിനഭ്യർഥിക്കുകയാണ്! അവൾക്കു വലിയവിഷമം തോന്നി. അവൾ പാളയും കയറും താഴെ ഇട്ടിട്ട് ഓടിച്ചെന്നു.

'ന്തിനാ വയക്കിടുന്നത്? ചുമ്മായിരി! എന്ന് അവൾ വളരെ സൗമ്യതയോടെ പറഞ്ഞുനോക്കി. കുരുവികൾ കൂട്ടാക്കുന്നില്ല. രൗദ്രതയോടെ ഒന്നു മറ്റൊന്നിനെ കൊത്തുകയാണ്. വളരെ ചെറിയ പക്ഷികളാണെങ്കിലും എന്തൊരു വലിയ മൂച്ച്!

സ്വതന്ത്രരായ പക്ഷികൾ തമ്മിൽ വഴക്കിടുന്നത് ആദ്യമായിട്ടല്ല അവൾ കാണുന്നത്. പരുന്തുകൾ, കാക്കകൾ, മൈനകൾ എന്നിവരുടെ കൊത്തു-പിടിയും വഴക്കും കണ്ടിട്ടുണ്ട്. ഭാര്യഭർതൃവഴക്കാണോ? കോഴികൾ തമ്മിൽ കൊത്തുപിടിക്കുമ്പോൾ ഏതെങ്കിലും ഒന്നിനെ ആരെങ്കിലും പിടിച്ചുമാറ്റും. അങ്ങനെ ചെയ്തില്ലെങ്കിൽ കൊത്തിക്കൊത്തി ഒന്നിനെക്കൊല്ലും. കുഞ്ഞുപാത്തുമ്മ വീണ്ടും പറഞ്ഞു:

'പറഞ്ഞാകേക്ക്കേലേ? ചുമ്മായിരി!ന്തിനാ അയിന കൊത്തണത്? ആ വഴക്കിൽ ഒരണ്ണാനും ഇടപെടുന്നുണ്ടായിരുന്നു. അത് ആ പുളിയുടെ തടിയിൽ പറ്റിയിരുന്ന് 'ദുസ് ദുസ്' എന്നു വിലക്കുന്നുണ്ടായിരുന്നു.
അണ്ണാനോടും കുഞ്ഞുപാത്തുമ്മ പറഞ്ഞു:

പറഞ്ഞാ കേക്ക്കേല!

പക്ഷികളുടെ കാര്യത്തിൽ, പക്ഷികളല്ലാത്തവർ ഇടപെടുന്നതു ശരിയല്ല എന്നൊരു പരുഷമായ ഉപദേശമെന്നോണം ഒരു മരംകൊത്തി ഒന്നു ചിലച്ചു. എന്നിട്ടൊരു തെങ്ങിന്റെ പള്ളയ്ക്ക് ഒരു ചെമ്പട്ടുണ്ട പോലെ ഇരുന്നു. 'കടു, കടു!' എന്നു കൊത്തിത്തുളച്ചു തുടങ്ങി. കുരുവികൾ പറന്നു മറ്റൊരു വൃക്ഷത്തിലിരുന്നു വഴക്കാരംഭിച്ചു. കൊത്തുകൊണ്ടത് ദയനീയമായ നിലവിളിയോടെ വീണും പറന്നും താഴത്ത് ഉണക്കിലകൾ നിറഞ്ഞ അഗാധമായ കാട്ടുതൊട്ടിൽ ചെന്നുവീണു!രണ്ടും കൈയ്യും വിടർത്തി ഭൂമിയെ അവസാനമായി അവശനായി ആലിംഗനം ചെയ്യുന്ന ഒരു മനുഷ്യജീവിയെപ്പോലെ ആ പാവപ്പെട്ട കുരുവി അതിന്റെ രണ്ടുചിറകുകളും വിരുത്തി കമിഴ്ന്നു കിടക്കുകയാണ്.

'നോയിക്കേ'കുഞ്ഞുപാത്തുമ്മ ഹൃദയം നൊന്തു പറഞ്ഞു: എന്തൊരു കാണിക്കലാണീ കാട്ടിയേ!

അവൾ തോടിന്റെ വക്കിൽ ചെന്നു. താഴേക്കിറങ്ങിച്ചെന്നു നോക്കാൻ ഒരു വഴിയുമില്ല. അതിന്റെ ജീവൻ പോയിക്കാണുമോ?അതിന്റെ വായിൽ ഒരു



7th Malayalam_Term-1.indb 13 5/23/2019 3:45:02 PM



തുള്ളി വെള്ളം ഇറ്റിച്ചുകൊടുത്താൽ അതൊരുപക്ഷേ ജീവിക്കുമായിരിക്കാം.

അവൾ തോട്ടിന്റെ വക്കിലുള്ള ഒരു പാണൽച്ചെടിയിൽപ്പിടിച്ചുകൊണ്ട് പതുക്കെ താഴേക്കിറങ്ങാൻ ഭാവിച്ചതും ചവിട്ടിയിരുന്ന കട്ടയും പിടിച്ചിരുന്ന പാണലും എല്ലാംകൂടി 'കറുകുപൊതിനോന്ന് 'മറിഞ്ഞു താഴേക്കു വീണതും ഒരുമിച്ചു കഴിഞ്ഞു

എന്റെ റബ്ബേ! എന്നും പറഞ്ഞാണ് അവൾ വീണത്. എവിടെല്ലാമോ തട്ടുകയും കീറുകയും മുട്ടുകയും ചെയ്തു. കീറിയത് ഇടത്തെ കൈയിലെ മുട്ടിനടിയിലാണ്. അവിടെനിന്നും നല്ലപോലെ ചോര വരുന്നുണ്ടായിരുന്നു. അതൊന്നും അപ്പോൾ അവൾ അറിഞ്ഞില്ല. അവൾക്കു പുകച്ചിലും ദാഹവും വിഷമവും. വീണപടി അവൾ ആ കുരുവിയെ എടുത്തു. അവൾ എണീറ്റിരുന്നു. അതിന്റെ ജീവൻ പോയിക്കഴിഞ്ഞു എന്നവൾക്കു തോന്നി. അതിനു ശകലം വെള്ളം കൊടുത്തുനോക്കിയാലോ?അപ്പോൾ കൈയിലെ കീറിയടത്ത് ചോര ഒലിക്കുന്നതു കണ്ടു.

നീ കാരണം കൈയെല്ലാം കീറിപ്പോയി എന്നുപറഞ്ഞ് ഇടതുകൈയ്യുടെ വിരലുകൾകൊണ്ട് അതിന്റെ ചുണ്ടുകൾ പതുക്കെ പിളർത്തി. വലതുകൈയ്യുടെ ചൂണ്ടുവിരലിൽ ഒരുതുള്ളി ചോര എടുത്ത് അതിന്റെ വായിൽ ഇറ്റിച്ചുകൊടുത്തു. എന്നിട്ട് അതിന്റെ ചിറകുകൾ ശരിക്കു വെച്ചു.



7th Malayalam_Term-1.indb 14 5/23/2019 3:45:03 PM

# വ്യാകരണം

## I. വർണ്ണം

ഭാഷയിലെ പിരിക്കാൻ പറ്റാത്ത ഒറ്റ ധ്വനിയാണ് വർണ്ണം

**ഉദാ:** ക്, ച്, ട്, ത്, പ്

## II. അക്ഷരം

ഒറ്റയായോ വ്യഞ്ജനത്തോടു ചേർന്നോ നിൽക്കുന്ന സ്വരമാണ് അക്ഷരം

**ഉദാ:** ത, പാ, ല, ടാ

## III. ഹ്രസ്വം /ദീർഘം

അക്ഷരങ്ങളെ ഹ്രസ്വമെന്നും ദീർഘമെന്നും രണ്ടായി തിരിക്കാം.

**ഹ്രസ്വം:** ദീർഘമില്ലാതെ ഉച്ചരിക്കുന്ന അക്ഷരങ്ങൾ

**ഉദാ:** അ, ത, പ, ക്ഷ

**ദീർഘം:** ദീർഘത്തോടെ ഉച്ചരിക്കുന്ന അക്ഷരങ്ങൾ

**ഉദാ:** ആ, താ, പാ, കാ

## IV. സംവൃതം

ഒരുൾ വലിവോടെ ഉച്ചരിക്കുന്ന ഉകാരത്തിന് സംവൃതോകാരം എന്ന് പറയുന്നു.

**ഉദാ:** നടന്ന്, ഇരുന്ന്, ചെയ്ത്

## വിവൃതം

തുറന്ന് ഉച്ചരിക്കുന്ന 'ഉ' കാരത്തിന് വിവൃതോകാരം എന്ന് പറയുന്നു.

**ഉദാ:** നടന്നു, ഇരുന്നു, ചെയ്തു.




7th Malayalam_Term-1.indb 15 5/23/2019 3:45:04 PM

# ഭാഗം 2 പ്രകൃതി, ഭക്ഷണം










## പഠനലക്ഷ്യങ്ങൾ

- പ്രകൃതി മനോഹാരിതയെ കുറിച്ച് മനസ്സിലാക്കൽ
- ഇളം കാറ്റിന്റെ അനുഭവത്തെക്കുറിച്ച് അറിയൽ



## പാഠഭാഗങ്ങൾ

| | | | |
|---|---|---|---|
| കവിത | : | ഞാനും വരട്ടെയോ | - സിസ്റ്റർ മേരീ ബനീഞ്ജ |
| ഗദ്യം | : | നാം കഴിക്കുന്ന ഭക്ഷണം | - ഡി.വിനയ ചന്ദ്രൻ |
| കഥ | : | വിക്രമാദിത്യന്റെ മഹാത്യാഗം | - സി.മാധവൻ പിള്ള |
| വ്യാകരണം | : | ശബ്ദവിഭാഗം | |



7th Malayalam_Term-1.indb 16 5/23/2019 3:45:05 PM

കവിത

# ഞാനും വരട്ടെയോ

- സിസ്റ്റർ മേരീബനീഞ്ജ



സിസ്റ്റർ മേരീബനീഞ്ജ(മേരി ജോൺ തോട്ടം): (1899–1985) കേരളത്തിലെ പ്രശസ്തയായ കവയിത്രിയായിരുന്നു സിസ്റ്റർ മേരീ ബനീഞ്ജ. മാർത്തോമാ വിജയം, ഗാന്ധിജയന്തി എന്നിങ്ങനെ രണ്ട് മഹാകാവ്യങ്ങളും ലോകമേയാത്ര, തോട്ടം കവിതകൾ തുടങ്ങിയ കൃതികളും രചിച്ചിട്ടുണ്ട്. അധ്യാപികയായി സേവനമനുഷ്ഠിച്ച കവയിത്രിയാണ് അവർ. സാഹിത്യസംഭാവനകൾക്കായി 'ബെനേമെരേന്തി' പുരസ്കാരം മാർപ്പാപ്പയിൽ നിന്നും അവർ സ്വീകരിച്ചിട്ടുണ്ട്. ഇളം കാറ്റിനെ സ്വാഗതം ചെയ്യുന്ന കുട്ടിയുടെ സന്തോഷം നിറഞ്ഞ ചിന്തകളാണ് പാഠത്തിന്റെ ആശയം

**സ്വാഗതം കുഞ്ഞിക്കാറ്റേ, പൊന്നിളങ്കാറ്റേ, നിന്റെ-**
**യാഗമം പ്രതീക്ഷിച്ചുതന്നെ ഞാനിരിക്കുന്നു.**
**വന്നിടാമകത്തേക്കു സംശയം വേണ്ടാ, നല്ല-**
**സന്ദേശമെന്തൊക്കെയോ കൊണ്ടുവന്നിട്ടുണ്ടാവാം.**
**ചന്ദനക്കുന്നിൽ നിന്നോ വന്നിടുന്നതു? സുധാ-**
**സ്യന്ദിയാണല്ലോ ഭവാൻ ചിന്തുന്ന പരിമളം.**
**അല്ലെങ്കിലാരാമങ്ങൾ പലതും വാസന്തശ്രീ-**
**യുല്ലസിച്ചീടുന്നവ തടവിപ്പോന്നിട്ടുണ്ടാം.**
**നല്ലവരോടും വേണ്ടും സമ്പർക്കം പുലർത്തുന്ന**
**നല്ലവൻ ഭവാനെന്നു ഞാനറിഞ്ഞിരിക്കുന്നു.**
**കണ്ടില്ലേ മധ്യേമാർഗം നല്ല പദ്മാകാരങ്ങൾ,**



7th Malayalam_Term-1.indb 17 5/23/2019 3:45:05 PM



വേണ്ടുമ്പോൾ വികസിച്ചു നിൽക്കുന്നോ പൂക്കളെല്ലാം?
സുന്ദര നളിനങ്ങൾ കുണുങ്ങിച്ചാഞ്ചാടുന്ന-
തെങ്ങനെയെന്നു ഭവാനൊന്നു വർണ്ണിച്ചീടാമോ?
സഹ്യന്റെ സാനുക്കളിൽ പ്രകൃതീശ്വരിയേറ്റം.
ലോഹ്യമായ് നിലകൊള്ളും രംഗമെപ്പൊഴും കാണ്മാൻ
എത്ര ഞാനാശിക്കുന്നു! കുഞ്ഞിളങ്കാറ്റേ,നിന്നോ-
ടൊത്തു ഞാൻ വരട്ടെയോ? കൊണ്ടുപോകുമോയെന്നെ?





7th Malayalam_Term-1.indb 18 5/23/2019 3:45:05 PM

## അഭ്യാസം

### I. പദപരിചയം

ആഗമം

പരിമളം

സുധാസ്യന്ദി

വാസന്തശ്രീ

പദ്മാകാരങ്ങൾ

പ്രകൃതീശ്വരി

### II. പര്യായം

കാറ്റ്,

പത്മം

### III. പിരിച്ചെഴുതുക

കുഞ്ഞിക്കാറ്റ്,

അല്ലെങ്കിലാരാമങ്ങൾ,

കുണുങ്ങിച്ചാഞ്ചാടുന്ന

### IV. ചേർത്തെഴുതുക

ഞാൻ + അറിഞ്ഞ്

രംഗം + എപ്പൊഴും

### V. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. കവയിത്രി സ്വാഗതം ആശംസിക്കുന്നത് ആർക്കാണ്?

   അ. പുഴയ്ക്ക്

   ആ. കാറ്റിന്

   ഇ. പൂവിന്

   ഈ. പക്ഷിക്ക്



7th Malayalam_Term-1.indb 19 5/23/2019 3:45:05 PM

2. കുഞ്ഞിക്കാറ്റ് ചിന്തുന്ന പരിമളം എങ്ങനെയുള്ളതാണ്?

അ. സുധാസ്യന്ദി

ആ. വാസന്തശ്രീ

ഇ. തൂമരന്ദം

ഈ. പൂമണം

3. വേണ്ടുമ്പോൽ വികസിച്ചു നിൽക്കുന്നത് എന്ത് ?

അ. പദ്മാകാരങ്ങൾ

ആ.സഹ്യന്റെ സാനു

ഇ. ചന്ദനക്കുന്ന്

ഈ. പ്രകൃതീശ്വരി

## VI. ഉത്തരമെഴുതുക

1. ആരുടെ ആഗമനം പ്രതീക്ഷിച്ചാണ് കവിയത്രി ഇരിക്കുന്നത്?
2. കുഞ്ഞിക്കാറ്റ് എവിടെ നിന്നാണ് വരുന്നത്?
3. 'കുഞ്ഞിളങ്കാറ്റേ നിന്നോടൊത്തു ഞാൻ വരട്ടെയോ? കൊണ്ടുപോകുമോ എന്നെ'? എങ്ങോട്ടു കൊണ്ടുപോകണമെന്നാണ് കവയിത്രി ആശിക്കുന്നത്?

## VII. ഖണ്ഡികയിൽ ഉത്തരമെഴുതുക

1. കുഞ്ഞിക്കാറ്റിനെ കവിയത്രി എങ്ങനെയെല്ലാമാണ് സ്വാഗതം ചെയ്യുന്നത്?

## VIII. പഠനാനുബന്ധ പ്രവർത്തങ്ങൾ

*അമ്പിളിമാമനേയും,പൂക്കളെയും കുറിച്ച് കുഞ്ഞിക്കവിതകൾ രചിക്കുക

*കാറ്റിനെക്കുറിച്ചുള്ള സിനിമാഗാനങ്ങൾ കണ്ടെത്തി പാടുക

ഗദ്യം

# നാം കഴിക്കുന്ന ഭക്ഷണം

\- ഡി.വിനയചന്ദ്രൻ



ഡി. വിനയചന്ദ്രൻ (1946-2013) കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലടയിൽ ജനിച്ചു. മലയാളത്തിലെ പ്രശസ്തരായ ആധുനിക കവികളിലൊരാളായിരുന്നു, ഡി വിനയചന്ദ്രൻ. ചൊൽകവിതകൾക്കു മലയാളത്തിൽ ജീവൻ നൽകിയ കവി കൂടിയായിരുന്നു ഇദ്ദേഹം. വിവിധ സർക്കാർ കലാലയങ്ങളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി പുരസ്കാരം, ആശാൻ കവിതാപുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. ഡി. വിനയചന്ദ്രന്റെ കവിതകൾ, വീട്ടിലേക്കുള്ള വഴി എന്നിവ അദ്ദേഹത്തിന്റെ ചില കൃതികളാണ്.

നാം കഴിക്കേണ്ട നല്ല ഭക്ഷണങ്ങളും, രീതിയും, അവയുടെ ഗുണങ്ങളും പ്രതിപാദിക്കുന്നതാണ് പാഠഭാഗം.

ഇടത്തരക്കാരായ കേരളീയരുടെ ദുരഭിമാനം കൊണ്ടും തിടുക്കം കൊണ്ടും ഹോട്ടൽ ഭക്ഷണത്തിലും ഫാസ്റ്റ് ഫുഡിലും അന്യദേശരുചികളിലും താൽപര്യം കൂടിക്കൂടി വരുന്നു. കൃത്രിമമായ മസാലകൾ ചേർന്ന ഭക്ഷണവും കൃത്രിമ വളവും കീടനാശിനിയും ഉപയോഗിച്ച് വളർത്തുന്ന ഭക്ഷണവസ്തുക്കളും, കോളപോലെയുള്ള പാനീയങ്ങളും തലച്ചോറിനും ശരീരത്തിനും ദോഷം ചെയ്യുന്നു. അവരവരുടെ സാഹചര്യം അനുസരിച്ച് അവ ഒഴിവാക്കുന്ന ഒരു ശീലം വളരണം. പണം കൂടുതൽ ചെലവാകുന്നു. കൊള്ളരുതാത്ത വസ്തുക്കൾ ഉള്ളിൽ ചെന്ന് രോഗം വളരുന്നു. ആശുപത്രികളെ അഭയം പ്രാപിക്കേണ്ടി വരുന്നു.

അതാതു ദേശ-കാലങ്ങൾക്കു ചേർന്ന ഭക്ഷണമാണ് നല്ലത്. നമ്മൾ അന്യനാട്ടിലുണ്ടായ ആപ്പിൾ കഴിക്കുന്നതിനേക്കാൾ ഈ മണ്ണിലുണ്ടായ മാമ്പഴമോ, വാഴപ്പഴമോ, കരിക്കോ, പേരയ്ക്ക പോലുള്ള ഫലങ്ങളോ കഴിക്കുന്നതാണ് നല്ലത്. കൃത്രിമവളവും, കീടനാശിനിയും, കേടാകാതിരിക്കാൻ ഉപയോഗിക്കുന്ന രാസവസ്തുക്കളും നിറഞ്ഞ പച്ചക്കറികളും മീനുമാണ് അന്യനാട്ടിൽ നിന്ന് വരുന്നത്. പറമ്പും പരിസരവും ഉള്ളവർ വീട്ടിലെ മുരിങ്ങയുടെ വിഭവങ്ങളും കാന്താരിമുളകും പപ്പായയും വാഴപ്പിണ്ടിയും കൂമ്പും ചീരയും താളുമൊക്കെ



7th Malayalam_Term-1.indb 21 5/23/2019 3:45:06 PM



കഴിക്കുന്നതാണ് നല്ലത്. ഇടമുള്ളവർ, മീൻ കഴിക്കുന്നവർ ചെറിയരീതിയിൽ മീൻവളർത്തലും നടത്തണം. വെളിച്ചെണ്ണ പച്ചക്കറി എന്നിവയ്ക്ക് പ്രാദേശിക സ്വയം പര്യാപ്തത ഉണ്ടാക്കാൻ മുതിർന്നവരെ പ്രേരിപ്പിക്കണം. കോള-പെപ്സികളേക്കാൾ, പച്ചമോരും കരിക്കിൻ വെള്ളവുമാണ് നല്ലതെന്ന തിരിച്ചറിവുണ്ടാകണം. നിറങ്ങൾ ചേർന്നതും മറ്റുവസ്തുക്കൾ കലർത്തിയതുമായ പാനീയങ്ങളേക്കാൾ ശുദ്ധമായ പച്ചവെള്ളമാണ് നല്ലത്. അതിന്റെ ലഭ്യത ഉറപ്പാക്കണം. എണ്ണപ്പലഹാരത്തേക്കാൾ അവൽ, അട, കൊഴുക്കട്ട, പഴം പുഴുങ്ങിയത് തുടങ്ങിയവ പ്രചരിപ്പിക്കണം.

അമൃതമയമായ പച്ചക്കറികളും ഫലങ്ങളും ഔഷധസസ്യങ്ങളും സുഗന്ധദ്രവ്യങ്ങളും ഉള്ള നാടാണ് കേരളം. സമ്പന്നമായ പാചക പാരമ്പര്യവും നമുക്കുണ്ട്. അവനവന്റെ പാചകപാരമ്പര്യത്തിലും ഭക്ഷണ രീതികളിലും അഭിമാനം തോന്നണം. വീട്ടിൽനിന്നുള്ള സ്വയം പര്യാപ്തതയാണ് ഏറ്റവും വലിയസമ്പത്ത് എന്ന്മനസ്സിലാക്കണം. ചില ശീലദോഷങ്ങൾ ഒഴിവാക്കണം. കപ്പ പട്ടിണിക്കു പരിഹാരമാണ്. ചക്ക നല്ലതാണ്. ലോകത്തിലെ ഏറ്റവും പ്രതിരോധശേഷിയുള്ള വൃക്ഷം പ്ലാവാണ്. ഗ്യാസ് ഇല്ലാത്ത കിഴങ്ങുവർഗ്ഗമാണ് ചേന. അക്കേഷ്യയും മാഞ്ചിയവും നമ്മുടെ കാലാവസ്ഥയ്ക്ക് ചേർന്നതല്ല. പ്ലാവും മാവും നിത്യഹരിതങ്ങളായ ഫലവൃ



7th Malayalam_Term-1.indb 22 5/23/2019 3:45:16 PM



ക്ഷങ്ങൾ ആണ്. പുളി അന്തരീക്ഷത്തിലെ പൊടി പിടിച്ചെടുക്കും. അരയാലിന്റെയും, തുളസിയുടെയും, വേപ്പിന്റേയും ചുറ്റും ശുദ്ധവായുവിന്റെ സാന്നിധ്യം കൂടുതലുണ്ടാകും. തഴുതാമയുടെയും ചെറൂളയുടെയും വേരുകൾക്ക് അത്ഭുത ശക്തിയുണ്ട്. ഇങ്ങനെയുള്ള സൂചനകൾ മാത്രമേ ഇവിടെ നൽകുന്നുള്ളൂ. വീട്ടിലെ നിധികൾ ഉപേക്ഷിച്ച് വെളിയിൽ നിന്നുള്ള ദുർവിധികൾ ഉപയോഗിക്കരുത്. അന്നം ശരിയായാലേ ആനന്ദം ഉണ്ടാകൂ. അനാവശ്യമായി മരുന്നുകൾ കഴിക്കരുത്. ഭക്ഷണം കഴിക്കുന്നത് ശാന്തമായിട്ടായിരിക്കണം. സ്വാഭാവികായ ഹോർമോണുകളെ കൃത്രിമഭക്ഷണം നശിപ്പിക്കും. രോഗപ്രതിരോധശക്തി കുറയ്ക്കും. ആലസ്യം വർദ്ധിപ്പിക്കും. കുട്ടിക്കാലത്തേ, ചെറിയ രീതിയിൽ പാചകം ചെയ്യാൻ പഠിക്കുന്നതും നല്ലതാണ്. ചെറുനെല്ലിക്ക, തേൻ, നാരങ്ങ തുടങ്ങിയവയിൽ ഇഷ്ടം തോന്നുന്നത് നല്ലതാണ്. പണ്ടില്ലാത്ത രീതിയിൽ കുട്ടികളുടെ പല്ല് കേടാകുന്നതും കുട്ടികൾക്ക് കണ്ണട വയ്ക്കേണ്ടിവരുന്നതും ഹെർണിയയ്ക്ക് ഓപ്പറേഷൻ നടക്കുന്നതിനുമൊക്കെ ഭക്ഷണവൈകല്യവും കാരണമാണ്. അന്നം ബ്രഹ്മമെന്നും ശരീരമാദ്യം ഖലുധർമസാധനം എന്നുമുള്ള പൂർവധാരണകൾ ശരിയാണ്.



7th Malayalam_Term-1.indb 23 5/23/2019 3:45:32 PM

# അഭ്യാസം

## I. പദപരിചയം

ദുരഭിമാനം

അന്യദേശം

ഔഷധസസ്യം

അന്നം

ആനന്ദം

ആലസ്യം

പൂർവ്വധാരണ

## II. വിപരീതപദം

കൃത്രിമം,

ശുദ്ധം,

സമ്പന്നം

## III. വാക്യത്തിൽ പ്രയോഗിക്കുക

താത്പര്യം,

ഇഷ്ടം

## IV. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. കേരളീയരുടെ ദുരഭിമാനം കൊണ്ടും തിടുക്കം കൊണ്ടും ഏതു രുചികളിലാണ് താൽപര്യം കൂടി വരുന്നത്?

   അ. സ്വദേശരുചി

   ആ. അന്യദേശരുചി

   ഇ. കൃത്രിമ രുചി

   ഈ. നാടൻ രുചി

2. നിറങ്ങൾ ചേർന്നതും മറ്റു വസ്തുക്കൾ കലർത്തിയതുമായ പാനീയങ്ങളെക്കാൾ ശുദ്ധമായത് ഏതാണ്?

   അ. ചൂടുവെള്ളം

   ആ. പച്ചവെള്ളം

   ഇ. പെപ്സി

   ഈ. കോള



7th Malayalam_Term-1.indb 24 5/23/2019 3:45:32 PM

3. അവനവന്റെ പാചക പാരമ്പര്യത്തിലും ഭക്ഷണ രീതികളിലും എന്ത് തോന്നണം?

അ. അഭിമാനം

ആ. ദുരഭിമാനം

ഇ. ഇഷ്ടം

ഈ. അഹങ്കാരം

## V. ഉത്തരമെഴുതുക

1. ശരീരത്തിന് ദോഷം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങൾ ഏതെല്ലാമാണ് ?
2. നാം എങ്ങനെയുള്ള ഫലവർഗ്ഗങ്ങളാണ് കഴിക്കേണ്ടത്?

## VI. ഖണ്ഡികയിൽ ഉത്തരമെഴുതുക

1. നാം എങ്ങനെയുള്ള ഭക്ഷണപദാർത്ഥങ്ങളാണ് കഴിക്കേണ്ടത്?
2. കൃത്രിമ ഭക്ഷണം കഴിക്കുന്നതു കൊണ്ടുണ്ടാകുന്ന വൈകല്യങ്ങൾ എന്തെല്ലാം?

## VII. അനുബന്ധ പ്രവർത്തനങ്ങൾ

1. ഏതെങ്കിലും രണ്ട് നാടൻ പാചകത്തിന്റെ രുചിക്കൂട്ടുകൾ കണ്ടെത്തി പാചക കുറിപ്പ് തയ്യാറാക്കുക.
2. നാടൻ പഴവർഗ്ഗങ്ങളുടെയും പച്ചക്കറികളുടെയും പട്ടിക തയ്യാറാക്കുക




7th Malayalam_Term-1.indb 25 5/23/2019 3:45:32 PM

ഐതീഹ്യ കഥ

# വിക്രമാദിത്യന്റെ മഹാത്യാഗം

- സി.മാധവൻ പിള്ള



സി. മാധവൻപിള്ള(1905-1980) വിദ്യാഭ്യാസ കാലത്തുതന്നെ സാഹിത്യരചന ആരംഭിച്ചു. നോവൽ, നാടകം, ചെറുകഥ, ഫലിത പ്രബന്ധങ്ങൾ, നിഘണ്ടുക്കൾ എന്നിങ്ങനെ സാഹിത്യത്തിന്റെ വിവിധ ശാഖകളിലായി അൻപതിൽപ്പരം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. മലയാളിയുടെ സഹപത്രാധിപരായും പ്രവർത്തിച്ചു. നീതിനിഷ്ഠനായ വിക്രമാദിത്യന്റെ കഥകൾ എന്ന കൃതിയിലെ ഒരു കഥയാണ് വിക്രമാദിത്യന്റെ മഹാത്യാഗംത്തെയും ധർമ്മത്തെയും വിവരികുന്ന ഈ കഥ.

ഉജ്ജയിനിയിൽ സോമസ്വാമി എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. പേര് അന്വർത്ഥമാക്കുന്ന ഗുണവതി എന്നൊരു യുവതിയായിരുന്നു അദ്ദേഹത്തിന്റെ പത്നി. പക്ഷേ അവർക്ക് സന്താനസൗഭാഗ്യം ഉണ്ടായില്ല. ഇതിൽ കുണ്ഠിതപ്പെട്ടത് ഗുണവതിയാണ്. ഒരു ദിവസം അവൾ ഭർത്താവിനോടു ചോദിച്ചു: അങ്ങ് വിജ്ഞാനത്തിന്റെ മറുകര കണ്ട ആളാണ്. ജ്യോതിശാസ്ത്രത്തിൽ മഹാവിജ്ഞൻ. എന്തുകൊണ്ടാണ് ഇത്രകാലമായിട്ടും നമുക്കു സന്താനസൗഭാഗ്യം കൈവരാത്തത്?

ബ്രാഹ്മണൻ പ്രതിവചിച്ചു: പ്രിയേ! ഭക്തനും സന്മാർഗ്ഗനിരതനുമായ ഒരുവന് സന്താനസൗഭാഗ്യം ലഭിക്കാതെ വരില്ല.


സ്വവല്ലഭന്റെ ഉപദേശരൂപത്തിലുള്ള വാക്കുകൾ കേട്ട് ബ്രാഹ്മണി പൂർവ്വാധികം ഭക്തിനിരതയായിത്തീർന്നു.

അചിരേണ അവർക്ക് ഒരു പുത്രൻ ജനിച്ചു. അവർ തങ്ങളുടെ അരുമകുമാരനെ സകല ശാസ്ത്രങ്ങളും അഭ്യസിപ്പിച്ചു. കുമാരൻ പ്രായപൂർത്തിയിലെത്തിയപ്പോൾ അവൻ തപസ്സിനായി കാനനത്തിലേക്കു പോയി.

ഒരു ദിവസം വിക്രമാദിത്യ മഹാരാജാവ് നായാട്ടിനായി കാട്ടിലേക്ക് പോയിരുന്നു. ഘോരകാന്താരമദ്ധ്യത്തിൽപെട്ട് അദ്ദേഹത്തിനു വഴിതെറ്റി. അദ്ദേഹത്തിന്റെ അനുചരന്മാരും അലഞ്ഞുതിരിഞ്ഞു. പൈദാഹശാന്തിക്കുപായം



7th Malayalam_Term-1.indb 26 5/23/2019 3:45:33 PM



കാണാതെ അവർ വളരെ ക്ലേശിച്ചു. ഈ സമയത്ത് ദൈവാനുഗ്രഹംകൊണ്ടെന്ന പോലെ ബ്രാഹ്മണയുവാവിന്റെ പർണ്ണശാല വിക്രമാദിത്യന്റെ കണ്ണുകളിൽ പെട്ടു. അദ്ദേഹം വേഗം ആശ്രമത്തിൽ എത്തിച്ചേർന്നു.

ബ്രാഹ്മണൻ ആഗതരെ യഥോചിതം ഉദാരമായി സല്ക്കരിച്ച് അവരുടെ പൈദാഹങ്ങൾക്ക് ഉപശമനം വരുത്തി. പ്രത്യുപകാരമെന്നോണം വിക്രമാദിത്യൻ ബ്രാഹ്മണയുവാവിനെ ഉജ്ജയിനിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. അദ്ദേഹത്തിന് അമൂല്യമായ പാരിതോഷികങ്ങൾ നൽകി യഥോചിതം സല്ക്കരിക്കുകയും ചെയ്തു.

ഒരു ദിവസം രാജാവിന്റെ ഇളയമകനെ എങ്ങനെയോ കാണാതായി. ചക്രവർത്തി കാട്ടിൽ നിന്നു കൂട്ടിക്കൊണ്ടുവന്ന ബ്രാഹ്മണയുവാവ് രാജകുമാരനെ അപഹരിച്ചു കൊണ്ടുപോകുന്നത് ഞങ്ങൾ നേരിട്ടുകണ്ടതായി ചിലർ മൊഴികൊടുത്തു. ഈ വാർത്ത രാജാവിനെ വ്യസനാക്രാന്തനും വിസ്മയപരതന്ത്രനുമാക്കിത്തീർത്തു. അദ്ദേഹം വിദഗ്ദ്ധരായ കൊട്ടാരം കാവല്ക്കാരെ ബ്രാഹ്മണന്റെ സ്ഥിതിഗതികൾ രഹസ്യമായി അന്വേഷിച്ചുവരാൻ നിയോഗിച്ചയച്ചു. കാവൽക്കാർ നൽകിയ വിവരങ്ങൾ കൂടുതൽ സംഭ്രമജനകമായിരുന്നു: 'കുമാരന്റെ ശരീരത്തിലണിഞ്ഞിരുന്ന രത്നഹാരങ്ങൾ അപഹരിക്കുവാൻ വേണ്ടി കുമാരനെ വധിച്ചു' എന്നായിരുന്നു അവർ നൽകിയ വിവരം

രാജാവിന്റെ സങ്കടം പറയാവതല്ല. ശിശുമോഷ്ടാവിനെ തന്റെമുമ്പിൽ വരിഞ്ഞുകെട്ടി ഹാജരാക്കിയപ്പോൾ രാജാവിന്റെ ചിന്താഗതി ഇപ്രകാരമായിരുന്നു: 'സാധുബ്രാഹ്മണൻ! അദ്ദേഹം എന്നോട് ആവശ്യപ്പെട്ടിരുന്നെങ്കിൽ ഇത്തരത്തിലുള്ള എത്ര രത്നാഭരണങ്ങൾ വേണമെങ്കിലും നൽകുമായിരുന്നു. സാധാരണരീതിയിൽ ഞാനയാളെ തേജോവധം ചെയ്ത് ശിരച്ഛേദം ചെയ്യാൻ കല്പന കൊടുക്കേണ്ടതാണ്. പക്ഷേ, എനിക്ക് അയാൾ ഒരിക്കൽ ഭക്ഷണം നല്കിയിട്ടുണ്ട്. ഞാൻ അയാളെ വധിക്കുന്നപക്ഷം അത് ധർമ്മശാസ്ത്ര വിരുദ്ധമായിരിക്കും.'

ബ്രാഹ്മണയുവാവ് തിരിഞ്ഞുനിന്നു പറഞ്ഞു: 'അല്ലയോ രാജാധിരാജൻ! ഞാൻ അങ്ങയുടെ പുത്രനെ വധിച്ചിട്ടില്ല. അങ്ങ് എത്രമാത്രം ധർമ്മശാസ്ത്ര നിരതനാണെന്ന് അറിയുന്നതിനുവേണ്ടി ഇപ്രകാരമൊരു നാടകമാടിയതാണ്.



7th Malayalam_Term-1.indb 27 5/23/2019 3:45:33 PM



അങ്ങയുടെ പുത്രൻ എന്റെ പർണ്ണശാലയിൽ സുഖമായിരിക്കുന്നു. ഞാൻ ഉടൻതന്നെ കുമാരനെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരുന്നുണ്ട്. മൂന്നു ലോകത്തിലും തുല്ല്യതയില്ലാത്ത ഒരു രാജാവിനെ ഞാനിന്നു കണ്ടെത്തി.'

'ഇതാണ് സാക്ഷാൽ വിക്രമാദിത്യൻ'.





7th Malayalam_Term-1.indb 28 5/23/2019 3:45:33 PM

## വ്യാകരണം

### I. ശബ്ദവിഭാഗം

ഭാഷയിലെ ശബ്ദങ്ങളെ വാചകം, ദ്യോതകം എന്നിങ്ങനെ രണ്ടായി തരംതിരിക്കാം

**വാചകം** – കേൾക്കുന്ന മാത്രയിൽ തന്നെ അർത്ഥബോധമുണ്ടാകുന്ന ശബ്ദമാണ് വാചകം

**ഉദാ:** അമ്മ, പേന, പൂവ്, ചെടി

**ദ്യോതകം** – പദങ്ങൾക്കോ വാക്യങ്ങൾക്കോ തമ്മിലുള്ള ബന്ധത്തെ പ്രകാശിപ്പിക്കുന്ന ശബ്ദമാണ് ദ്യോതകം

**ഉദാ:** നിന്ന്, കൊണ്ട്, പറ്റി, കുറിച്ച്



7th Malayalam_Term-1.indb 29 5/23/2019 3:45:33 PM

# ഭാഗം 3

# ജീവിതസമർപ്പണം



## പഠനലക്ഷ്യങ്ങൾ

- അർപ്പണമനോഭാവത്തോടെ കർമം ചെയ്യൽ
- ജീവിതരീതികളിൽ ശ്രദ്ധപുലർത്തൽ
- ത്യാഗത്തിന്റെ നേട്ടം മനസ്സിലാക്കൽ

## പാഠഭാഗങ്ങൾ

| | | | |
|---|---|---|---|
| കവിത | : | കരകൗശലം | - വിഷ്ണുനാരായണൻ നമ്പൂതിരി |
| ഗദ്യം | : | പലതുള്ളി പെരുവെള്ളം | - രാധാകൃഷ്ണൻ അടുത്തില |
| കഥ | : | കാലശേഷം | - ബാബുഭരദ്വാജ് |
| വ്യാകരണം | : | നാമ വിഭാഗം. | |



7th Malayalam_Term-1.indb 30 5/23/2019 3:45:34 PM

# കവിത

## കരകൗശലം

വിഷ്ണുനാരായണൻ നമ്പൂതിരി



കവിപരിചയം-വിഷ്ണുനാരായണൻ നമ്പൂതിരി (1939) കോട്ടയം ജില്ലയിലെ തിരുവല്ലയിൽ ജനിച്ചു. ഭാഷയിൽ കാവ്യസംഗീതത്തിന്റെ സൂക്ഷ്മതാളങ്ങൾഅലിയിപ്പിച്ച കവിതകളാണ് അദ്ദേഹത്തിന്റേത്. തുളസീദളങ്ങൾ, രസക്കുടുക്ക, ഭൂമിഗീതങ്ങൾ, എന്നിവയാണ് പ്രധാനപ്പെട്ട കൃതികൾ. കേരളസാഹിത്യഅക്കാദമി അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

'എന്റെ കവിത' എന്ന കവിതാസമാഹാരത്തിൽ നിന്നെടുത്തതാണ് 'കരകൗശലം' എന്ന കവിത. ഒരു ശിൽപി തന്റെ കരകൗശലംകൊണ്ട് മനോഹരമായ ശ്രീകൃഷ്ണവിഗ്രഹം പെട്ടെന്ന് ചെത്തിയെടുക്കുന്നതിന്റെ രഹസ്യം വർണ്ണിക്കുന്നതാണ് കാവ്യഭാഗം

**ഇത്തിരി മരം കയ്യിൽ**

**കിട്ടിയാൽ, വെള്ളിപ്പിടി-**

**ക്കൊച്ചുകത്തിയാൽ ചെത്തി-**

**ത്തുടങ്ങും തിരുമേനി.**

**സുഖമായ് വെടിപൊട്ടി-**

**ച്ചിരിക്കാം, മുറുക്കീടാം;**



7th Malayalam_Term-1.indb 31 5/23/2019 3:45:34 PM

മധുരപ്പാൽച്ചായയും

ഉണ്ണിയപ്പവുമാവാം.

നാം വിടവാങ്ങുംമുമ്പേ

പണി തീർത്തു കാട്ടുന്നൂ

മാൺപെഴുമൊരു കൃഷ്ണ-

വിഗ്രഹം, തിരുമേനി.





7th Malayalam_Term-1.indb 32 5/23/2019 3:45:35 PM

അത്ഭുതാദരങ്ങളോ-
ടഭിനന്ദിക്കുന്നൂ നാം,
അപ്പുമാന്നെഴും കലാ-
കൗശലമനന്യാദൃശ്യം.
ഒരു നാൾ മുതിർന്നു ഞാൻ
ചോദിച്ചേനദ്ദേഹത്തോ-
ടുരുകൗതുകം,എമ്മ
ട്ടിതു സാധിപ്പൂ താങ്കൾ?'
ചെറുപുഞ്ചിരിയോടെ
മുറുക്കിത്തുപ്പി, ക്കുമ്പ
തടവി, പ്പിന്നെപ്പൂണു-
നൂൽ തുടച്ചേവം ചൊന്നാൻ:-
'ഇത്ര പാടെന്താണിതിൽ?
ഈ മരക്കഷണത്തിൽ
കൃഷ്ണനെയൊഴിച്ചൊക്കെ
ചെത്തിനീക്കയേ വേണ്ടൂ!'



7th Malayalam_Term-1.indb 33 5/23/2019 3:45:35 PM

## അഭ്യാസം

### I. പദപരിചയം

മാൺപ്

അത്ഭുതം

അദൃശം

കൗശലം

### II. പര്യായപദംഎഴുതുക

മരം

കൈ

### III. പിരിച്ചെഴുതുക

മാൺപെഴും

മരക്കഷ്ണം

### IV. ചേർത്തെഴുതുക

വെള്ളി + പിടി

മാൺപെഴും + ഒരു

### V. ശരിയായ ഉത്തരമെഴുതുക

1. 'കരകൗശലം എഴുതിയ കവിയാര്?

അ. കുമാരനാശാൻ

ആ. വിഷ്ണു നാരായണൻ നമ്പൂതിരി

ഇ. വിജയലക്ഷ്മി

ഈ. വള്ളത്തോൾ



7th Malayalam_Term-1.indb 34 5/23/2019 3:45:35 PM

2. മരത്തെ എന്തുകൊണ്ടാണ്  ചെത്തിമിനുക്കുന്നത്

അ. മഴു

ആ. കൊച്ചുകത്തി

ഇ. വെട്ടുകത്തി

ഈ. അരിവാൾ

3. തിരുമേനി എന്തുവിഗ്രഹമാണ് പണിതീർത്തത്?

അ. കൃഷ്ണവിഗ്രഹം

ആ. ദേവിവിഗ്രഹം

ഇ. ശിവവിഗ്രഹം

ഈ. നാരീവിഗ്രഹം

## VI. ഉത്തരമെഴുതുക

1. പെട്ടെന്ന് കൃഷ്ണവിഗ്രഹം ഉണ്ടാക്കുന്നതിന്റെ രഹസ്യം എന്താണെന്നാണ് തിരുമേനി പറയുന്നത്?
2. തിരുമേനിയുടെ രൂപം കവി വർണ്ണിക്കുന്നത് എങ്ങനെ?

## VII. അനുബന്ധപ്രവർത്തനം

കളിമണ്ണോ കടലാസോ ഉപയോഗിച്ച് പക്ഷികളുടെയോ മൃഗങ്ങളുടെയോ രൂപങ്ങൾ ഉണ്ടാക്കുക.



7th Malayalam_Term-1.indb 35 5/23/2019 3:45:35 PM

# ഗദ്യം

## പലതുള്ളി പെരുവെള്ളം

രാധാകൃഷ്ണൻ അടുത്തില



**രാധാകൃഷ്ണൻ അടുത്തില** കണ്ണൂർ ജില്ലയിലെ അടുത്തിലയിൽ ജനിച്ചു. അധ്യാപകനായി ജോലിചെയ്യുന്നു. ബാലസാഹിത്യകാരൻ എന്ന നിലയിൽ പ്രശസ്തനാണ്. 'ഊരു വിലക്ക്' 'പുലിമട' 'വൈകിവന്ന വെളിച്ചം' മീരാഭായ് (ജീവചരിത്രം) എന്നിവയാണ് പ്രധാനകൃതികൾ. 'മൂന്നു പാവ നാടകങ്ങൾ' എന്ന പുസ്തകത്തിൽ നിന്നെടുത്തതാണ് പലതുള്ളിപെരുവെള്ളം' എന്ന ലഘു നാടകം.

വെള്ളത്തിന്റെ പ്രാധാന്യത്തെപ്പറ്റിയാണ് പാഠത്തിൽ വിവരിക്കുന്നത്.

**കഥാപാത്രങ്ങൾ**

മുത്തശ്ശി

കുട്ടി

**വീടിന്റെ പശ്ചാത്തലം**

മുത്തശ്ശി ഈണത്തിൽ നാമം ചൊല്ലിക്കൊണ്ടുവരുന്നു.



**മുത്തശ്ശി:** കണ്ടുകണ്ടങ്ങിരിക്കും ജനത്തിനെ
കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ
രണ്ടുനാലുദിനം കൊണ്ടൊരുത്തനെ
തണ്ടിലേറ്റിനടത്തുന്നതും ഭവാൻ
മാളിക മുകളേറിയ മന്നന്റെ തോളിൽ
മാറാപ്പു കേറ്റുന്നതും ഭവാൻ....

(വിളിക്കുന്നു) കുട്ടാ....കുട്ടാ....

**കുട്ടൻ:** (പ്രവേശിച്ച്) എന്താ മുത്തശ്ശീ...

**മുത്തശ്ശി:** എവിടെനിന്നോ ഒരു ശബ്ദം കേൾക്കുന്നുണ്ടല്ലോ....പൈപ്പിൽനിന്നു വെള്ളം തുറന്നു വിട്ടിട്ടുണ്ടോ നീയ്....

**കുട്ടൻ:** (ശ്രദ്ധിച്ച്) അതു ടാങ്കിൽ നിന്നാ. മോട്ടോർ ഓൺ ചെയ്തു വച്ച് അച്ഛൻ പത്രം വായിക്കുകയായിരിക്കും.



7th Malayalam_Term-1.indb 36 5/23/2019 3:45:35 PM



**മുത്തശ്ശി:** പത്രം വായിച്ചോട്ടെ, പക്ഷേ, വെള്ളം വെറുതേ കളയാൻ മാത്രം ഇത്ര അശ്രദ്ധ പാടുണ്ടോ?നീ ചെന്ന് ആ സിച്ചൊന്ന് അമർത്ത് മോനേ......

**കുട്ടൻ:** (ചിരിച്ച്) സിച്ചല്ല, മുത്തശ്ശീ....സ്വിച്ച്,മോട്ടറിന്റെ സ്വിച്ച് ഓഫാക്കെന്നു പറ....

**മുത്തശ്ശി:** ഓ......മുത്തശ്ശിക്കത്രയേ അറിയൂ.നീ പോ.....

**കുട്ടൻ:** ശരി മുത്തശ്ശീ......(പോകുന്നു)

**മുത്തശ്ശി:** ശിവ ശിവ....എന്താ കഥ! വെള്ളത്തിന്റെ വിലയൊന്നും ഇപ്പോഴത്തെ കുട്ട്യോൾക്കറിയില്ല. മുഖം കഴുകാൻ ഒരു കുടം വെള്ളം. കുളിക്കാൻ പത്തുകുടം. ഡ്ഡേപ്പ് തുറന്നാൽ അടയ്ക്കില്ല. വെള്ളം ശരേന്നു പൊയ്ക്കൊണ്ടിരിക്കും.

(നിരാശ) ങ്ഹാ.....ആർക്കാ ചേതം? കലികാലം.അല്ലാതെന്തുപറയാൻ?

**കുട്ടൻ:** (കടന്നുവന്ന്) ഇത്തിരിവെള്ളം പോയെന്നുവെച്ച് എന്താ മുത്തശ്ശീ?നമ്മുടെ കിണറിൽ ഇഷ്ടം പോലെ വെള്ളമില്ലേ?

**മുത്തശ്ശി:** കിണറിൽ എവിടെനിന്നാ വെള്ളംവരുന്നത്?ഭൂമിയുടെ ഉറവയിൽ നിന്ന്. അതുനിന്നാലോ?

**കുട്ടൻ:** അപ്പോപ്പിന്നെ.....ഭൂമിയുടെ ഉറവവറ്റിയാൽ വെള്ളമുണ്ടാവില്ല. അല്ലേ മുത്തശ്ശീ?

**മുത്തശ്ശീ:** ദാഹിച്ചുവലയുന്ന കുട്ടന് വെള്ളം കിട്ടാതെ വന്നാലുള്ള അവസ്ഥ ഒന്നോർത്തു നോക്കൂ....

**കുട്ടൻ:** അയ്യോ, അതോർക്കാൻകൂടി പറ്റില്ല.

**മുത്തശ്ശി:** ഭക്ഷണം പാകം ചെയ്യാനും കുളിക്കാനും അലക്കാനും ആടുമാടുകളെ പോറ്റാനും കൃഷി ചെയ്യാനും വെള്ളമില്ലെങ്കിൽ പറ്റുമോ?

**കുട്ടൻ:** ഇല്ല ഒന്നും കഴിയില്ല.

**മുത്തശ്ശി:** ഇപ്പോൾ മനസ്സിലായോ കുട്ടന് വെള്ളത്തിന്റെ വില.

**കുട്ടൻ:** മനസ്സിലായി, ഇനി ഞാനായിട്ട് ഒരുതുള്ളിവെള്ളം കളയില്ല.

**മുത്തശ്ശി:** എല്ലാവരും ഇതൊക്കെ ശ്രദ്ധിച്ചാൽ എത്ര നന്നായിരുന്നു.

**കുട്ടൻ:** സ്കൂളിൽ പോണവഴിക്ക് പൊതു ടാപ്പിൽ നിന്നും വെറുതേ വെള്ളം തുറന്നുവിടുന്നവരുണ്ട്. ഉച്ചക്കഞ്ഞിക്ക് സ്കൂൾപൈപ്പിൽനിന്നും പാത്രം



7th Malayalam_Term-1.indb 37 5/23/2019 3:45:39 PM



കഴുകാൻ ഓരോരുത്തർ എത്രയാ വെള്ളം കളയുന്നത്?



**മുത്തശ്ശി:** അവർക്കൊക്കെ അതിന്റെ വില അറിയാത്തതുകൊണ്ടാ...(ഓർത്ത്) ങ്ഹാ.....കുട്ടന് സ്കൂളിൽ പോകാറായില്ലേ? പോ...വേഗം പുറപ്പെട്...

**കുട്ടൻ:** താങ്ക്സ് മുത്തശ്ശീ...(പോകുന്നു)

**മുത്തശ്ശി:** (ചിരിച്ച്)എന്തിനും ഏതിനും അവന്റെയൊരു ടാങ്ക്സ്. ഈ കുട്ടിയുടെ ഒരിംഗ്രീസേ......

(നാമം ചൊല്ലിക്കൊണ്ടുപോകുന്നു)

കണ്ടുകണ്ടങ്ങിരിക്കും ജനത്തിനെ
കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ
രണ്ടുനാലു ദിനം കൊണ്ടൊരുത്തനെ
തണ്ടിലേറ്റി നടത്തുന്നതും ഭവാൻ.



7th Malayalam_Term-1.indb 38 5/23/2019 3:45:39 PM

## അഭ്യാസം

### I. പുതിയ പദങ്ങൾ

മന്നൻ

അശ്രദ്ധ

കലികാലം

ഉറവ

തണ്ട്

### II. പിരിച്ചെഴുതുക

1. മാന്തളിർ
2. നൃത്തച്ചുവട്
3. അക്കാലം
4. ഉത്തമോദാഹരണം

### III. ചേർത്തെഴുതുക.

1. ഒറ്റ + കാൽ =
2. വിളിച്ച് + ഓതുക =
3. ഇളം + കുയിൽ =
4. വെള്ള + കിടക്ക =

### IV. പര്യായപദം എഴുതുക

ശ്രദ്ധ

ഇഷ്ടം

### V. വാക്യത്തിൽ പ്രയോഗിക്കുക

അശ്രദ്ധ

വിലയറിയുക

ഉറവവറ്റുക



7th Malayalam_Term-1.indb 39 5/23/2019 3:45:39 PM

## VI. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക.

1. പലതുള്ളി പെരുവെള്ളം എന്ന ലേഖനം എഴുതിയതാര്?

   അ. രാധാകൃഷ്ണൻ അടുത്തില

   ആ. സുകുമാർ അഴീക്കോട്

   ഇ. തിക്കുറുശ്ശി ഗംഗാധരൻ

   ഈ. എസ്സ്.ശിവദാസ്

2. ഈണത്തിൽ നാമം ചൊല്ലുന്നതാര്?

   അ. അമ്മ

   ആ. മുത്തശ്ശി

   ഇ. മുത്തച്ഛൻ

   ഈ. അച്ഛൻ

## VII. ഉത്തരമെഴുതുക

1. മുത്തശ്ശി ചൊല്ലുന്ന പദ്യത്തിന്റെ അർത്ഥമെന്ത്?
2. വെള്ളം എന്തിനെല്ലാം പ്രയോജനപ്പെടുന്നുവെന്നാണ് മുത്തശ്ശി പറയുന്നത്?

## VIII. ഖണ്ഡികയിൽ ഉത്തരമെഴുതുക

1. പലതുള്ളി പെരുവെള്ളം എന്ന പാഠത്തിന്റെ സാരം വിശദീകരിക്കുക.

## IX. അനുബന്ധപ്രവർത്തനങ്ങൾ

1. മഴവെള്ളശേഖരണത്തിനുള്ള മാർഗ്ഗങ്ങൾ അറിയുക
2. മഴവെള്ളശേഖരണ പടങ്ങൾ ശേഖരിക്കുക.



7th Malayalam_Term-1.indb 40 5/23/2019 3:45:39 PM

കഥ

# കാലശേഷം

ബാബുഭരദ്വാജ്



മലയാളത്തിലെ പ്രശസ്തനായ ചെറുകഥാകൃത്തും പത്രപ്രവർത്തകനുമാണ് ബാബുഭരദ്വാജ്. കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവാണ് അദ്ദേഹം. പ്രവാസിയുടെ കുറിപ്പുകൾ, അനുഭവം ഓർമ്മ, യാത്ര, മീൻതീറ്റയുടെ പ്രത്യ യശാസ്ത്രം എന്നിവ കൃതികളാണ്. അദ്ദേഹത്തിന്റെ പ്രശസ്ത മായ ഒരു ചെറുകഥയാണ് കാലശേഷം.

മാതാപിതാക്കളുടെ മരണശേഷം മക്കൾക്ക് വസ്തുവകകൾ കിട്ടുന്ന വിശേഷതകളാണ് കഥയിൽ വിവരിക്കുന്നത്.

കൈപ്പെട്ടിയിൽ നിന്ന് ആധാരങ്ങളെടുത്ത് പൊടിതട്ടിവെക്കുകയായിരുന്നു അമ്മ. ഉണ്ണി അമ്മയുടെ അടുത്തുകൂടി. അവൻ ഒരുആധാരം കൈയിലെടുത്ത് തപ്പിത്തടഞ്ഞ് വായിക്കാൻ തുടങ്ങി.

....കാലശേഷം മക്കൾ അനുഭവിക്കേണ്ടതും ആണ്....

എന്താണമ്മേ കാലശേഷം?

മരണശേഷം മക്കൾക്കാണ് പറയുന്ന സ്വത്തിനുള്ള അവകാശം എന്നാണർത്ഥം.



ഉണ്ണി ഒരുനിമിഷം നെറ്റിചുളിച്ചു. നീയെന്തിനാ ഇപ്പോൾ ഇതൊക്കെ ആലോചിക്കുന്നത്....അടുക്കളയിലോട്ട് ചെല്ല്. അവിടെ ചേച്ചി ഉണ്ണിയപ്പം ചുടുന്നുണ്ട്....ഇതൊക്കെ പറഞ്ഞാൽ നിനക്കിപ്പോൾ മനസ്സിലാവില്ല.

ഞാൻ വലിയകുട്ടിയായില്ലേ? മൂന്നാം ക്ലാസ്സിലല്ലേ ഞാൻ....

അമ്മ ചിരിച്ചു! ഞാൻ...ഞാൻ...ഞാൻ എന്തു പറഞ്ഞാലും ഞാൻ....

പോകുന്നപോക്കിൽ കാലശേഷം എന്ന പുതിയ വാക്ക് അവൻ ഉരുവിട്ടുകൊണ്ടിരുന്നു.



7th Malayalam_Term-1.indb 41 5/23/2019 3:45:40 PM

അവൻ അടുക്കളയിലേക്ക് വലിഞ്ഞു. ഒരു ചരുവം നിറയെ നെയ്യപ്പം. അതിൽ ഒന്നോ രണ്ടോ മൂന്നോ മാത്രമേ അവന് തിന്നാനൊക്കൂ. ജനലിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ അച്ഛൻ ഒരു വലിയ പെട്ടി താങ്ങിപ്പിടിച്ചുകൊണ്ട് പടികടന്നുവരുന്നത് കണ്ടു.

അവൻ പൂമുഖത്തേക്കോടിയെത്തി. അമ്മയും ചേച്ചിയും ഏട്ടനുമൊക്കെ അതിനു മുമ്പേ അവിടെ ഹാജർ. അച്ഛൻ പെട്ടി തുറന്നു. അതിൽ നിന്നും ഭംഗിയുള്ള വേറെ ഒരു പെട്ടി പുറത്തെടുത്തു. റേഡിയോ പോലെ തിളങ്ങുന്ന ഒരു സൂത്രം.

സി. ഡി പ്ലെയർ....ചേച്ചി ആർത്തു.

കുട്ടികളുടെ ആഹ്ലാദത്തിൽ ഉല്ലാസവാനായി അച്ഛൻ നിന്നു. ഉണ്ണി പതുക്കെ ചെന്ന് അച്ഛന്റെ കൈപിടിച്ചു. അച്ഛന്റെ ശ്രദ്ധ അവനിലേക്ക് ആകർഷിക്കാൻ അവൻ ആ കൈ പിടിച്ചുവലിച്ചു.

എന്താ ഉണ്ണീ നിനക്കിഷ്ടായില്ലേ...

ആയി....അച്ഛന്റെ കാലശേഷം ഇതെനിക്കല്ലേ...?



7th Malayalam_Term-1.indb 42 5/23/2019 3:45:40 PM

## വ്യാകരണം

### I. നാമവിഭാഗം

നാമത്തെ, ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം, സർവ്വനാമം എന്നിങ്ങനെ നാലായി തരംതിരിക്കാം.

**ദ്രവ്യനാമം:** വസ്തുവിനെ(ദ്രവ്യം) കുറിക്കുന്ന നാമത്തെ ദ്രവ്യനാമം എന്ന് പറയുന്നു
**ഉദാ:** മരം, മനുഷ്യൻ, കല്ല്

**ഗുണനാമം:** ഗുണത്തെ(ധർമ്മത്തെ)കുറിക്കുന്ന നാമത്തെ ഗുണനാമം എന്ന് പറയുന്നു.
**ഉദാ:** മിടുക്ക്, അഴക്, നന്മ

**ക്രിയാനാമം:** ഒരു ക്രിയയെ(പ്രവർത്തിയെ) കുറിക്കുന്ന നാമത്തെ ക്രിയാനാമം എന്ന് പറയുന്നു.
**ഉദാ:** ഉറക്കം, പഠനം, നടത്തം

**സർവ്വനാമം:** നാമത്തിനു പകരം ഉപയോഗിക്കുന്ന ശബ്ദത്തിന് സർവ്വനാമം എന്ന് പറയുന്നു.
**ഉദാ:** അവൾ, അവൻ, അവർ.



7th Malayalam_Term-1.indb 43 5/23/2019 3:45:40 PM

# ഭാഗം 4 സംസ്കാരത്തിലെ നാനാത്വം



## പഠനലക്ഷ്യങ്ങൾ

- മാതൃ വാത്സല്യത്തെക്കുറിച്ച് മനസ്സിലാക്കൽ
- വായനയിലൂടെ സംസ്കാരം എങ്ങനെ രൂപപ്പെടുന്നു എന്നറിയൽ

## പാഠഭാഗങ്ങൾ

| | | | |
|---|---|---|---|
| കവിത | : | ഓമനേ നീയുറങ്ങ് | - ഉള്ളൂർ എസ്. പരമേശ്വരയ്യർ |
| ഗദ്യം | : | വായനയും വാസനയും | - കുഞ്ഞുണ്ണിമാഷ് |
| കഥ | : | കാലക്ഷേപം | - ബാബുഭരദ്വാജ് |
| വ്യാകരണം | : | ക്രിയാവിഭാഗങ്ങൾ | |



7th Malayalam_Term-1.indb 44 5/23/2019 3:45:41 PM

കവിത

# ഓമനേ നീയുറങ്ങ്

ഉള്ളൂർ എസ്.പരമേശ്വരയ്യർ



ഉള്ളൂർ എസ്. പരമേശ്വരയ്യർ (1877-1949) ആധുനിക മലയാളകവിത്രയത്തിലെ ഒരു മഹാകവി. ചങ്ങനാശ്ശേരിയിലെ പെരുന്നയിൽ താമരശ്ശേരി ഇല്ലത്ത് ജനനം. കവി എന്നതിനു പുറമേ, ഭാഷാഗവേഷകൻ, ഉയർന്ന ഉദ്യോഗസ്ഥൻ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചു. ഉമാകേരളം, കർണ്ണഭൂഷണം തുടങ്ങിയ അനേകം കൃതികൾ എഴുതി. തിരുവിതാംകൂർ രാജഭരണകൂടം 'മഹാകവി' ബിരുദവും കൊച്ചിമഹാരാജാവ് 'കവിതിലകൻ' പട്ടവും നൽകി ആദരിച്ചു.

ഉള്ളൂരിന്റെ 'കിരണാവലി' എന്ന കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ് ഓമനേ നീയുറങ്ങ് എന്ന പദ്യഭാഗം. ഒരു അമ്മ തന്റെ കുഞ്ഞിനെ വാത്സല്യത്തോടെ താരാട്ടുപാടി ഉറക്കുന്നതാണ് സന്ദർഭം.

ഓമനേ, നീയുറങ്ങെൻ മിഴിവണ്ടിണ-
ത്തൂമലർത്തേൻകുഴമ്പെന്റെ തങ്കം!
ആടിയും പാടിയും ചാടിയുമോടിയും
വാടിയും വീടും മുഖരമാക്കി,
വാടി വിയർത്തമുഖാംബുജത്തോടെന്നെ-
ത്തേടിനീയന്തിയിൽ വന്നനേരം,
നിൻകവിൾത്തങ്കത്തകിട്ടിങ്കൽപ്പിഞ്ചുമ്മ-



7th Malayalam_Term-1.indb 45 5/23/2019 3:45:41 PM



യെൻകണ്ണിലുണ്ണി ! ഞാനെത്രവച്ചു !

നെറ്റിപ്പനിമതിപ്പോളമേലങ്ങിങ്ങു

പറ്റിക്കിടന്ന കുറുനിരകൾ

കോതിപ്പുറകോട്ടൊതുക്കി വെൺമുത്തൊളി

സ്വേദബിന്ദുക്കൾ തുടച്ചുമാറ്റി,

ആരോമൽപ്പൈതലേ ഞാനെത്രനിന്നെയെൻ

മാറോടണച്ചു പുണർന്നു നിന്നു.

അൻപാർന്ന വെള്ളിത്തളികയിൽ ഞാൻ നൽകും

പൈമ്പാൽപ്പൊടിയരിച്ചോറെൻ, കുട്ടൻ

പാർവണത്തിങ്കളിൽത്തങ്ങുമമൃതൊരു

ഗീർവാണബാലൻഭുജിക്കും പോലെ



7th Malayalam_Term-1.indb 46 5/23/2019 3:45:42 PM



മൃഷ്ടമായ് ഭക്ഷിച്ചുറങ്ങുകയായ്പ്പൂവൽ-
പ്പട്ടുമേലാപ്പണിത്തൊട്ടിലിതിൽ
വാനിൽക്കതിരൊളി വീശിത്തിളങ്ങിടും
തൂനക്ഷത്രത്തിൻ ശരിപ്പകർപ്പേ,
ആണിപ്പൊൻചെപ്പിനകത്തു വിലസിടും
മാണിക്കക്കല്ലിനുടപ്പിറപ്പേ!
ഓമനേ നീയുറങ്ങെൻ മിഴിവണ്ടിണ-
ത്തൂമലർത്തേൻ കുഴമ്പെന്റെ തങ്കം.!



7th Malayalam_Term-1.indb 47 5/23/2019 3:45:42 PM

## അഭ്യാസം

### I. പദപരിചയം

മിഴി

മലർ

മുഖാംബുജം

സ്വേദബിന്ദുക്കൾ

പൈതൽ

പുണരുക

പാർവണം

തിങ്കൾ

ഭുജിക്കുക

മൃഷ്ടം

വാനം

### II. പര്യായപദം

തിങ്കൾ

മലർ

വാനം

### III. ചേർത്തെഴുതുക

| | | |
|---|---|---|
| ചാടിയും | + | ഓടിയും |
| മുത്ത് | + | ഒളി |
| വെള്ളി | + | തളിക |

### IV. പിരിച്ചെഴുതുക

പാർവണത്തിങ്കൾ

കതിരൊളി

ഭക്ഷിച്ചുറങ്ങുക



7th Malayalam_Term-1.indb 48 5/23/2019 3:45:42 PM

## V. ഉത്തരമെഴുതുക

1. കുട്ടി ചാടിയുമോടിയും മുഖരമാക്കിയത് എവിടെയൊക്കെയാണ്?

   അ. വീടും, മുറ്റവും    ആ. വാടിയും, വീടും

   ഇ. വീടും, തോട്ടവും    ഈ. വയലും, തോട്ടവും

2. വെള്ളിത്തളികയിൽ അമ്മ എന്താണ് കുഞ്ഞിനു നൽകിയത്?

   അ. പൊടിയരിച്ചോറ്    ആ. കഞ്ഞി

   ഇ. പാല്    ഈ. തേന്

3. ആണിപ്പൊൻ ചെപ്പിനകത്ത് വിലസുന്നത് എന്താണ്?

   അ. പവിഴം    ആ. മാണിക്യക്കല്ല്

   ഇ. സ്വർണ്ണം    ഈ. മരതകം

## VI. ഉത്തരമെഴുതിുക

1. നെറ്റിപ്പനിമതിപോളമേൽ എന്താണ് പറ്റിക്കിടക്കുന്നത്?
2. സ്വേദബിന്ദുക്കളെ കവി എങ്ങനെയാണ് വിശേഷിപ്പിക്കുന്നത്?
3. കുട്ടി മൃഷ്ടമായ് ഭക്ഷിച്ചുറങ്ങുന്നത് എവിടെയാണ്?

## VII. ഖണ്ഡികയിൽ ഉത്തരമെഴുതിുക

1. കവി ആരോമൽപ്പൈതലിനെ എങ്ങനെയെല്ലാമാണ് വിശേഷിപ്പിച്ചിരിക്കുന്നത്?

## VIII. മനഃപാഠമാക്കുക

ഓമനേ നീയുറങ്ങെൻ മിഴിവണ്ടിണ

..................................................................,

മാറോടണച്ചു പുണർന്നു നിന്നു.

## IX. അനുബന്ധപ്രവർത്തനം

താരാട്ടുപ്പാട്ടുകൾ കണ്ടെത്തുക, പാടി അവതരിപ്പിക്കുക.

**ഉദാ:** ഓമനത്തിങ്കൾ കിടാവോ നല്ല

കോമളത്താമര പൂവോ

........................................................

........................................................




7th Malayalam_Term-1.indb 49    5/23/2019 3:45:42 PM


# ഗദ്യം

## വായനയും വാസനയും

– കുഞ്ഞുണ്ണിമാഷ്



കുഞ്ഞുണ്ണി – (1927–2006) തൃശ്ശൂർ ജില്ലയിൽ വലപ്പാട് ഗ്രാമത്തിൽ ഞായപ്പിള്ളി ഇല്ലത്ത് ജനിച്ചു. കോഴിക്കോട് രാമകൃഷ്ണമിഷൻ ഹൈസ്കൂളിൽ ദീർഘകാലം അധ്യാപകനായി സേവനമനുഷ്ഠിച്ചു. ഗുണവും ചിന്തയും നിറഞ്ഞ ഈരടി കവിതകളിലൂടെ മലയാളമനസ്സിൽ നിറഞ്ഞു നിൽക്കുന്ന കവിയാണ് അദ്ദേഹം. കവിതകൾ കൂടാതെ ധാരാളം കഥകളും ലേഖനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. അക്ഷരത്തെറ്റ് എന്ന പുസ്തകത്തിൽ നിന്നെടുത്തിട്ടുള്ള ഒരു ഭാഗമാണ് വായനയും വാസനയും. നല്ല വായനയും അതിന്റെ ഗുണങ്ങളും വിശദീകരിക്കുന്നതാണ് പാഠം.



വായിച്ചാലും വായിച്ചില്ലെങ്കിലും വളരും. വായിക്കാതെ വളർന്നാൽ വളയും. വായിച്ചുവളർന്നാലേ വിളയൂ.

വളയാതെ വളർന്ന് വിളയുകയും വിളങ്ങുകയും വേണമെങ്കിൽ വായന തന്നെ വേണം.



7th Malayalam_Term-1.indb 50 5/23/2019 3:45:43 PM



വലിയ വായന എന്നുവെച്ചാൽ വളരെയധികം പുസ്തകങ്ങൾ വായിക്കുക എന്നാണോ? അല്ലേ അല്ല. വാസനയ്ക്കനുസരിച്ചും ആവശ്യത്തിനനുസരിച്ചുമുള്ള പുസ്തകങ്ങൾ ക്രമത്തിലെടുത്ത് വഴിയെ വായിക്കുക എന്നതാണ്. വഴിയേ വായിക്കുകയെന്നാൽ, വേണ്ട മട്ടിൽ വായിക്കുക. പഴിക്കാതെ വായിക്കുക, പിഴയ്ക്കാതെ വായിക്കുക, പൊഴിയാതെ വായിക്കുക, മിഴിവോടെ വായിക്കുക.

വാസനയ്ക്കനുസരിച്ചുള്ളതുമാത്രം വായിച്ചാൽ മതിയോ. പ്രത്യേകിച്ച് ഇക്കാലത്ത്. പോരാ, ഇന്നുള്ളവർക്ക് ഒരു വിധം എല്ലാറ്റിനെക്കുറിച്ചും ഒരേകദേശജ്ഞാനം ഉണ്ടായിരിക്കേണ്ടതത്യാവശ്യമാണ്. അതിനാൽ കയ്യിൽ കിട്ടുന്ന പുസ്തകങ്ങളും മാസികകളും വാരികകളും കടലാസുകളും നോട്ടീസുകൾ പോലും ഒന്നോടിച്ചു നോക്കുന്നത് നല്ലതാണ്. അരുതാത്തവയും ഒട്ടും കൊള്ളരുതാത്തവയും മാത്രം വായിക്കരുത്.

സ്കൂൾകുട്ടികളും കോളേജുകുട്ടികളും പാഠപുസ്തകങ്ങൾ വിസ്തരിച്ചു വായിച്ചുപഠിക്കണം. പൊതുവിജ്ഞാനത്തിനാവശ്യമായ പുസ്തകങ്ങൾ ഓടിച്ചു വായിച്ചാലും മതി.



7th Malayalam_Term-1.indb 51 5/23/2019 3:45:44 PM

വിസ്തരിച്ചു വായിക്കുകയെന്നാൽ എങ്ങനെയെന്നു പറയാം.വരികൾക്കിടയിൽ വായിക്കുക. വാക്കിനുള്ളിൽ കടന്നുവായിക്കുക. വീണ്ടും വീണ്ടും വായിക്കുക. വായിച്ചതു മനസ്സിലിട്ടു വിസ്തരിക്കുക.

ഇങ്ങനെയുള്ള ഈ മൂന്ന് വായനയും വേണ്ടപോലെയുള്ളവർ വളർന്നു വിളയും.

വായനയാണ് വാസനയ്ക്കുള്ള വളം. വാസനവേണ്ടപോലെ വളരണമങ്കിൽ വായനമാത്രം പോര. അഭ്യാസവും വേണം.





7th Malayalam_Term-1.indb 52 5/23/2019 3:45:45 PM

# അഭ്യാസം

## I. പദപരിചയം:

വിളങ്ങുക

മിഴിവോടെ

ജ്ഞാനം

വാസന

## II. വാക്യത്തിൽ പ്രയോഗിക്കുക

വിസ്തരിച്ച്

മനസ്സിലിട്ട്

## III. വിപരീത പദമെഴുതുക

ദോഷം

വിജ്ഞാനം

## IV. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. 'വായനയും വാസനയും' എന്ന പാഠഭാഗം എഴുതിയതാര്?

   അ. കുഞ്ഞിക്കുട്ടൻ തമ്പുരാൻ

   ആ. കുഞ്ഞുണ്ണിമാഷ്

   ഇ. പി.കുഞ്ഞിരാമൻ

   ഈ. യു.കെ.കുമാരൻ

2. വാസന വേണ്ടപോലെ വളരണമെങ്കിൽ എന്താണ് വേണ്ടത്?

   അ. വായന

   ആ. അഭ്യാസം

   ഇ. കളി

   ഈ. ഉറക്കം

3. ഓടിച്ചു വായിക്കേണ്ട പുസ്കങ്ങൾ ഏതാണ്?

   അ. പാഠപുസ്തകങ്ങൾ

   ആ. പൊതുവിജ്ഞാന പുസ്തകങ്ങൾ

   ഇ. കവിതകൾ

   ഈ. കഥകൾ

## V. ഉത്തരമെഴുതുക

1. വളയാതെ വളർന്ന് വിളയാനും, വിളങ്ങാനും എന്താണ് വേണ്ടത്?
2. വഴിയേ വായിക്കുക എന്നാൽ അർത്ഥമാക്കുന്നതെന്ത്?
3. വിസ്തരിച്ചു വായിക്കുക എന്നാൽ എന്താണ് മനസ്സിലാക്കേണ്ടത്?

## V. പഠനാനുബന്ധ പ്രവർത്തനങ്ങൾ

1. വായിച്ചാലും വളരും, വായിച്ചില്ലെങ്കിലും വളരും. ഇതുപോലുള്ള മറ്റു കുഞ്ഞുണ്ണിശൈലികൾ കണ്ടെത്തുക.
2. ഇഷ്ടമുള്ള ഗുണപാഠ കഥകൾ വായിക്കുക.



7th Malayalam_Term-1.indb 54 5/23/2019 3:45:45 PM

കഥ

# ഗ്രാമബാലിക

- ലളിതാംബിക അന്തർജ്ജനം



**ലളിതാംബിക അന്തർജ്ജനം** മലയാളസാഹിത്യത്തിലെ നോവലിസ്റ്റും കഥാ കൃത്തും എന്ന നിലയിൽ ഉന്നതസ്ഥാനം നേടി വളരെ പ്രശസ്തയായ എഴുത്തുകാരിയാണ് ലളിതാംബിക അന്തർജ്ജനം [1909 - 1987]. അഗ്നിസാക്ഷി എന്ന ഒറ്റകൃതികൊണ്ട് മലയാള സാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠ നേടി. പുനർജന്മം, ഗോസായി പറഞ്ഞ കഥ എന്നിവ ഇവരുടെ പ്രശസ്തമായ കൃതികളിൽ ചിലതാണ്. കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ് മുതലായ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഇവിടെ പാഠ ഭാഗമായി ചേർത്തിട്ടുള്ള 'ഗ്രാമബാലിക' എന്ന കഥ 'ഗ്രാമബാലിക' എന്ന നോവലിലെ ഭാഗമാണ്.

ജാനു പതിവ് വീടുകളിലെല്ലാം പുല്ലു കൊണ്ടുക്കൊടുത്ത് കാശും വാങ്ങി റോഡിലേക്ക് ഇറങ്ങിയപ്പോൾ നേരം വൈകിയിരുന്നു. അഞ്ചുമണി കഴിഞ്ഞാൽ റേഷൻകട അടയ്ക്കും. വീട്ടിൽ നാലു ദിവസമായി അരിയും ഇല്ല. അവൾ വട്ടിയുമെടുത്ത് വളരെ വേഗത്തിൽ ചന്തയിലേക്ക് നടന്നു. വഴിക്ക്, അന്ന് കിട്ടിയ പണത്തിന്റെ തുകയും വാങ്ങേണ്ട സാധനങ്ങളുടെ ലിസ്റ്റും അവൾ മനസ്സിൽ കണക്കുകൂട്ടി നോക്കി. കെട്ടിന് രണ്ടണ വീതം എട്ടുപത്ത് വീടുകളിൽ അവൾ പുല്ലുകൊണ്ട് കൊടുക്കുന്നുണ്ട്. പലരും ശരിയായി പണം കൊടുക്കുകയില്ല. ചിലർ നാളെ വരാൻ പറയും. മറ്റുചിലർ കെട്ടു ചെറുതായിരിക്കുന്നു വെന്ന് ശകാരിക്കും. ഈ കടുത്ത വേനൽക്കാലത്ത് ഏതെല്ലാം കാടുകളിലും മലകളിലും തോട്ടു വരമ്പുകളിലും ചെന്നാണ് ഇത്രയും പുല്ല് ശേഖരിക്കുന്നത് എന്ന് അവൾക്കല്ലേ അറിയാവൂ. സങ്കടവും ദേഷ്യവും സഹിക്കാതെ ജാനു ചിലപ്പോൾ പല്ലിറുമ്മിയട്ടുണ്ട്. പക്ഷേ അവൾ ഒന്നും പറയുകയില്ല. രോഗിണിയായ അമ്മയും മൂന്നു കുട്ടികളും ഉള്ള ആ വീട്ടിൽ ഇതല്ലാതെ വയറുപിഴപ്പിനു മറ്റുമാർഗമില്ലെന്ന് അവൾക്കറിയാം. തന്റെ കയ്യിലുള്ള നാണയങ്ങൾ അവൾ എണ്ണി നോക്കി. ആകെ ഒരു രൂപാ



7th Malayalam_Term-1.indb 55 5/23/2019 3:45:45 PM

മൂന്നണയുണ്ട്. എത്രവീടുകളിൽ കയറിയിറങ്ങി കണക്കു പറഞ്ഞും കെഞ്ചിയും, കാത്തു നിന്നുമാണ് അവൾ ഇത്രയും നേടിയത്.! അതുകൊണ്ട് വാങ്ങേണ്ട സാധനങ്ങളോ? അരി, ഉപ്പ്, മണ്ണെണ്ണ മുതലായി ഒരു വീട്ടിലേക്ക് ആവശ്യമുള്ളതെല്ലാം. നാലാം ക്ലാസ്സിൽ പഠിക്കുന്ന കൊച്ചനുജന് ഒരു പെൻസിൽ വാങ്ങണം എന്ന് കുറെ നാളായി അവൾ വിചാരിക്കുന്നു. അതിനായി അവൾ ഒന്ന് രണ്ട് കെട്ട് പുല്ല് പ്രത്യേകം അറുത്തതുമാണ്. പക്ഷേ എന്തു ചെയ്യാം! ഈ പണക്കാർക്ക് ഒക്കെ സാധനം വാങ്ങണമെന്നല്ലാതെ വില കൊടുക്കണമെന്നില്ല.

ജാനു ചിന്താമഗ്നയായി ആ വഴിയിലൂടെ നടക്കുകയായിരുന്നു. അവൾക്ക് പതിമൂന്ന് വയസ്സേയുള്ളൂ. അവളുടെ പ്രായത്തിലുള്ള പെൺകുട്ടികൾ കളിച്ചുംചിരിച്ചും തമാശപറഞ്ഞും ആ റോഡിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നുണ്ട്. അവർക്ക് പട്ടു പാവാടകളും സ്വർണാഭരണങ്ങളും ഉണ്ട്. പുസ്തകക്കെട്ടുകളുമായി പള്ളിക്കൂടത്തിൽനിന്ന് വരുന്ന ആ ഭാഗ്യ വതികളെ കാണുമ്പോൾ ജാനു അസൂയപ്പെട്ടു പോകും. അവളുടെ അച്ഛൻ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ, അവൾക്കും അങ്ങനെ സ്കൂളിൽ പോകാമായിരുന്നു. അത്രത്തോളം നല്ലതല്ലെങ്കിലും കീറാത്ത ഒരു പാവാടയും ബ്ലൗസും അണിയാമായിരുന്നു. പക്ഷേ ഭാഗ്യദോഷത്താൽ അച്ഛൻ മരിച്ചു പോയി. പട്ടണത്തിലുള്ള ഏതോ ഫാക്ടറിയിൽ ജോലി ചെയ്തുകൊണ്ടിരുന്ന





7th Malayalam_Term-1.indb 56 5/23/2019 3:45:50 PM

അയാൾ ഏതോ അപകടത്തിൽ പെടുകയാണ് ഉണ്ടായത്. ആ ശവം പോലും കാണുവാൻ അവർക്ക് സാധിച്ചില്ല. ഭർതൃ വിയോഗ ദുഃഖത്താൽ അവശ യും രോഗിണിയും ആയിത്തീർന്ന മാതാവിനെ അവൾ ഓർത്തു. അപ്പോഴാണ് അന്നത്തേക്ക് അരിയില്ലെന്നും അത് വാങ്ങിക്കാൻ സമയം വൈകിയെന്നുമുള്ള കഥ അവൾക്ക് ഓർമ്മ വന്നത്.

ജാനു അതിവേഗത്തിൽ നടന്നു. വഴിയിൽ കാണുന്നവരെല്ലാം നീ എന്തിനാണ് പെണ്ണേ ഓടുന്നത്? എന്ന് ചോദിക്കത്തക്ക വിധത്തിലായിരുന്നു ആ നടത്തം.ചില കാറുകളും ബസ്സുകളും അവളെ മുട്ടിമുട്ടിയില്ലെന്ന മട്ടിൽ കടന്നുപോയി. ഒരുവിധം നടന്നുകിതച്ച് അവൾ ആ റേഷൻ കടയുടെ മുമ്പിലെത്തിയപ്പോഴേക്കും പീടിക അടയ്ക്കാറായിരുന്നു. പക്ഷേ കടയുടെ മുമ്പിലെ ആൾക്കൂട്ടം ഒട്ടും ശമിച്ചിട്ടില്ല. ഉന്തുംതള്ളും കൊണ്ട് അങ്ങോട്ട് അടുക്കാൻതന്നെ വയ്യ. അന്നത്തേടം കഴിഞ്ഞാൽ ആ ആഴ്ചയിലെ അരി കിട്ടുകയില്ലെന്നവൾക്കറിയാം. എങ്കിലുമവളെ പോലെയുള്ള ഒരു കൊച്ചുപെണ്ണ് എങ്ങനെയാണ് ഈ തിരക്കിനിടയിൽ തള്ളി കയറുക?. ആളൊഴിയുന്നതും കാത്ത് ജാനു ഒരരുകിലേക്ക് മാറി നിന്നു. കടക്കാരൻ എന്തായാലും തനിക്കുള്ള അരി തരാതിരിക്കില്ല എന്ന് അവൾ വിശ്വസിച്ചു.

സമയം പോകുന്തോറും ആളുകൾ കൂടി കൂടി വരുന്നു. ഇനി ക്ഷമിച്ചാൽ പറ്റില്ലെന്ന് വിചാരിച്ച് അകത്തേക്ക് കടക്കുവാൻ ജാനു കഴിവതും ശ്രമിക്കാതിരുന്നില്ല. പരിചയമുള്ള പലരോടും തന്റെ അരികൂടി വാങ്ങി തരുവാൻ അവൾ അപേക്ഷിച്ചു. പക്ഷേ ആ പാവപ്പെട്ട പെൺകുട്ടിയുടെ അഭ്യർഥന കേൾക്കുവാൻ ആരുമുണ്ടായില്ല.

ഒടുവിൽ കടയും അടച്ചുകൊണ്ട് കച്ചവടക്കാരൻ പുറത്തിറങ്ങിയപ്പോഴും അവൾ വിളിച്ചു കൂകികൊണ്ടിരുന്നു. "എനിക്കരികിട്ടിയില്ലങ്ങുന്നേ. ഏഴ് യൂണിറ്റ് അരി- നാലുദിവസമായി കഞ്ഞി വെച്ചിട്ട്." ആ റേഷൻ മുതലാളി അത് കേട്ടില്ല. അങ്ങനെ കേൾക്കാൻ നിൽക്കുകയാണെങ്കിൽ എത്രപേരുടെ വിളികൾ കേൾക്കണം!. കടയുടെ ഇരുമ്പു താഴുകൾ വലിച്ചു പൂട്ടി താക്കോൽ കൂട്ടം അരയിൽ തിരുകി അയാൾ തന്റെ മോട്ടോർ സൈക്കിളിൽ കയറി ഇരമ്പി കുതിച്ചുപായുമ്പോഴും അയാളുടെ പുറകേ ഈ മുറവിളി മുഴങ്ങിയിരുന്നു. "എനിക്കുകൂടി അരി തരണേ, അങ്ങുന്നേ... ഏഴ് യൂണിറ്റ് അരിനാലുദിവസമായി കഞ്ഞി വെച്ചിട്ട്."

നേരം സന്ധ്യ മയങ്ങിയിരുന്നു. കരഞ്ഞുകൊണ്ടിരുന്ന ജാനുവിനെ നോക്കി ഒരു കൂലിപ്പണിക്കാരൻ പറഞ്ഞു. "നേരം ഇരുട്ടും മുമ്പ് നീ വീട്ടിൽ പോ, പെണ്ണേ. കരഞ്ഞതുകൊണ്ടൊന്നും ഇന്നിനി അരി കിട്ടുകയില്ല. അത്ര



7th Malayalam_Term-1.indb 57 5/23/2019 3:45:50 PM

ദയവ് ആർക്കുമില്ല. അതാ നോക്ക്. ആ മൂപ്പിന്ന് ഇന്ന് ഉച്ചമുതൽ അവിടെ കിടക്കുന്നതാണ്. ഒരു തുള്ളി വെള്ളം കൊടുക്കാൻ ആരും ഉണ്ടായില്ലല്ലോ.”

ജാനു കണ്ണുനീർ തുടച്ചുകൊണ്ട് അയാൾ ചൂണ്ടിയ വഴിക്ക് നോക്കി. മൃതനോ മൃതപ്രായനോ ആയ ഒരു വൃദ്ധൻ ആ വഴിയരികിൽ കിടപ്പുണ്ടായിരുന്നു. ആ ശരീരത്തിന് ജീവനുണ്ടോ? അതോ ശവമാണോ? ആ പെൺകിടാവിനു ഭയം തോന്നി. എങ്കിലും അനുകമ്പയും ജിജ്ഞാസയും കലർന്ന ഏതോ വികാരത്താൽ അങ്ങോട്ട് നോക്കാതിരിക്കാൻ അവൾക്ക് കഴിഞ്ഞില്ല. അറുപതു കഴിഞ്ഞ ഒരു വൃദ്ധന്റെ കോലമാണത്. അയാൾ ഒട്ടുനാൾ സുഖം അനുഭവിച്ചിരുന്ന ആളാണെന്ന് തോന്നും. ആ മുഖം കുലീനമാണ്. ആകൃതി അന്തസ്സുള്ളതും. പക്ഷേ പല ദിവസമായുള്ള പട്ടിണിയുടെ പാരമ്യം ആ ദേഹത്തെ വല്ലാതെ വറട്ടിയിരുന്നു. നേരിയ അന്തിവെളിച്ചത്തിൽ അയാളുടെ വാരിയെല്ലുകൾ ചലിക്കുന്നതായി അവൾക്കു തോന്നി. ആ വരണ്ട ചുണ്ടുകൾ വിറയ്ക്കുന്നു. ‘വെള്ളം’ എന്നു യാചിക്കുന്ന പോലെ.

ജാനകിക്കുട്ടി ഓടി അടുക്കൽ ചെന്നു. അവൾക്കപ്പോൾ പേടി തോന്നിയില്ല. അവളുടെ അപ്പൂപ്പനോ അമ്മാവനോ ഇങ്ങനെ കിടക്കുകയായിരുന്നുവെങ്കിൽ അവൾ പേടിക്കുമോ.? മുട്ടുകുത്തി കുനിഞ്ഞു നിന്ന് അവൾ ആകെയൊന്ന് പരിശോധിച്ചു. മൂക്കിൽ വിരൽവെച്ചു നോക്കി. എന്നിട്ടു വട്ടിയിൽ നിന്നു രണ്ടണയെടുത്ത് അടുത്ത കാപ്പിക്കടയിലേക്ക് അതിവേഗം ഓടി. ആ വൃദ്ധന്റെ ചുണ്ടുകൾ അപ്പോഴും വിറക്കുകയായിരുന്നു. ‘വെള്ളം’ എന്നു യാചിക്കും പോലെ.

അവൾ കാപ്പിയുമായി തിരിച്ചുവന്നു. ആ ചൂടു കാപ്പി ഊതിയാറ്റി അയാളുടെ വായിൽ കൂടി അല്പാല്പമായി അവൾ ഒഴിച്ചുകൊടുത്തു. ദൈവാധീനം! ഇറങ്ങുന്നുണ്ട്. ഒരമ്മ കുഞ്ഞിനു പാൽ കൊടുക്കുമ്പോലെ ശ്രദ്ധിച്ചുകൊണ്ട്, കളയാതെ, കൈ ഇടറാതെ കുറേശ്ശെയായി ആ നല്ല പാനീയം അവൾ അയാളുടെ ഉള്ളിലാക്കി.

ആ വൃദ്ധന്റെ ശ്വാസോച്ഛ്വാസം സമഗതിയിലായി. പുതുജീവൻ കിട്ടിയതു പോലെ അയാൾ ഒന്നനങ്ങി മെല്ലെ മെല്ലെ കണ്ണുതുറന്നു. ആ ബാലികയുടെ മുഖത്തുനോക്കി കൊണ്ട് വീണ്ടും ഉച്ചരിച്ചു: “വെള്ളം”.

വട്ടിയിൽ നിന്നു രണ്ടണ കൂടി എടുത്ത് അവൾ വീണ്ടും കാപ്പി കടയിലേക്ക് ഓടി. ഒരു ഗ്ലാസ് കാപ്പികൂടി. അതയാൾ തനിയെ തന്നെ വാപൊളിച്ചു വാങ്ങി. അവൾ മുട്ടുകുത്തി അരികത്തിരിക്കുകയായിരുന്നു. ആകാശത്തുനിന്നു പൊഴിയുന്ന അമൃതമെന്നപോലെ അവൾ ഒഴിച്ചുകൊടുത്ത കാപ്പി അയാൾ ആകാംക്ഷാപൂർവ്വം നുകർന്നുനുകർന്ന് ഇറക്കിക്കൊണ്ടിരുന്നു.



7th Malayalam_Term-1.indb 58 5/23/2019 3:45:50 PM

മലർന്നുമരവിച്ച ആ കിടപ്പിലും ഏതോ കൃതജ്ഞതാനിർഭരമായ ആനന്ദ വിശേഷത്താൽ വിടർന്ന ആ കണ്ണുകൾ, ആകാശത്തു നക്ഷത്രങ്ങളിലും താഴെ ഒരു ദേവദൂതിയെപോലെ മുട്ടു കുത്തിയിരിക്കുന്ന ആ ബാലികയുടെ കണ്ണുകളിലും മാറിമാറി പതിച്ചുകൊണ്ടിരുന്നു.

അങ്ങനെ അയാൾ ആ രണ്ടു കപ്പുകാപ്പിയും കുടിച്ചു കഴിഞ്ഞു. വൃദ്ധന്റെ ദാഹം അല്പം മാറി എന്ന് കണ്ടപ്പോൾ അവൾ പതുക്കെ ചോദിച്ചു: “അപ്പൂപ്പന് തിന്നാൻ വല്ലതും വേണോ?”

‘വേണ്ട’ എന്ന അർത്ഥത്തിൽ അയാൾ തല കുലുക്കി.

ജാനു ആ വൃദ്ധന്റെ അരികിലിരുന്ന് അയാളുടെ നെഞ്ചിലും നെറുകയിലും മെല്ലെമെല്ലെ തലോടികൊണ്ടിരുന്നു. ആ നിർവൃതിയിൽ ലയിച്ച പോലെ അയാളും കിടന്നു.

‘നീ ഏതാണ് കുട്ടി?’ എന്ന് അയാളോ, ‘അപ്പൂപ്പൻ ഏതാണപ്പൂപ്പാ?” എന്നവളോ ചോദിച്ചില്ല. എങ്കിലും അപ്പൂപ്പനും കുഞ്ഞുമകളുമായുള്ള ഏറ്റവും വലിയ ആ അടുപ്പം ഇരുവർക്കും തോന്നി. ആ പൊതു ബന്ധത്തിന്റെ ശക്തി കൊണ്ടെന്നപോലെ അവളുടെ കൈകളിൽ താങ്ങി അയാൾ പതുക്കെ നിവർന്നിരുന്നു.





7th Malayalam_Term-1.indb 59 5/23/2019 3:45:53 PM

## വ്യാകരണം

### ക്രിയാവിഭാഗങ്ങൾ

ക്രിയയെ

| | |
|---|---|
| **അർത്ഥം പ്രമാണിച്ച്** | അകർമ്മകം, സകർമ്മകം എന്നിങ്ങനെയും |
| **സ്വഭാവം പ്രമാണിച്ച്** | കേവലം, പ്രയോജകം എന്നിങ്ങനെയും |
| **രൂപം പ്രമാണിച്ച്** | കാരിതം, അകാരിതം എന്നിങ്ങനെയും തരംതിരിച്ചിരിക്കുന്നു. |
| **അകർമ്മകം:** | ക്രിയയോട് ആരെ അല്ലെങ്കിൽ എന്തിനെ എന്നു ചോദിച്ചാൽ ഉത്തരം കിട്ടാത്ത ക്രിയയ്ക്ക് അകർമ്മക്രിയ എന്നു പറയുന്നു. |
| **ഉദാ:** | കുളിക്കുക, ഉറങ്ങുക, നടക്കുക, വീശുക |
| **സകർമ്മകം:** | ക്രിയയോട് ആരെ അല്ലെങ്കിൽ എന്തിനെ എന്നു ചോദിച്ചാൽ ഉത്തരം കിട്ടുന്ന ക്രിയയ്ക്ക് സകർമ്മക്രിയ എന്നു പറയുന്നു. |
| **ഉദാ:** | അക്രമിച്ചു, തല്ലി, ഓടിച്ചു, വായിച്ചു |



7th Malayalam_Term-1.indb 60 5/23/2019 3:45:53 PM


# ഭാഗം 5 ശരീരവും പഠനവും





## പഠനലക്ഷ്യങ്ങൾ

- പുരാണ ചരിത്രം കവിതയിലൂടെ പരിചയപ്പെടൽ
- ശരീരത്തിന്റെ ആന്തരികാവയവങ്ങളെ കുറിച്ച് പഠിക്കുന്ന ഉപകരണങ്ങളെ മനസ്സിലാക്കൽ



## പാഠഭാഗങ്ങൾ

| | | | |
|---|---|---|---|
| കവിത | : | കീശനോടേല്പാൻ | – കുഞ്ചൻ നമ്പ്യാർ. |
| ഗദ്യം | : | ശരീരത്തിലേക്ക് നോക്കുമ്പോൾ | – പി. റ്റി. തോമസ് |
| കഥ | : | ഹാപ്പി ബർത്ത്ഡേ | – എൻ. ആർ.സി.നായർ |
| വ്യാകരണം | : | കേവലം, പ്രയോജകം | |



7th Malayalam_Term-1.indb 61 5/23/2019 3:45:54 PM

## പദ്യം

# കീശനൊടേല്പാൻ

– കുഞ്ചൻ നമ്പ്യാർ



കുഞ്ചൻ നമ്പ്യാർ:- (1705 1770) പ്രാചീന മലയാള കവിത്രയത്തിലെ "സരസകവിയാണ്" കുഞ്ചൻ നമ്പ്യാർ. പാലക്കാട് ലക്കിടി ഗ്രാമത്തിൽ കിള്ളി ക്കുറിശ്ശിമംഗലത്ത് കലക്കത്ത് ഭവനത്തിലാണു അദ്ദേഹം ജനിച്ചത്. തുള്ളൽ എന്ന കലാരൂപത്തിന്റെ ഉപജ്ഞാതാവാണ് നമ്പ്യാർ. ജനകീയകവി എന്നറിയപ്പെടുന്ന നമ്പ്യാരുടെ ചില കൃതികളാണ് കിരാതം തുള്ളൽ, കല്യാണസൗഗന്ധികം, തുള്ളൽ തുടങ്ങിയവ.

സീതാന്വേഷണാർത്ഥം ലങ്കയിലെ എത്തിച്ചേരുന്ന ഹനുമാനെ കുറിച്ച് രാവണനോട് നാരദൻ പറഞ്ഞു കൊടുക്കുന്നതാണ് പാഠസന്ദർഭം.

"രാവണനെന്നതു കേൾക്കുന്നേരം
ദേവകളൊക്കെ വിറച്ചീടുന്നു
കേവലമിഹ ഞാൻ ഭദ്രം പറക -
ല്ലേവർക്കും ഭയമുണ്ടിഹ നിന്നെ
എങ്കിലുമുണ്ടൊരു വാർത്തകളിപ്പോൾ
ലങ്കാധിപതേ നിന്നൊടുണർത്താൻ.
ശങ്കയുമുണ്ടതു പറവതിനും ശിവ -
ശങ്കര! യെന്നതുമാത്രം പറയാം.



7th Malayalam_Term-1.indb 62 5/23/2019 3:45:54 PM



വാനവർവരനുടെ മകനായിട്ടൊരു
വാനരനുണ്ടി ഭുവനതലത്തിൽ.
നാനാജനവും മാനിക്കുന്ന ഭ –
വാനെ ക്കൊണ്ടു ദുഷിച്ചീടുന്നു!
ആശരവരനാം നിന്നെക്കൊണ്ടൊരു
കീശൻ വളരെ ഹസിച്ചീടുന്നു!
നാശമവന്നു വരുത്തീടാഞ്ഞാൽ
മോശം നിന്നുടെ കാര്യമശേഷം.





7th Malayalam_Term-1.indb 63 5/23/2019 3:45:56 PM

## അഭ്യാസം

### I. പദപരിചയം

ഭദ്രം

ലങ്കാധിപൻ

ഭുവനതലം

കീശൻ

ശങ്ക

ഹസിച്ചീടുക

### II. പര്യായപദം

പര്യായം

വാനരൻ

മകൻ

### III. പിരിച്ചെഴുതുക

ദേവകളൊക്കെ

ശങ്കയുമുണ്ട്

### IV. ചേർത്തെഴുതുക

ഉണ്ട് + ഇഹ

നാശം + അവന്നു

### V. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക?

1. നാനാ ജനവും മാനിക്കുന്ന ഭവാൻ ആരാണ്?

അ. വാനരൻ

ആ. രാവണൻ

ഇ. രാമൻ

ഈ. സുഗ്രീവൻ



7th Malayalam_Term-1.indb 64 5/23/2019 3:45:56 PM

2. വാർത്തകൾ ഉണർത്തുന്നതാരോടാണ്?

അ. വാനരാധിപനോട്

ആ. ലങ്കാധിപനോട്

ഇ. ഭുവനാധിപനോട്

ഈ. അയോധ്യാധിപനോട്

## VI. ഉത്തരമെഴുതുക

1. ആരുടെ പേര് കേൾക്കുമ്പോഴാണ് ദേവകളൊക്കെ വിറച്ചീടുന്നത്?
2. ഹനുമാനെന്ന വാനരനെ കുറിച്ച് രാവണനോട് ഉണർത്തിക്കുന്നതെന്തെല്ലാമാണ്?
3. 'മോശം നിന്നുടെ കാര്യമശേഷം' എന്തുകൊണ്ടാണ് ഇങ്ങനെ പറയുന്നതെന്ന് വിശദമാക്കുക?

## VII. പഠനാനുബന്ധ പ്രവർത്തനങ്ങൾ

1. ഇഷ്ടമുള്ള ഒരു തുള്ളൽ കവിത കണ്ടെത്തി ക്ലാസ്സിൽ ചൊല്ലുക
2. 'പാണ്ടൻ നായുടെ പല്ലിന് ശൗര്യം പണ്ടേ പോലെ ഫലിക്കുന്നില്ല'

   ഇതുപോലെ നമ്പ്യാരുടെ ഹാസ്യം തുളുമ്പുന്ന വരികൾ കണ്ടെത്തി കുറിച്ചു വയ്ക്കുക.



7th Malayalam_Term-1.indb 65 5/23/2019 3:45:56 PM

ഗദ്യം

# ശരീരത്തിനുള്ളിലേക്ക് നോക്കുമ്പോൾ

– പി.റ്റി.തോമസ്

പി.റ്റി. തോമസ് (1931 ) 1951ൽ ഹൈസ്കൂൾ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. തുടർന്ന് ഹെഡ്മാസ്റ്റർ, എ.ഇ.ഒ., ഡി. ഇ. ഓ, ഡി.ഡി എന്നീ നിലകളിൽ ഔദ്യോഗികജീവിതം. വീട്ടിലൊരു ലബോറട്ടറി. ജീവനുള്ള ഉപകരണങ്ങൾ, അവിശ്വസിക്കേണ്ട വിശ്വാസങ്ങൾ, മധുരിക്കുന്ന മാത്തമാറ്റിക്സ്, നന്മയുടെ തീരങ്ങളിൽ തുടങ്ങിയവയാണ് കൃതികൾ. നിത്യജീവിതത്തിൽ പ്രയോജനപ്പെടുന്ന ശാസ്ത്ര തത്വങ്ങളെ കുറിച്ചും പ്രസ്തുത തത്വങ്ങളുടെ കണ്ടുപിടുത്തങ്ങൾ നടത്തിയ വ്യക്തികളെയും സാഹചര്യങ്ങളെയും പരിചയപ്പെടുത്തുകയും ചെയ്യുന്നു. ശാസ്ത്രം നിത്യജീവിതത്തിൽ എന്ന സമാഹാരത്തിലെ ഒരു ലേഖനമാണ് ശരീരത്തിനുള്ളിലേക്ക് നോക്കുമ്പോൾ.

മനുഷ്യശരീരത്തിലെ ആന്തരികാവയവങ്ങളെ കുറിച്ചും ശരീരഘടനയെക്കുറിച്ചും ആധികാരികമായി പഠിച്ച് ഗ്രന്ഥരചിക്കുകയും പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുകയുംചെയ്ത രണ്ട് പ്രഗൽഭ വ്യക്തികളെ കുറിച്ചുള്ളതാണ് ഈ പാഠഭാഗത്തെ പ്രതിപാദ്യം.

ശരീരം ചീഞ്ഞു കഴിഞ്ഞാൽ കിട്ടുന്നത് അസ്ഥികൂടം മാത്രമാണ്. ആന്തരാവയവങ്ങൾ കാണണമെങ്കിൽ ശരീരം കീറി നോക്കണം. ശുശ്രുതൻ തുടങ്ങിയ ഭാരതീയ ഭിഷഗ്വരന്മാർ ശരീരം കീറി നോക്കിയവരാണ്. എന്നാൽ യൂറോപ്പിൽ ഇത് നിഷിദ്ധമായിരുന്നു. കുറ്റകരമായിരുന്നു.

അക്കാലത്ത് ധൈര്യമായി മനുഷ്യന്റെ ശവശരീരം കീറിനോക്കി ശരീരഘടനയെക്കുറിച്ച് ആധികാരികമായി ഗ്രന്ഥം രചിച്ച ആളാണ് ഡോ. വെസേലിയൂസ്. 1514 – ൽ ബ്രസ്സൽസിൽ ജനിച്ച ഇദ്ദേഹം പാരീസിലും ലുവെയിനിലും വിദ്യാഭ്യാസം നിർവഹിച്ചു. പിന്നീട് പാദുവാസർവകലാശാലയിൽ ചേർന്ന് വൈദ്യം പഠിച്ചു. ഇരുപത്തിരണ്ടാം വയസ്സിൽ അവിടത്തെ പ്രൊഫസറായി നിയമിക്കപ്പെടുകയും ചെയ്തു. അക്കാലത്ത് ശരീര ശാസ്ത്രത്തിലെ അവസാന വാക്ക് ഗാലന്റേതായിരുന്നു. എ.ഡി. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗാലൻ



7th Malayalam_Term-1.indb 66 5/23/2019 3:45:56 PM

അസാമാന്യ പ്രതിഭയായിരുന്നു. എങ്കിലും അദ്ദേഹം പഠിപ്പിച്ചത് മുഴുവൻ ശരിയായിരുന്നില്ല. ഗാലനെ ആദ്യമായി ചോദ്യംചെയ്തത് വെസേലിയൂസ് ആയിരുന്നു.




കഴുമരത്തിൽ തൂക്കിയിട്ടിരുന്ന കുറ്റവാളികളുടെ മൃതദേഹങ്ങൾ രാത്രിയിൽചെന്ന് മോഷ്ടിച്ച് കൊണ്ടു പോയി ആരുംകാണാതെ കീറി നോക്കിയാണത്രെ അദ്ദേഹം ശരീരഘടന പഠിച്ചത്. ശവം തീനി കളായ ചെന്നായ്ക്കളുമായി അദ്ദേഹത്തിന് പലപ്രാവശ്യം മല്ലിടേണ്ടിവന്നിട്ടുണ്ട് എന്നും പറയപ്പെടുന്നു. പ്രശസ്തനായി ത്തീർന്ന വെസേലിയൂസിനെ റോമൻ ചക്രവർത്തി തന്റെ കൊട്ടാരം വൈദ്യ നായി നിയമിച്ചു. മരിച്ചുപോയ രോഗികളുടെ ശവശരീരം കീറി പരിശോധിക്കു ന്നതിനുള്ള പ്രത്യേക അനുവാദം വെസേലിയൂസിന് ലഭിച്ചു.

ഒരിക്കൽ അദ്ദേഹം ഒരു സ്ത്രീയുടെ മൃതശരീരം കീറി നോക്കിയപ്പോൾ അവളുടെ ഹൃദയം സ്പന്ദിക്കുന്നതായി കണ്ടു. വെസേലിയൂസ് ഞെട്ടി. അദ്ദേഹത്തിന്റെ ശത്രുക്കൾ ഈ സംഭവത്തെ കൊലപാതകമായി ചിത്രീകരിച്ചു. ചക്രവർത്തിയുടെ ദയ കൊണ്ട് മാത്രമാണ് അദ്ദേഹം വധശിക്ഷയിൽനിന്ന്






7th Malayalam_Term-1.indb 67 5/23/2019 3:45:57 PM

രക്ഷപ്പെട്ടത്. പാപമോചനാർത്ഥം ജെറുസലേമിലേക്ക് ഒരു തീർഥയാത്ര നടത്തിയാൽ മതിയെന്ന് ചക്രവർത്തി കല്പിച്ചു. താൻ കുറ്റക്കാരൻ തന്നെയാണെന്ന് വിശ്വസിച്ച വെസേലിയൂസ് 1563 ൽ തീർത്ഥയാത്രയ്ക്ക് പോയി. പക്ഷേ അദ്ദേഹം തിരിച്ചെത്തിയില്ല. മടക്കയാത്രയിൽ മരിക്കുകയാണുണ്ടായത്.

ജീവനുള്ള ശരീരം കീറിമുറിക്കാതെതന്നെ അതിന്റെ ഉൾഭാഗം കാണാൻ ഭാഗ്യമുണ്ടായത് റോൺജൻ എന്ന ജർമൻശാസ്ത്രജ്ഞനാണ്. വെറും യാദൃശ്ചികസംഭവമായിരുന്നു അത്. വാതകംനിറച്ച കുഴലിലൂടെ വൈദ്യുതി കടത്തിവിട്ടാൽ എന്ത്സംഭവിക്കുമെന്ന് പരിശോധിക്കുകയായിരുന്നു അദ്ദേഹം. ബേരിയംപ്ലാറ്റിനോസയനൈഡ് പൂശിയ ഒരുസ്ക്രീൻ അടുത്തുണ്ടായിരുന്നു. സ്ക്രീനിന്റെയും കുഴലിന്റെയും ഇടയ്ക്ക് തന്റെ കൈകൊണ്ട് ചെന്നപ്പോൾ കൈയുടെനിഴൽ സ്ക്രീനിൽ തെളിഞ്ഞു കണ്ടു. വെറും നിഴലല്ല കൈക്കുള്ളിലെ എല്ലുകൾ തെളിഞ്ഞകാണാവുന്ന നിഴൽ. മാംസത്തിന് എന്തെങ്കിലും സംഭവിച്ചാലോ എന്നു ഭയന്ന് അദ്ദേഹം കൈ പിൻവലിച്ചു. ഒന്നും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തിയശേഷം വീണ്ടും കൈ പഴയസ്ഥാനത്ത് വച്ചുനോക്കി. നിഴൽ പഴയതുപോലെ പ്രത്യക്ഷപ്പെട്ടു. മാംസത്തിന്റെ അവ്യക്തമായ നിഴലും എല്ലിന്റെ വ്യക്തമായ നിഴലുമാണ് കണ്ടത്. ഇത് ഒരുതരം രശ്മിയുടെ പണിയാണെന്ന് അദ്ദേഹം അനുമാനിച്ചു. ഈ രശ്മി മാംസം പോലുള്ള വസ്തുവിൽ ക്കൂടി കടന്നുപോകുമ്പോൾ എല്ലിൽക്കൂടി കടന്നുപോകുകയില്ല. അറിഞ്ഞുകൂടാത്തതിനെ എക്സ് എന്ന്





7th Malayalam_Term-1.indb 68 5/23/2019 3:45:57 PM

സങ്കൽപ്പിക്കുക ആണല്ലോ പതിവ്. അതുകൊണ്ട് ഈ രശ്മിക്ക് എക്സ് രശ്മി എന്ന് പേരിട്ടു.

ഫോട്ടോഗ്രാഫർ കൂടിയായിരുന്ന റോൺജൻ സ്ക്രീനിന്റെ സ്ഥാനത്ത് ഫോട്ടോഗ്രാഫിക് പ്ലേറ്റ്‌വച്ച് തന്റെ ഭാര്യയുടെ കൈയ്യുടെ പടമെടുത്തു. കൈയുടെ ആന്തരികഘടന വ്യക്തമായി കാണിക്കുന്ന ഒരു ഫോട്ടോ അദ്ദേഹത്തിന് കിട്ടി. വിരലിൽ സ്വർണമോതിരം കിടന്ന ഭാഗം മാത്രം തടസ്സപ്പെട്ടിരുന്നു.

ഈ കണ്ടുപിടിത്തം വൈദ്യശാസ്ത്രത്തിൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു. ഒടിഞ്ഞ അസ്ഥികൾ കാണാതെ പുറമേ തപ്പിനോക്കി വച്ചുകെട്ടിയിരുന്ന വൈദ്യന്മാരുടെ കാലം ഇതോടെ അസ്തമിച്ചു. ശരീരത്തിനുള്ളിലെന്താണെന്ന് നോക്കിക്കണ്ട് ചികിത്സിക്കാൻ ഒരു മാർഗം തുറന്നു കിട്ടി. റോൺജൻ പ്രസിദ്ധനായി. ഈ രശ്മിക്ക് റോൺജൻ രശ്മി എന്നുകൂടി പേരുണ്ടായി. 1895 –ൽ യാദൃശ്ചികമായി കണ്ടു പിടിച്ച ഈ രശ്മി 1901 ലെ ഊർജ്ജതന്ത്രത്തിനുള്ള ആദ്യത്തെ നോബൽ സമ്മാനം അദ്ദേഹത്തിന് നേടിക്കൊടുത്തു.



7th Malayalam_Term-1.indb 69 5/23/2019 3:45:57 PM

## അഭ്യാസം

### I. പുതിയ പദം

അസ്ഥികൂടം

ആന്തരാവയവങ്ങൾ

ഭിഷഗ്വരൻ

നിഷിദ്ധം

ആധികാരികം

പ്രതിഭ

ശരീരഘടന

സ്പന്ദിക്കുക

യാദൃശ്ചികം

### II. വിപരീത പദം

ധൈര്യം

സാമാന്യം

രക്ഷ

പാപം

പ്രത്യക്ഷം

### III. വാക്യത്തിൽ പ്രയോഗിക്കുക

സങ്കല്പം

അനുവാദം

ചിത്രീകരിക്കുക



7th Malayalam_Term-1.indb 70 5/23/2019 3:45:58 PM

## IV. ശരിയായ ഉത്തരം എഴുതുക

1. മനുഷ്യന്റെ ശവശരീരം കീറി നോക്കി ശരീരഘടനയെ കുറിച്ച് ആധികാരികമായി ഗ്രന്ഥം രചിച്ച ആളാണ്

   അ. ഡോ. വെസേലിയൂസ്

   ആ. ഗാലൻ

   ഇ. ശുശ്രുതൻ

   ഈ. റോൺജൻ

2. 1901 ലെ ഊർജ്ജതന്ത്രത്തിനുള്ള ആദ്യത്തെ നോബൽ സമ്മാനം നേടിയതാര്?

   അ. റോൺജൻ

   ആ. ഗലീലിയോ

   ഇ. മാർക്കോണി

   ഈ. എഡിസൺ

3. പ്രശസ്തനായ വെസേലിയൂസിനെ തന്റെ കൊട്ടാരം വൈദ്യനായി നിയമിച്ച ചക്രവർത്തി ആര്?

   അ. ഗ്രീക്ക്

   ആ. റോമൻ

   ഇ. ഈജിപ്ഷ്യൻ

   ഈ. റഷ്യൻ.

## V. ഉത്തരമെഴുതുക

1. ഡോ. വെസേലിയൂസിന്റെ സംഭാവനകൾ ഏവ?
2. റോൺജന്റെ പരീക്ഷണമെന്തായിരുന്നു?
3. വൈദ്യശാസ്ത്രത്തിൽ വിപ്ളവം സൃഷ്ടിച്ച കണ്ടുപിടുത്തമെന്തായിരുന്നു?

## VI. അനുബന്ധ പ്രവർത്തനങ്ങൾ.

1. നോബൽ സമ്മാനം കിട്ടിയിട്ടുള്ള ഇന്ത്യൻ ശാസ്ത്രജ്ഞൻ ആര്?
2. ശരീരത്തിന്റെ ആന്തരികഘടന മനസ്സിലാക്കുന്ന ഉപകരണങ്ങളുടെ പേര് കണ്ടെത്തുക?



7th Malayalam_Term-1.indb 71 5/23/2019 3:45:58 PM

ശാസ്ത്രകഥ

# ഹാപ്പി ബെർത്ത്ഡേ

– എൻ.ആർ.സി.നായർ



ശാസ്ത്രസാഹിത്യലോകത്ത് നവാഗതനായ എൻ രാമചന്ദ്രൻ നായർ (എൻ. ആർ. സി.നായർ) 1950 –ൽ നെയ്യാറ്റിൻകരയിൽ ജനിച്ചു. സയൻസിൽ ബിരുദാനന്തര ബിരുദങ്ങൾക്കു ശേഷം തിരുവനന്തപുരം വിക്രം സാരാഭായി അന്തരീക്ഷ കേന്ദ്രത്തിൽ ശാസ്ത്രജ്ഞനായി വിരമിച്ചു. കവിതാ രചനയിലും, ശാസ്ത്രകഥാരചനയിലും തൽപ്പരൻ.

കുട്ടികൾക്കുവേണ്ടി തയ്യാറാക്കിയ ശാസ്ത്ര കഥകളുടെ സമാഹാരമാണ് 'നീ മഹാബുദ്ധിമാൻ തന്നെ' കുരുന്നുഹൃദയങ്ങളെ ശാസ്ത്രലോകത്തിലേക്ക് കൈപ്പിടിച്ചുയർത്തുവാൻ എൻ.ആർ.സി.നായർ അവതരിപ്പിക്കുന്ന ബുദ്ധിപരമായ സമീപനങ്ങളാണ് കഥകളുടെ അംശം.നീ ബുദ്ധിമാൻ തന്നെ എന്ന കൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ് "ഹാപ്പി ബെർത്ത്ഡേ" എന്ന കഥ.

ഞങ്ങൾ ക്ലാസ് റൂമിന്റെ പുറകിലത്തെ ആളൊഴിഞ്ഞ മരച്ചുവട്ടിൽ ഒത്തുകൂടി. ഞാനും ആന്റോയും ശങ്കുവും. ഞങ്ങളാണ് ക്ലാസിലെ മുതിർന്ന കുട്ടികൾ. ഞങ്ങൾ പറയുന്നത് മറ്റുള്ളവർക്കും സമ്മതം തന്നെ.

"എന്താണ് കാര്യം വേഗം പറയൂ." ആന്റോയും ശങ്കുവും ധൃതികൂട്ടി.

ഞാൻ ചെവിയിൽ രഹസ്യമായി പറഞ്ഞു. അവരുടെ മുഖം സന്തോഷം കൊണ്ട് ചുമന്നു തുടുത്തു. അവർ ഉറക്കെ വിളിച്ച് ആതാളി കൂട്ടുമെന്ന് ഭയന്ന് ഞാൻ ചൂണ്ടാണി വിരൽ ചുണ്ടുകൾക്ക് കുറുകെ വച്ച് മിണ്ടാതിരിക്കാൻ നിർദേശം നൽകി. അവൻ കുനിഞ്ഞിരുന്ന് അടക്കിച്ചിരിച്ചു. ചിരി മൂത്ത് നയനങ്ങളിൽ നനവു പടർന്നു. കണ്ണുകൾ വിടർന്നു. അവർ അറച്ചറച്ച് ചിരിയടക്കി പതിയെ ചോദിച്ചു

"എങ്ങനെ"

ഞാൻ അതിനുള്ള ഉത്തരവും മനസ്സിൽ കരുതിയിരുന്നു. ആ രഹസ്യവും പരമരഹസ്യമായി ഞാൻ ചെവിയിലൂതി.

അവർക്ക് ചിരിമുട്ടി പൊട്ടിപ്പോകുമെന്ന് തോന്നി. ശങ്കുവിന് സന്തോഷം വന്നാൽ പിന്നെ നിലയില്ല. തുള്ളിച്ചാട്ടവും വിളിച്ചുകൂവലും തന്നെ. അവൻ ക്ലാസിലേക്ക് ഓടാനായി ചാടിപ്പുറപ്പെട്ടു. ഞാനതു തടഞ്ഞു.



7th Malayalam_Term-1.indb 72 5/23/2019 3:46:01 PM

“നമുക്കു മൂന്നു വഴിയേ ക്ലാസിലെത്താം. അല്ലെങ്കിൽ കുഞ്ചു അതറിയും.” ഞാൻ മുന്നറിയിപ്പു നൽകി.

ഞങ്ങൾ മൂന്നുസമയത്ത് മൂന്നു വഴിയേ ക്ലാസിലെത്തി. ആരും ഒട്ടും സംശയിച്ച മട്ടില്ല.

ഞങ്ങളുടെ തീരുമാനം കാതോടു കാതു പരന്നു. എല്ലാർക്കും സന്തോഷം. ചിലർ പുഞ്ചിരിച്ചുകൊണ്ട് അടക്കിപ്പറഞ്ഞു. മറ്റുചിലർ തള്ളവിരൽ കാട്ടി സമ്മതം മൂളി. കുഞ്ചു തെല്ല് അമ്പരപ്പോടെ മിഴിച്ചിരുന്നു.അവന് ഒന്നും പിടികിട്ടിയില്ല.അതാണല്ലോ നമ്മുടെ തീരുമാനവും.

പിറ്റേന്ന് പതിവുപോലെ സൂര്യൻ ചിരിച്ചുകൊണ്ട് ഉദിച്ചുപൊങ്ങി.ഞങ്ങൾ ഊറിച്ചിരിച്ചുകൊണ്ട് ബാഗിന്റെ ഉള്ളറകളിൽ ഒളിച്ചുവച്ച പൊതികളുമായി സ്കൂളിലെത്തി. കൂട്ടുകാർ വന്നപാടേ എന്റെ പുറകെ നടപ്പായി.ചോദ്യങ്ങളുമായി.

“എപ്പോൾ”

“എങ്ങനെ”

ഞങ്ങൾ പരസ്പരം ആംഗ്യം കാട്ടി കാര്യങ്ങളറിയിച്ചു.ചിലർമാറിനിന്ന് കുഞ്ചുവിനെ നോക്കി പൊട്ടിച്ചിരിച്ചു. കുഞ്ചു ദുഃഖിച്ചു തലതാഴ്ത്തി നിന്നു.

അന്നു വൈകുന്നേരം കുഞ്ചു ഏറെ ദുഃഖിതനായി സ്കൂളിൽ നിന്നു മടങ്ങി. അവൻ പതിവുപോലെ അടുക്കളയിലേയ്ക്കോടി.അച്ഛനും അമ്മയും പണികഴിഞ്ഞെത്താൻ ഇനിയും വൈകും. കാലത്തെ തയ്യാറാക്കിയ കഞ്ഞിയുടെ മിച്ചം അവൻ ഒരു പാത്രത്തിലേയ്ക്ക് പകർന്നു. അപ്പോഴും അവന്റെ മനസ്സിൽ ക്ലാസിലെ കോലാഹലങ്ങൾ തന്നെ. അവൻ ഒരു ഞെട്ടലോടെ അതോർത്തു.

“അവർ എന്തിനാകും എന്നെ ഒറ്റപ്പെടുത്തുന്നത്.?” പെട്ടെന്നാണ് ആ ബഹളം കേട്ടത്. അവൻ ഓടി പുറത്തെത്തി. അവന് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. ക്ലാസിലെ മുഴുവൻ കുട്ടികളും ഇതാ മുറ്റത്ത്. അവർ ഓരോ പൊതികളും പൊക്കിപ്പിടിച്ചു നിന്ന് ഉറക്കെ വിളിക്കുന്നു.

“ഹാപ്പി ബർത്ത്ഡേ റ്റൂ യൂ”

അവൻ ഓർത്തു അവന്റെ ജന്മനാളിന്നാണ്. അവൻ അതേക്കുറിച്ച് ചിന്തിക്കുന്നതേയില്ല. അന്തിക്ക് കഞ്ഞിക്കു വകയുമായി അച്ഛനുമമ്മയും എത്തും. അവരോടു ജന്മനാളിനെക്കുറിച്ച് പറയാൻ അവൻ ധൈര്യപ്പെട്ടില്ല.തലേന്നാൾ അമ്മ കരയുന്നത് അവൻ കേട്ടു.

“നാളെ കുഞ്ചുവിന്റെ ജന്മനാളാണ്.അവനൊരു ഉടുപ്പു വാങ്ങികൊടുക്കാൻ പാങ്ങില്ലാതായല്ലോ?”

അച്ഛൻ അമ്മയെ ആശ്വസിപ്പിച്ചു.

“അവൻ പഠിച്ചുമിടുക്കനായി വരുമ്പോൾ നമ്മുടെ വിഷമമെല്ലാം മാറും.”

അവനും അത് ശരിയാണെന്നു തോന്നി.

“കുഞ്ചു നീ എന്തിനാണ് പകൽ സ്വപ്നം കാണുന്നത്.ഇറങ്ങി വരൂ.” നാണു ഉറക്കെ വിളിച്ചു പറഞ്ഞു.



7th Malayalam_Term-1.indb 73 5/23/2019 3:46:01 PM

കുഞ്ചു അറിയാതെ ഇറങ്ങിവന്നു. അവന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ധാര ധാരയായി ഒഴുകി. ഞങ്ങൾ അവന് ചുറ്റും നിന്ന് പൊതിയും പൊക്കിപ്പിടിച്ച് പാട്ടുപാടി നൃത്തം ചെയ്തു.

ഞങ്ങൾ മുറ്റത്ത് വട്ടത്തിലിരുന്നു. നടുക്ക് കുഞ്ചുവും.തൈവാഴകളിൽ നിന്ന് കുരുന്നിലകൾ മുറിച്ചെടുത്ത് മുറ്റത്തു നിരത്തി. വിഭവങ്ങളെല്ലാം അതിൽ കൂട്ടിവച്ചു. ചക്കപ്പഴം വാഴപ്പഴം മാമ്പഴം തുടങ്ങിയ സകല വിഭവങ്ങളും. നമ്മുടെ നാട്ടിൽ കിട്ടുന്ന എല്ലാ പഴങ്ങളും. രണ്ടിലകളിൽ വിഭവങ്ങൾ പ്രത്യേകം മാറ്റിവച്ചു. കുഞ്ചുവിന്റെ അച്ഛനുമമ്മയ്ക്കും. ഞങ്ങൾ വിഭവങ്ങളെല്ലാം ഒരുമിച്ചിരുന്നു തിന്നു. ആടിയും പാടിയും ഉല്ലസിച്ചു. നുറുങ്ങു കഥകൾ പറഞ്ഞ് സദ്യയ്ക്ക് മേന്മ കൂട്ടി. തമാശകൾ പൊട്ടിച്ച് ആഘോഷങ്ങൾക്ക് കൊഴുപ്പേകി.

"ഇനി കളിയ്ക്കാം. ബെർത്ത്ഡേ കളി" എല്ലാവരും ഒന്നിച്ചു പറഞ്ഞു. ഞങ്ങൾ തൊട്ടടുത്ത പറമ്പിലേയ്ക്കോടി. ആന്റോ കരുതിവച്ചിരുന്ന ബലൂണുകൾ അവൻ പുറത്തേയ്ക്കെടുത്തു. എല്ലാവരും "കൂവേ" വിളിച്ചുകൊണ്ട് അവന്റെ പുറകെ കൂടി. കൂട്ടയോട്ടം, പിന്നെ പിടിയായി. ബലൂണിനു വേണ്ടി. എല്ലാവരും അത് തട്ടിപ്പറിച്ചെടുത്ത് വീർപ്പിച്ച് തട്ടിക്കളിച്ചു. കളിച്ചു കളിച്ചു തളർന്നു.

അപ്പോൾ ശങ്കു ഒളിപ്പിച്ചു വച്ചിരുന്ന പന്ത് പുറത്തെടുത്തു. എല്ലാവരും പന്തിന്റെ പുറകേയോടി. പിന്നെ പന്തുകളിയായി. കളിച്ചുകളിച്ചു കാല് കുഴഞ്ഞു. അപ്പോൾ വിയർത്തു കുളിച്ചു. നെറ്റിത്തടത്തിൽ നിന്നും വിയർപ്പുതുള്ളികൾ താഴോട്ടൊഴുകി. വിയർപ്പ് കണ്ണിലും മൂക്കിലും ചിതറി. വിയർപ്പ് കൈകൊണ്ട് തട്ടിമാറ്റി വീണ്ടും ഓടി. ഓടിയോടി വയ്യെന്നായി.

''എന്നാലിനി അല്പം വിശ്രമിക്കാം.'' എല്ലാവരും സമ്മതിച്ചു. പറമ്പിന്റെ വരമ്പ് നിറയെ പുല്ല്. മുട്ടോളം എത്തുന്ന പുല്ല്. പച്ചപ്പട്ട് വിരിച്ചതുപോലെയുള്ള പുല്ല്. തളിർത്തു കൊഴുത്ത പുല്ല്.

ഇരുന്നപ്പോൾ മെത്തപോലെ. ഹാ! എന്തൊരു സുഖം. അപ്പോൾ പടിഞ്ഞാറു നിന്നും മൂളിപ്പാട്ടുമായെത്തി തണുത്ത കാറ്റ്. ഐസ് വച്ചപോലെ തണുത്ത കാറ്റ്. ഞങ്ങൾ കാറ്റിനു നേരെ തിരിഞ്ഞിരുന്നു. കാറ്റ് പിടിക്കാൻ. അപ്പോൾ പപ്പൂസിന് ഒരു സംശയം. പത്മനാഭനെന്നാണ് പേര്. ഞങ്ങൾ പപ്പൂസെന്നാണ് വിളിക്കുന്നത്. അവനെപ്പോഴും സംശയം തന്നെ. എന്തിലും സംശയം.

"ഈ വേനൽകാലത്ത് ഐസ് വെച്ച കാറ്റ് എവിടെനിന്നു വരുന്നു.?"

ഞങ്ങളെല്ലാവരും ചിന്തിച്ചു. ശരിയായ ചോദ്യം തന്നെ. ഉത്തരം കണ്ടു പിടിക്കണം. ഞങ്ങൾ മേൽപ്പോട്ടും കീഴ്പ്പോട്ടും നോക്കി. പരസ്പരം നോക്കി. പെട്ടെന്ന് എന്റെ മനസ്സിലൊരാശയം വന്നു. ഞാൻ ഒന്നുകൂടി ഇരുത്തി ചിന്തിച്ചു. ഞാൻ എല്ലാവരെയും നോക്കി.ആർക്കും ഉത്തരം കിട്ടിയ മട്ടില്ല.

"എനിക്കറിയാം" ഞാൻ വിളിച്ചുപറഞ്ഞു. എല്ലാവരും എന്നെത്തന്നെ നോക്കിയിരിപ്പായി.

ഞാൻ പറഞ്ഞു

"നമ്മുടെയെല്ലാം ശരീരം ഇപ്പോൾ വിയർത്തു കുളിച്ചിരിക്കുകയാണ്."



7th Malayalam_Term-1.indb 74 5/23/2019 3:46:01 PM



എല്ലാവരും അവരവരുടെ ശരീരത്തിൽ നോക്കി.ശരിതന്നെ.

"കാറ്റും ചൂടും ബാഷ്പീകരണത്തെ സഹായിക്കുന്നു എന്നല്ലേ പഠിച്ചിട്ടുള്ളത്." ഞാൻ ചോദിച്ചു.

"അതേ, ഇന്നലെ ക്ലാസിൽ അദ്ധ്യാപകൻ പറഞ്ഞതാണ്." ഗോപു ഉത്തരം പറഞ്ഞു.

"കാറ്റടിക്കുമ്പോൾ വിയർപ്പ് വേഗത്തിൽ ബാഷ്പീകരിക്കുന്നു. ബാഷ്പീകരണ ത്തിന് ആവശ്യമായ താപം ശരീരത്തിൽ നിന്ന് വലിച്ചെടുക്കുന്നു." ഞാൻ ഒന്നുകൂടി വിശദീകരിച്ചു.

"അപ്പോൾ"

"ശരീരം തണുക്കുന്നു. അത്രതന്നെ"

എല്ലാവരും കൈയ്യടിച്ചു. സബാഷ് വിളിച്ചു.കൂട്ടത്തിൽ ഞാനും.

"നേരം സന്ധ്യയാകാറായി. നമുക്ക് പോകാം." നമ്മൾ യാത്രപറഞ്ഞു പിരിഞ്ഞു.

## വ്യാകരണം

## കേവലം		പ്രയോജകം

സ്വഭാവം പ്രമാണിച്ച് ക്രിയകളെ കേവലം, പ്രയോജകം എന്ന് രണ്ടായി തരം തിരിച്ചിരിക്കുന്നു.

**കേവലം:** പരപ്രേരണ ഇല്ലാതെ ചെയ്യുന്ന ക്രിയ കേവലക്രിയ.

**ഉദാഹരണം:** പൂച്ച കരയുന്നു

സീത പാടുന്നു.

**പ്രയോജകം:** പരപ്രേരണയോടെ ചെയ്യുന്ന ക്രിയ പ്രയോജകക്രിയ.

**ഉദാഹരണം:** അധ്യാപകൻ പാഠം പഠിപ്പിക്കുന്നു.

മാധവൻ വീട് പണിയിപ്പിക്കുന്നു.



7th Malayalam_Term-1.indb 76		5/23/2019 3:46:02 PM

# ഭാഗം 6 വിദ്യാഭ്യാസവും സ്വഭാവവും



## പഠനലക്ഷ്യങ്ങൾ

- വീരാരാധനനെയെകുറിച്ച് മനസ്സിലാക്കൽ.
- സ്വഭാവസവിശേഷതകൾ രൂപപ്പെടുന്നതിനെക്കുറിച്ച് മനസ്സിലാക്കൽ.

## പാഠഭാഗങ്ങൾ


| | | | |
|---|---|---|---|
| കവിത | : | ആറ്റുമണമ്മേൽ ഉണ്ണിയാർച്ച (വടക്കൻപാട്ട്)- സംശോധകൻ കെ വി അച്യുതാനന്ദൻ | |
| ഗദ്യം | : | സ്വഭാവമാണ് സമ്പത്ത് | - കെ പി കേശവമേനോൻ. |
| കഥ | : | അർഹതയില്ലാത്ത ബഹുമതികൾ | - സത്യൻ കല്ലുരുട്ടി |
| വ്യാകരണം | : | കാരിതം, അകാരിതം | |



7th Malayalam_Term-1.indb 77 5/23/2019 3:46:02 PM

പദ്യം

# ആറ്റും മണമ്മേൽ ഉണ്ണിയാർച്ച



സംശോധകൻ

കെ വി അച്യുതാനന്ദൻ

**വടക്കൻപാട്ട്:** വടക്കൻ കേരളത്തിൽ ഉടലെടുത്ത വീരാരാധനാപരമായ നാടോടിപ്പാട്ടുകളാണ് വടക്കൻപാട്ടുകൾ. പതിനേഴോ, പതിനെട്ടോ നൂറ്റാണ്ടിലാണ് ഇവ രചിക്കപ്പെട്ടിട്ടുള്ളത്. വടക്കേമലബാറിലെ കടത്തനാട്, കോലത്തുനാട്, വയനാട് തുടങ്ങിയ പ്രദേശങ്ങളിലെ കളരി അഭ്യാസങ്ങൾ പേരുകേട്ട തച്ചോളി, പുത്തൂരം തുടങ്ങിയ തറവാടുകളിലെ അഭ്യാസികളുടെ ജീവചരിത്രവും അവരെ പ്രകീർത്തിക്കലുമാണ് വടക്കൻപാട്ടുകളിലെ സാരം.

ഒരിക്കൽ അല്ലിമലർ കാവിൽ കൂത്ത് കാണാൻപോയിരുന്ന ഉണ്ണിയാർച്ചയെ നാദാപുരത്തെ ജോനകർ എന്ന കൊള്ളക്കാർ അപഹരിക്കാൻ ശ്രമിച്ചു. അവരെ ആ ധീരവനിത പൊരുതി തോൽപ്പിച്ചു എന്നാണ് കഥ. തന്നെ പിടിച്ചുകൊണ്ടുപോകാനായി വന്ന ജോനകരോട് ഉണ്ണിയാർച്ച വീറോടെ എതിരിടുന്നതാണ് പാഠസന്ദർഭം.

അരയും തലയുമുറപ്പിക്കുന്നു
അരയിന്നു ഉറുമിയും എടുത്തവളും
നനമുണ്ടു നന്നായി അരയിൽ കെട്ടി
നേരിട്ട് നിന്നല്ലോ പെങ്കിടാവും
അരിശം ചൊടിച്ചു പറഞ്ഞു പെണ്ണ്
"ആണും പെണ്ണുമാല്ലാത്ത കയ്യൻമാരെ
എന്നോട് ആശ നിങ്ങൾക്കുണ്ടതെങ്കിൽ
എന്നുടെ കയ്യു പിടിച്ചു കൊൾവിൻ



7th Malayalam_Term-1.indb 78 5/23/2019 3:46:03 PM



തല്ലിനോ അടിക്കോ വന്നതെങ്കിൽ
എന്നോട് വന്നങ്ങടിച്ചു കൊൾവിൻ
ജോനകർ പുളപ്പുള്ള നാടല്ലാണെ
പണ്ടും പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടേ
ജോനകരുടെ കുറുമ്പ് കുറയ്ക്കും ഞാനേ”
ഏറിയ ദൂഷണം ചൊല്ലി ആർച്ച
ആലില പോലെ വിറ തുടങ്ങി
അങ്കക്കലി കൊണ്ട് നിന്നവളും



7th Malayalam_Term-1.indb 79 5/23/2019 3:46:04 PM

അടിയീന്ന് മുടിയോളം വിറച്ചുപോയി
തഞ്ചം പകർന്നല്ലോ ആർച്ചക്കപ്പോൾ
വഴിയുമേ ഞാനങ്ങ് കണ്ടിട്ടുണ്ട്
ഒക്കെയും ഞാൻ അങ്ങ് കേട്ടിട്ടുണ്ട്
അടിക്കാനായി നിങ്ങളും വന്നതെങ്കിൽ
വന്നങ്ങ് അടിക്കടൊ കയ്യൻമാരെ.
എന്നാലോ നോക്കി തടുത്തു കൊൾക
പകരി തിരിഞ്ഞൊന്നു നിന്നു പെണ്ണും
കുതിര പാച്ചിൽ ഒന്ന് പാഞ്ഞവളും
നനമുണ്ട് വീശിട്ട്നിന്നുപെണ്ണും
അഞ്ഞൂറും മുന്നൂറും വീണവിടെ
രണ്ടാമതൊന്നുമറിഞ്ഞവളും
പതിനെട്ടാളെ കരത്തിൽ വയ്ക്കുന്നുണ്ട്
തൊടുവൊർ കളരീടെ ഏകരം വന്നിതല്ലോ
“ആരോമരാങ്ങള തന്നെയാണ്
ജോനകർ പൊടിയും തെള്ളും ഞാനേ”
അതു താനേ കേൾക്കുന്നു ജോനകരും
ചേകരൂടെ നാമം കേട്ട നേരം
കാറ്റത്തു പഞ്ഞി പറക്കുമ്പോലെ
വിട്ടിട്ടു തന്നെയും പോകുന്നുണ്ട്.



7th Malayalam_Term-1.indb 80 5/23/2019 3:46:04 PM

## അഭ്യാസം

### I. പദപരിചയം

കയ്യൻമാർ

ജോനകർ

ദൂഷണം

തഞ്ചം

### II. പര്യായപദം എഴുതുക

അരിശം

### III. പിരിച്ചെഴുതുക

പെങ്കിടാവ്

അങ്കക്കലി

### IV. ചേർത്തെഴുതുക

വന്ന് + അങ്ങ്

ആൽ + ഇല

### V. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക?

1. പെങ്കിടാവ് അരയിൽ നന്നായി കെട്ടിയത് എന്ത്?

   അ. ഉടുമുണ്ട്

   ആ. നനമുണ്ട്.

   ഇ. ഉറുമി.

   ഈ. വാൾ

2. ചേകോരുടെ നാമം കേട്ടനേരം കാറ്റത്ത് പഞ്ഞി പറക്കും പോലെ പറന്നതാര്?

   അ. ഉണ്ണിയാർച്ച

   ആ. ജോനകർ

   ഇ. ചന്തു

   ഈ. കുഞ്ഞിരാമൻ



7th Malayalam_Term-1.indb 81 5/23/2019 3:46:04 PM

## VI. ഉത്തരമെഴുതുക

1. ഏറിയ ദൂഷണം ചൊല്ലി ആർച്ച വിറച്ചത് എപ്രകാരമായിരുന്നു?
2. തന്നെ പിടിച്ചു കൊണ്ടു പോകുവാൻ വന്ന ജോനകർക്കുനേരെ ഉണ്ണിയാർച്ച പോരാടാൻ തയ്യാറായത് എങ്ങനെ?
3. അരിശത്തോടെ ചോടിച്ചുകൊണ്ട് ആർച്ച ജോനകരോട് പറഞ്ഞതെന്ത്?

## VII. ഖണ്ഡികയിൽ ഉത്തരമെഴുതുക.

തന്നെ പിടിച്ചുകൊണ്ടുപോകാനായി വന്ന ജോനകരെ ഉണ്ണിയാർച്ച കാറ്റത്തു പഞ്ഞിപോലെ പറത്തി കളഞ്ഞത് എങ്ങനെയെന്ന് വിശദീകരിക്കുക?

## VIII. പഠനാനുബന്ധ പ്രവർത്തനങ്ങൾ.

- വീരാരാധന തുളുമ്പുന്ന മറ്റൊരു വടക്കൻപാട്ട് കണ്ടെത്തിക്കുറിച്ചു വയ്ക്കുക?
- ഒരു വടക്കൻ വീരഗാഥ എന്ന ചലച്ചിത്രം കണ്ട് ആസ്വദിക്കുക.



7th Malayalam_Term-1.indb 82 5/23/2019 3:46:04 PM

ഗദ്യം

# സ്വഭാവമാണ് നമ്മുടെ സ്വത്ത്

– കെ പി കേശവമേനോൻ



കെ. പി. കേശവമേനോൻ (1886 – 1978) സ്വാതന്ത്ര്യസമരസേനാനി, ഗാന്ധിയൻ, മാതൃഭൂമി പത്രസ്ഥാപകൻ തുടങ്ങിയ നിലകളിൽ പ്രശസ്തനാണ്. കേരള സാഹിത്യ അക്കാദമി അവാർഡ്, എം പി പോൾ അവാർഡ്, വയലാർ അവാർഡ്, എഴുത്തച്ഛൻപുരസ്കാരം എന്നീ ബഹുമതികളും നേടിയിട്ടുണ്ട്. സായാഹ്ന ചിന്തകൾ, പ്രഭാത ദീപം, നവഭാരത ശിൽപികൾ തുടങ്ങിയ അനേകം കൃതികൾ എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ 'നാം മുന്നോട്ട്' എന്ന കൃതിയിൽ നിന്നും എടുത്തു ചേർത്തതാണ് 'സ്വഭാവമാണ് നമ്മുടെ സ്വത്ത്' എന്ന പാഠഭാഗം.

പൊതുകാര്യങ്ങളോ സ്വന്തംകാര്യങ്ങളോ ചെയ്യേണ്ടിവരുമ്പോൾ അതിനുപറ്റിയ ആളെ അന്വേഷിക്കുന്നത് സ്വാഭാവികമാണ്. പലരുടെയും പേര് ഓർമ്മയിൽ വരും. ഇന്ന ആളെ ഏൽപ്പിച്ചാൽ കാര്യം നടക്കും എന്ന് ആ വക അവസരങ്ങളിൽ മനസ്സിൽ ഒരു തോന്നൽ ഉണ്ടാവും. അത് എന്തുകൊണ്ടാണ്? അയാളുടെ സ്വഭാവം കൊണ്ടല്ലേ?

നാം ഓരോരുത്തരും നമ്മുടെ വാക്കുകൊണ്ടും ഭാവംകൊണ്ടും പ്രവർത്തികൊണ്ടും മറ്റുള്ളവരിൽ ചില പ്രതികരണങ്ങൾ സൃഷ്ടിക്കുന്നു. അതിൽനിന്നാണ് നമ്മെ പറ്റിയുള്ള അഭിപ്രായം അവരിൽ ഉണ്ടാകുന്നത്.

ആത്മവിശ്വാസം നാം പ്രകടമാക്കുന്നുണ്ടെങ്കിൽ അതിന് നല്ലൊരു പ്രതികരണം മറ്റുള്ളവരിൽ കാണാതിരിക്കില്ല.

അടിയന്തരമായി ഒരു കാര്യത്തെപ്പറ്റി ആലോചിക്കുകയാണ് എന്ന് വിചാരിക്കുക. കൂടിയാലോചനയിൽ പങ്കെടുക്കുന്നവർക്കും ഓരോ അഭിപ്രായങ്ങൾ പറയുവാൻ ഉണ്ടാകും. നിങ്ങൾക്കുമുണ്ടാകും ചില ഉറച്ച അഭിപ്രായം. എങ്കിലും ആത്മവിശ്വാസത്തിന്റെ കുറവ്കൊണ്ട് നിങ്ങൾക്കത് പറയുവാൻ കഴിഞ്ഞില്ലെന്ന് വരും. ഒരുപക്ഷേ ആ അഭിപ്രായപ്രകാരം



7th Malayalam_Term-1.indb 83 5/23/2019 3:46:04 PM



പ്രവർത്തിച്ചാലായിരിക്കും കാര്യത്തിന് പരിഹാരം കാണുക. സ്വാഭിപ്രായം തുറന്ന് പറയാനുള്ള മടി കൊണ്ട് ആലോചനയ്ക്ക് വരുന്ന കാര്യത്തിന് തന്നെ ഹാനി തട്ടി എന്നും വരും. വേണ്ട സമയത്ത്, വേണ്ടത് പറയുവാനുള്ള സ്വഭാവം നാം വളർത്തണം. അതിനുള്ള ചില മാർഗ്ഗങ്ങൾ ഇതാണ്.


നമ്മുടെ സ്വഭാവത്തെപ്പറ്റി നാം തന്നെ സൂക്ഷ്മമായി അറിഞ്ഞിരിക്കണം. നമ്മുടെ കുറ്റങ്ങളും കുറവുകളും കഴിവുകളും കഴിവുകേടുകളും ഇഷ്ടങ്ങളും അനിഷ്ടങ്ങളും ഇല്ലാത്തത് ഉണ്ടെന്നു വിചാരിക്കുക, ഉള്ളത് ഇല്ലെന്ന് നടിക്കുക രണ്ടും നന്നല്ല. അവ അനാവശ്യമായ അസുഖങ്ങൾക്ക് വഴിവയ്ക്കുകയേ ഉള്ളൂ.

എത്രയും ആവശ്യമാണെന്ന് തോന്നുന്ന ഒരു ഗുണം നമ്മിൽ കുറവാണെന്ന് കണ്ടാൽ അത് വളർത്തിക്കൊണ്ടുവരാൻ ശ്രമിക്കണം. പല കഴിവുകളും നമ്മിൽ ഒളിഞ്ഞിരിക്കുന്നുണ്ട്. അവയെ പുറത്തുകൊണ്ടുവരുന്നത് നമ്മുടെ ഉന്നമനത്തിനും സമുദായത്തിന്റെ നന്മയ്ക്കും ആവശ്യമാണ്. നമ്മിലുള്ള ഗുണങ്ങൾ പുറത്തേക്ക് കൊണ്ടുവരാൻ ശ്രമിച്ചില്ലെങ്കിൽ അവ ക്രമേണ ക്ഷയിച്ചു പോകും. ഏതെങ്കിലും ഒരു രംഗത്ത് വൈദഗ്ധ്യം സമ്പാദിക്കുവാൻ തീർച്ചപ്പെടുത്തണം. അതിനുള്ള കഴിവ് നിങ്ങളിലുണ്ട്. സൂക്ഷിച്ചു നോക്കിയാൽ അറിയാം, എന്താണതെന്ന്.

കുറ്റങ്ങളും കുറവുകളും സ്വയം മനസ്സിലാക്കണമെന്നും പോരായ്മകൾ നികത്താനും സ്വായത്തമായ ഗുണം വളർത്താനും ശ്രമിക്കണമെന്നും



7th Malayalam_Term-1.indb 84 5/23/2019 3:46:06 PM




പറഞ്ഞുവല്ലോ. ഇക്കാര്യത്തിൽ ആദ്യത്തെ നടപടി, ചെയ്യുവാൻ തീർച്ചപ്പെടുത്തിയ കാര്യങ്ങൾ ഒട്ടും താമസിയാതെ ചെയ്യുകയാണ്. കാര്യങ്ങൾ നീട്ടികൊണ്ടു പോകുവാനുള്ള വാസന, പലപ്പോഴും നമ്മുടെ പുരോഗതിക്ക് വിഘാതമായി തീരാറുണ്ട്. ആരംഭിക്കുവാൻ മടിയുള്ള കാര്യങ്ങൾ തുടങ്ങാതിരിക്കുവാൻ ബാലിശമായ ഒഴിവുകഴിവുകൾ കണ്ടുപിടിക്കാനുള്ള വാസന നമ്മിൽ കാണാം. ഈ സ്വഭാവം അകറ്റണം.

ആത്മവിശ്വാസത്തിന്റെ കുറവിന് കാരണമായി ചില മനഃശാസ്ത്രജ്ഞന്മാർ ഒരു വസ്തുത എടുത്തു കാട്ടാറുണ്ട്. പരിചയിച്ചു വന്ന കാര്യങ്ങൾ അവ പഴഞ്ചൻ ആണെങ്കിലും അതേ സമ്പ്രദായത്തിൽ തുടർന്ന് പോകുവാനുള്ള വാസന. നമ്മിൽ ഒളിഞ്ഞുകിടക്കുന്ന കഴിവുകൾ പുറത്തുകൊണ്ടുവരാനുള്ള എല്ലാ കഴിവുകളും അടച്ചിടുന്ന ഒന്നാണിത്. കഴിവും ശേഷിയും വർദ്ധിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ പുത്തൻ പ്രവർത്തനരംഗങ്ങളും മാർഗ്ഗങ്ങളും തേടിയേ കഴിയൂ. തെല്ല് ധീരതയോടെ കൂടി തന്നെ കാര്യങ്ങൾ നേരിടുവാനുള്ള ശീലം ഇതുണ്ടാക്കും.

ഭാവനാശക്തി വളർത്തി കൊണ്ടുവരലാണ് നാം ചെയ്യേണ്ട മറ്റൊരു കാര്യം. എന്താകുവാൻ നാം ഉദ്ദേശിക്കുന്നുവോ എന്ത് പ്രവർത്തിക്കുവാൻ നാം വിചാരിക്കുന്നുവോ അത് നാം വിചാരിച്ച പ്രകാരം ആയിത്തീരുന്നുണ്ടെന്ന് ഭാവനയിൽ കാണുക. നേരെമറിച്ച് തങ്ങൾക്ക് ഒന്നും കഴിയുകയില്ലെന്നും



തങ്ങൾക്ക് ഉയർച്ച ഒന്നും ഉണ്ടാവില്ലെന്നും വിചാരിക്കുകയും പറയുകയും ചെയ്യുന്ന ചിലരെ കാണാം. ആ വിചാരം തന്നെ അവരുടെ ഉയർച്ചയ്ക്ക് തടസ്സമായി നിൽക്കും.

ഇതിൽ നിങ്ങൾക്ക് പരീക്ഷിച്ചുനോക്കാൻ പ്രയാസം ആയിട്ടുള്ള ഒന്നും തന്നെ ഇല്ല. ആത്മാർത്ഥമായ പരിശ്രമം അത്ഭുതകരമായ മാറ്റങ്ങൾ ഉണ്ടാക്കിത്തീർക്കുമെന്ന് ബലമായി വിശ്വസിക്കുക. ആത്മവിശ്വാസം തനിയെ വന്നുകൊള്ളും.

ആണത്തമുള്ളവന്നു ആപത്തൊഴിവാക്കുവാൻകഴിയും. ആത്മവിശ്വാസം ഉള്ളവന്നു ആനന്ദം കൈ വരുത്തുവാനും. അത്തരക്കാർക്ക് അവരുടെ ആത്മവിശ്വാസം മറ്റുള്ളവരിലും ജനിപ്പിക്കാനും സാധിക്കും. അത് അവരുടെ ഏറ്റവും വലിയൊരു നേട്ടമായിരിക്കും.



7th Malayalam_Term-1.indb 86 5/23/2019 3:46:07 PM

## അഭ്യാസം

### I. പദപരിചയം

സ്വാഭിപ്രായം

അനിഷ്ടം

വിഘാതം

ആണത്തം

ഉന്നമനം

സമ്പ്രദായം

ഭാവനാശക്തി

### II. വിപരീത പദം എഴുതുക

പ്രതികരണം

സ്വാഭാവികം

ഇഷ്ടം

### III. വാക്യത്തിൽ പ്രയോഗിക്കുക

പരിഹാരം

അഭിപ്രായം

### IV. ശരിയായ ഉത്തരം തെരഞ്ഞെടുത്തു എഴുതുക.

1. മനുഷ്യജീവിതത്തിന് ഏറ്റവും പ്രധാനമായി വേണ്ടത് എന്താണ്?

   അ. സ്വഭാവം

   ആ. സമ്പത്ത്

   ഇ. ആഹാരം

   ഈ. ഭാവനാശക്തി

2. വാക്ക്, ഭാവം, പ്രവർത്തി എന്നിവകൊണ്ട് എന്താണ് സൃഷ്ടിക്കുന്നത്?

   അ. ആത്മവിശ്വാസം

   ആ. പ്രതികരണം

   ഇ. സ്വഭാവം

   ഈ. ഊർജ്ജം



7th Malayalam_Term-1.indb 87 5/23/2019 3:46:07 PM

**IV. ഉത്തരമെഴുതുക.**

1. ഒരാളുടെ സ്വഭാവം കൊണ്ട് മനസ്സിലാക്കാവുന്നതെന്താണ്?

2. നമ്മിലുള്ള ഗുണങ്ങൾ പുറത്തുകൊണ്ടുവരാനുള്ള മാർഗ്ഗമെന്താണ്?

3. ആത്മവിശ്വാസം കൈവരിക്കാനുള്ള മാർഗ്ഗമെന്താണ്?

**V. ഖണ്ഡികയിൽ ഉത്തരമെഴുതുക.**

1. ജീവിതത്തിൽ നേട്ടമുണ്ടാക്കാൻ നാം അനുവർത്തിക്കേണ്ട ഗുണങ്ങളേവ?

**VI. അനുബന്ധ പ്രവർത്തനങ്ങൾ.**

- ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുന്ന മഹാന്മാരുടെ ജീവചരിത്രം വായിക്കുക.
- മഹത്വത്തോടെ ജീവിച്ച മഹാൻമാരുടെ ചിത്രങ്ങൾ ശേഖരിക്കുക.



7th Malayalam_Term-1.indb 88 5/23/2019 3:46:07 PM

കഥ

# അർഹതയില്ലാത്ത ബഹുമതികൾ

– സത്യൻ കല്ലുരുട്ടി



**സത്യൻ കല്ലുരുട്ടി:–** കോഴിക്കോട് ജില്ലയിൽ ജനിച്ചു. ജന്മഭൂമി ദിനപത്രത്തിന്റെ കൊച്ചി എഡിഷനിൽ സബ് എഡിറ്റർ, കോഴിക്കോട് ശ്രീനാരായണ എഡ്യൂക്കേഷൻ സൊസൈറ്റി പോസ്റ്റ് ഗ്രാജ്വേറ്റ് വിഭാഗം ലക്ചറർ എന്നീ നിലകളിൽ പ്രവർത്തിച്ചു. ചെറുകഥകൾ, നോവൽ, ലേഖനങ്ങൾ, കവിത, ബാലസാഹിത്യം തുടങ്ങി ഇരുനൂറിലേറെ രചനകൾ വിവിധ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചു. അവകാശികളായ ആടുകൾ, ചലചിത്രം വിജ്ഞാനം എന്നീ കൃതികളുടെ രചയിതാവ് ഇപ്പോൾ ചലചിത്ര തിരക്കഥാകൃത്തായി പ്രവർത്തിക്കുന്നു.

സ്കൂൾ വിദ്യാർത്ഥികളെ ലക്ഷ്യമാക്കി എഴുതിയ 'സ്കൂൾ കഥകൾ' എന്ന കൃതിയിലെ ഒരു കഥയാണ് 'അർഹതയില്ലാത്ത ബഹുമതികൾ'

നാട്ടുകാരെല്ലാം ജാലനെ മണ്ടൻ എന്നേ വിളിക്കൂ. ഇത് കേൾക്കുമ്പോൾ ജാലന് കലികയറും. ആവശ്യമില്ലാത്തിടത്തെല്ലാം അഭിപ്രായം പറയുകയാണ് അവന്റെ സ്വഭാവം. അവൻ പറയുന്നതൊന്നും ആളുകൾ അംഗീകരിക്കുകയോ, മനസ്സിലാക്കുവാൻ ശ്രമിക്കുകയോ ഇല്ല.

ഇതിൽ ജാലന് വലിയ അതൃപ്തിയുണ്ടായിരുന്നു. ഇതിനൊരവസാനം വേണമെന്ന് ജാലൻ തീരുമാനിച്ചു. ഒരു നാൾ ജാലൻ പരാതിയുമായി കൊട്ടാരത്തിലെത്തി. തന്നെ ആരും അംഗീകരിക്കുന്നില്ല, എല്ലാവരും തന്നെ മണ്ടനെന്ന് വിളിച്ച് കളിയാക്കുന്നു എന്നായിരുന്നു അവന്റെ പരാതി. അവന്റെ പരാതി കേട്ടപ്പോൾ രാജാവ് പറഞ്ഞു:

'അത് സാരമില്ല. പ്രവർത്തി വഴി താങ്കൾ മണ്ടനല്ല എന്ന് തെളിയിച്ചാൽ ജനങ്ങൾ പിന്നീടൊരിക്കലും മണ്ടനെന്നു വിളിക്കില്ല.'

രാജാവിന്റെ ഈ നിർദേശം ജാലന് സ്വീകാര്യമായില്ല. ജാലൻ പറഞ്ഞു.

അത് ശരിയാവില്ല പകരം, അങ്ങ് എനിക്ക് 'ബുദ്ധിരാക്ഷസൻ' എന്ന സ്ഥാനപ്പേര് നൽകിയാൽ മതി. പിന്നെ ജനങ്ങൾ എന്നെ ബഹുമാനിച്ചു കൊള്ളും...!

അതിൽ കാര്യമുണ്ടെന്ന് തോന്നുന്നില്ല.ജനങ്ങൾ അത് അംഗീകരിക്കില്ല.!



7th Malayalam_Term-1.indb 89 5/23/2019 3:46:07 PM

ജാലൻ രാജാവിനോട് തനിക്ക് ബുദ്ധിരാക്ഷസൻ എന്ന സ്ഥാനപ്പേര് നൽകണമെന്ന്: കാൽക്കൽ വീണ് അപേക്ഷിച്ചു

അദ്ദേഹം പറഞ്ഞു:

“ശരി ഇനിമുതൽ നീ ബുദ്ധിരാക്ഷസൻ എന്ന പേരിലറിയപ്പെടും!”

രാജാവിനോട് നന്ദിപറഞ്ഞ് സന്തോഷത്തോടെ ജാലൻ ഗ്രാമത്തിലേക്ക് പോയി. ജാലൻ ചെന്നപ്പോൾ ഗ്രാമത്തിൽ പൗരമുഖ്യന്മാരുടെ സഭ ചേരുകയായിരുന്നു. സഭയിൽ ജാലനും ചെന്നിരുന്നു. ജാലനെ സഭയിൽ, പൗരമുഖ്യന്മാർക്കിടയിൽ കണ്ടപ്പോൾ ഗ്രാമീണർ ആർത്തുചിരിച്ചു. ഒരു ഗ്രാമീണൻ ചോദിച്ചു:

“ആരാണീ പൊട്ടനെ പൗരമുഖ്യന്മാരുടെ യോഗത്തിലേക്ക് ക്ഷണിച്ചത്?”

ചോദ്യം കേട്ട് ജാലന് കലികയറി.അവൻ പറഞ്ഞു.

“ആരു പറഞ്ഞു ഞാൻ പൊട്ടനാണെന്ന്. രാജാവ് ബുദ്ധിരാക്ഷസൻ എന്ന സ്ഥാനപ്പേര് നൽകി എന്നെ ആദരിച്ചിരിക്കുകയാണ്!”

അതുകേട്ട് ആളുകൾ കൂവി വിളിച്ചു.

ഒരാൾ പറഞ്ഞു.

“നിന്നെയോ?എങ്കിൽ രാജാവിന് സമനില തെറ്റിയിട്ടുണ്ടാവും !”

മറ്റൊരാൾ പറഞ്ഞു

“അതെയതെ..സമനിലതെറ്റിയവരല്ലാതെ ...ആരെങ്കിലും ഇയാൾക്ക് ബുദ്ധിരാക്ഷസൻ എന്ന ബിരുദംനൽകുമോ?”

ആളുകൾ ഉറക്കെ ചിരിച്ചു കളിയാക്കി.

“ഒരു ബുദ്ധിരാക്ഷസൻ!”

അതുകേട്ട് കോപത്തോടെ ജാലൻ പുറത്തിറങ്ങി നടന്നു.

പിന്നീട് ജാലൻ പുറത്തിറങ്ങുമ്പോഴൊക്കെ ഗ്രാമീണർ ബുദ്ധിരാക്ഷസൻ പോകുന്നേ എന്നു പറഞ്ഞ് കളിയാക്കി ചിരിക്കാൻ തുടങ്ങി.

ജാലൻ പ്രതികരിച്ചാലും പ്രതികരിച്ചില്ലെങ്കിലും ഗ്രാമീണർ അവനെ കളിയാക്കുമെന്ന നിലവന്നു. ദിവസങ്ങൾ പിന്നിട്ടപ്പോഴും നാട്ടുകാരുടെ കളിയാക്കൽ കൂടിക്കൂടി വന്നതല്ലാതെ കുറഞ്ഞില്ല. മുമ്പ് രാജാവ് ‘ബുദ്ധിരാക്ഷസൻ’ എന്ന സ്ഥാനപ്പേര് നൽകുന്നതിനുമുമ്പ് ഇത്രയേറെ പേർ ജാലനെ കളിയാക്കുമായിരുന്നില്ല. എന്നാൽ ഇപ്പോഴോ?

അർഹതയില്ലാത്തത് തട്ടിയെടുത്ത ഒരു കള്ളനോടെന്നവിധമാണ് ആളുകൾ ജാലനോട് പെരുമാറുന്നത്. എങ്ങനെയെങ്കിലും ഈ സ്ഥാനപ്പേര് ഒന്നൊഴിവാക്കിയെ പറ്റൂ എന്ന് ജാലന് തോന്നി.

ഒരു നാൾ ജാലൻ കൊട്ടാരത്തിൽ വീണ്ടുമെത്തി. തനിക്കു നൽകിയ



7th Malayalam_Term-1.indb 90 5/23/2019 3:46:07 PM



സ്ഥാനപ്പേര് തിരിച്ചെടുക്കണമെന്നായിരുന്നു അവന്റെ അപ്പോഴത്തെ അപേക്ഷ.

രാജാവ് ചോദിച്ചു.

'ഇപ്പോഴെന്താണ് ഇങ്ങനെ തോന്നാൻ?'

ജാലൻ പറഞ്ഞു:

"ബുദ്ധിരാക്ഷസൻ എന്ന സ്ഥാനപ്പേര് ലഭിച്ചതുമുതൽ ആളുകൾ എന്നെ എപ്പോഴും കളിയാക്കുകയാണ്.മുമ്പ് വല്ലപ്പോഴും മാത്രമേ പരിഹസിക്കാറുണ്ടായിരുന്നുള്ളു!"

രാജാവ് പറഞ്ഞു:

"അതാണ് ലോകം.അർഹതയില്ലാത്ത ബഹുമതികൾ ഒരു വ്യക്തിക്ക് എത്ര ലഭിച്ചാലും ജനം അതിനെ അംഗീകരിക്കില്ല. അതേസമയം അർഹതയുള്ളവന് ജനമനസ്സിൽ എന്നും സ്ഥാനമുണ്ടാവുകയും ചെയ്യും.താങ്കൾ യഥാവിധി കാര്യങ്ങൾ ചിന്തിച്ച് നന്മ ചെയ്ത് ജീവിക്കാൻ ശ്രമിക്കുക. വരും നാളുകളിൽ ഗ്രാമവാസികൾ തീർച്ചയായും താങ്കളെ അംഗീകരിക്കും!"

രാജാവിന്റെ ഉപദേശങ്ങൾ സ്വീകരിച്ച് ജാലൻ ഗ്രാമത്തിലേക്ക് പോയി. പിന്നെ ഓരോ സന്ദർഭങ്ങളിലും ബുദ്ധിപൂർവ്വം ആലോചിച്ച് തീരുമാനമെടുക്കാനും നന്മചെയ്ത് ജീവിക്കുവാനും അവൻ ശ്രമിച്ചു.

അതോടെ ഗ്രാമീണർ അവനെ ബഹുമാനിക്കുവാനും സമൂഹത്തിൽ മാന്യമായ സ്ഥാനം നൽകാനും തയ്യാറായി.



7th Malayalam_Term-1.indb 91 5/23/2019 3:46:08 PM

## വ്യാകരണം

**കാരിതം            അകാരിതം**

രൂപം അടിസ്ഥാനമാക്കി ക്രിയയെ കാരിതം അകാരിതം എന്നു തരംതിരിക്കാം.

**കാരിതം:** കേവല ക്രിയയിൽ ‘ക്കു’ ചേർന്ന രൂപം കാരിതം.

**ഉദാഹരണം:** നടക്കുന്നു, ഇരിക്കുന്നു, കൊടുക്കുന്നു.

**അകാരിതം:** കേവലക്രിയയിൽ ‘ക്കു’ ചേരാത്ത രൂപം അകാരിതം.

**ഉദാഹരണം:** ഓടുന്നു, ചാടുന്നു, പായുന്നു.



7th Malayalam_Term-1.indb 92    5/23/2019 3:46:08 PM

ഭാഗം **7**

# സർഗ്ഗാത്മകത




## പഠനലക്ഷ്യങ്ങൾ

- സർഗ്ഗാത്മകതയെ കുറിച്ച് മനസ്സിലാക്കൽ
- പ്രകൃതിയിലെ ഐക്യത്തെ കുറിച്ച് മനസ്സിലാക്കൽ
- മാതൃഭാഷയ്ക്കുള്ള പ്രാധാന്യം മനസ്സിലാക്കൽ

## പാഠഭാഗങ്ങൾ

| | | |
|---|---|---|
| കവിത | : | ഹരിതം - സച്ചിദാനന്ദൻ |
| ഗദ്യം | : | വിദ്യാഭ്യാസത്തിൽ<br>മാതൃഭാഷയ്ക്കുള്ള സ്ഥാനം - വല്ലച്ചിറ രാമചന്ദ്രൻ |
| നാടകരംഗം | : | സിദ്ധാർത്ഥനും അരയന്നവും |
| വ്യാകരണം | : | മുറ്റുവിന, പറ്റുവിന |




7th Malayalam_Term-1.indb 93 5/23/2019 3:46:09 PM

കവിത

# ഹരിതം

– സച്ചിദാനന്ദൻ



**സച്ചിദാനന്ദൻ** – (1946) കവി നിരൂപകൻ വിവർത്തകൻ എന്നീ നിലകളിൽ വളരെ പ്രശസ്തനാണ്. 2012 -ൽ 'മറന്നുവെച്ച വസ്തുക്കൾ' എന്ന കവിതാ സമാഹാരത്തിന് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. കൂടാതെ നിരവധി പുരസ്കാരങ്ങൾക്കും അർഹനായിട്ടുണ്ട്. എഴുത്തച്ഛനെഴുതുമ്പോൾ, സച്ചിദാനന്ദന്റെ കവിതകൾ എന്നിവ അദ്ദേഹത്തിന്റെ പ്രധാനകൃതികളാണ്

അദ്ദേഹത്തിന്റെ 'ഗസലുകൾ ഗീതങ്ങൾ' എന്ന സമാഹാരത്തിൽ നിന്നെടുത്തിട്ടുള്ള കവിതയാണ് ഹരിതം. പ്രകൃതിയുടെ എല്ലാ ജീവത്തുടിപ്പുകളിലും സഹകരണത്തിന്റെയും സമത്വത്തിന്റെയും ഭാവങ്ങൾ കുടികൊള്ളുന്നുവെന്നും അതുകൊണ്ടുതന്നെ നന്മ നിലനിൽക്കുന്നുവെന്നുമുള്ള സന്ദേശം വ്യക്തമാക്കുന്ന കവിതയാണ് ഹരിതം.

ഒരു ഞരമ്പിപ്പൊഴും പച്ചയായുണ്ടെന്നൊ-
രില തന്റെ ചില്ലയോടോതി.
ഇലയൊന്നു കൊഴിയാതെയിപ്പൊഴും ബാക്കിയുണ്ടെ-
ന്നൊരു ചില്ല കാറ്റിനോടോതി.
ഒരു ചില്ല കാറ്റിൽ കുലുങ്ങാതെ നിൽപ്പുണ്ടെ-
ന്നൊരു മരം പക്ഷിയോടോതി.
ഒരു കാടു ഭൂമിയിൽ ബാക്കിയുണ്ടെന്നൊരു
മല സ്വന്തം സൂര്യനോടോതി.



7th Malayalam_Term-1.indb 94 5/23/2019 3:46:09 PM



ഒരു സൂര്യനിനിയും കെടാതെയുണ്ടെന്നു ഞാൻ
പടരുന്ന രാത്രിയോടോതി.
അതുകേട്ടു ഭൂമിതൻ പീഡിതരൊക്കെയും
പുലരിയോടൊപ്പമുണർന്നു.
അവരുണർന്നപ്പൊഴേ പുഴകൾ പാടി, വീണ്ടും
തളിരിട്ടു കരുണയും കാടും.
പുതുസൂര്യൻ മഞ്ഞിന്റെ തമ്പുരുമീട്ടി, ഹാ,
പുതുതായി വാക്കും മനസ്സും.
ഒരു ഞരമ്പിപ്പൊഴും പച്ചയായുണ്ടെന്നൊ-
രില തന്റെ ചില്ലയോടോതി.



7th Malayalam_Term-1.indb 95 5/23/2019 3:46:11 PM

## അഭ്യാസം

### I. പദപരിചയം

ചില്ല

ഓതുക

പീഡിതൻ

കെടാതെ

പുലരി

### II. പര്യായപദം എഴുതുക

സൂര്യൻ

ഭൂമി

### III. പിരിച്ചെഴുതുക

കാറ്റിനോടോതി

ഇലയൊന്ന്

ഞരമ്പിപ്പോഴും

### IV. ചേർത്തെഴുതുക

സൂര്യനോട് + ഓതി

പീഡിതർ + ഒക്കെയും

### V. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഇലയൊന്നു കൊഴിയാതെ ഇപ്പോഴും ബാക്കിയുണ്ടെന്ന് ചില്ല ഓതിയതാരോടാണ്.?

   അ. സൂര്യനോട്

   ആ. കാറ്റിനോട്

   ഇ. പക്ഷിയോട്

   ഈ. മരത്തിനോട്



7th Malayalam_Term-1.indb 96 5/23/2019 3:46:11 PM

2. ഒരു സൂര്യനിനിയും കെടാതെയുണ്ടെന്ന് രാത്രിയോട് പറഞ്ഞത് ആര്?

അ. കവി

ആ. ഭൂമി

ഇ. പുഴ

ഈ. ചില്ല

## VI. ഉത്തരമെഴുതുക

1. കാട് ഭൂമിയോട് പറഞ്ഞതെന്താണ്?
2. കരുണയും കാടും തളിരിട്ടപ്പോൾ?
3. പുതിയസൂര്യൻ തമ്പുരു മീട്ടിയപ്പോൾ എന്തു സംഭവിച്ചു?

## VII. ഖണ്ഡികയിൽ ഉത്തരമെഴുതുക

1. 'ഇണക്കമാണ് ലോക ജീവിതത്തിന്റെ കാതൽ'
   ഹരിതം എന്ന കവിത വിശകലനം ചെയ്ത് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

## VIII. അനുബന്ധപ്രവർത്തനങ്ങൾ

1. സച്ചിദാനന്ദന്റെ രണ്ട് കവിതകൾ കണ്ടെത്തി ചൊല്ലുക.
2. പ്രകൃതിയുടെ കൂട്ടായ്മ വ്യക്തമാക്കുന്ന മറ്റു കവിതകൾ കണ്ടെത്തുക
3. എല്ലാം നശിച്ചുപോയിട്ടില്ല,പോവില്ല വല്ലതും ശേഷിക്കും ഈ പ്രതീക്ഷയും വിശ്വാസവും ഹരിതം എന്ന കവിതയിലെ ആശയങ്ങളുമായി എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നു?ചർച്ച ചെയ്യുക. താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക



7th Malayalam_Term-1.indb 97 5/23/2019 3:46:11 PM

ഗദ്യം

## വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്കുള്ള സ്ഥാനം

– വല്ലച്ചിറ രാമചന്ദ്രൻ

വിഷയങ്ങളെ വിഷമമില്ലാതെ ലളിതമായി ആവിഷ്കരിക്കുന്ന പ്രശസ്ത ലേഖകനാണ് വല്ലച്ചിറ രാമചന്ദ്രൻ. അദ്ദേഹത്തിന്റെ ഉപന്യാസമഞ്ജരി എന്ന സമാഹാരത്തിലെ മാതൃഭാഷയുടെ പ്രാധാന്യം വിവരിക്കുന്ന ലേഖനമാണിത്.




മറ്റുജീവികളിൽനിന്ന് മനുഷ്യനെ വേർതിരിക്കുന്ന ഏറ്റവും സവിശേഷമായ ഘടകം ഭാഷയുടെ സമൃദ്ധമായ പ്രയോഗം ആണല്ലോ. ആശയവിനിമയോപാധി എന്നതിനപ്പുറം ജൈവരൂപമായ ഭാഷ മനുഷ്യന്റെ പരമവിശിഷ്ടമായ ഒരു പാരമ്പര്യസ്വത്താണെന്ന് പറയാം. ചരിത്രവും വർത്തമാനവും ചുറ്റുവട്ടവും സംസ്കാരവുമെല്ലാമാണ് മനുഷ്യന് ഭാഷ. ഭാഷയില്ലാത്ത ഒരു ജനസമൂഹത്തെ സങ്കൽപ്പിക്കാൻ സാധ്യമല്ല തന്നെ.

സമ്പുഷ്ടവും അപുഷ്ടവുമായ നിരവധിഭാഷകൾ ഉണ്ട് ലോകത്തിൽ. ഏതവസ്ഥയിൽ സ്ഥിതിചെയ്യുന്നതായാലും ഒരുവ്യക്തിക്ക് നാഭീനാള



7th Malayalam_Term-1.indb 98 5/23/2019 3:46:11 PM




ബന്ധമുള്ളത് അവന്റെ മാതൃഭാഷയോടാണ്. പെറ്റമ്മയുടെ മുലപ്പാലി നൊപ്പം രക്തത്തിൽ പകർന്നുകിട്ടുന്നതാണ് മാതൃഭാഷ. അതു വെറുമൊരു ആശയപ്രകാശനോപാധി മാത്രമല്ല. അത് പൈതൃകം, ഗതകാലസംസ്കാരം എന്നിവയുടെ ആർജ്ജിത വിശുദ്ധിയും അടയാളവുമാണ്.

ഒരുകുട്ടിയുടെ അടിസ്ഥാനവിദ്യാഭ്യാസം ആരംഭിക്കേണ്ടത് മാതൃ ഭാഷയിലൂടെയാണ്. വസ്തുതകൾ വേണ്ടവിധത്തിൽ ഗ്രഹിക്കാനും ചിന്തയെയും ബുദ്ധിയെയും പോഷിപ്പിച്ച് വിദ്യാഭ്യാസം കാര്യക്ഷമമാക്കാ നും അധ്യയനമാധ്യമം മാതൃഭാഷ ആവുന്നതാണ് ഉത്തമം. മറ്റു ഭാഷകളിൽ പ്രാവീണ്യം നേടിയാലും ചിന്തകൾ ഉരുത്തിരിയുന്നത് മാതൃഭാഷയിലൂടെ ആയിരിക്കും. വിനിമയത്തിന് ഉപയോഗിക്കുന്ന ഭാഷ ഏതായിരുന്നാലും



7th Malayalam_Term-1.indb 99 5/23/2019 3:46:11 PM

ആശയം പ്രാഥമികമായി രൂപപ്പെടുന്നത് മാതൃഭാഷയിലൂടെയാണ്. തുടർന്ന് പരിഭാഷപ്പെടുത്തലാണ് നടക്കുക.

മാതൃഭാഷയിൽ വേണ്ടത്ര ജ്ഞാനംനേടാതെ മറ്റുഭാഷകൾ സമൃദ്ധമായി പഠിക്കാൻ സാധ്യമല്ല. മാതൃഭാഷ ഉപേക്ഷിച്ച് മറ്റൊരു ഭാഷയിൽ പഠനം ആരംഭിച്ചാൽ രണ്ടു ഭാഷകളും നഷ്ടമാവുകയും പഠനം അപൂർണ്ണം ആവുകയും ചെയ്യും. ഇത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ പ്രതികൂലമാക്കുന്നു. മാതൃഭാഷയിൽ വേണ്ടത്ര അറിവ് നേടിയശേഷം കൂടുതൽ ജ്ഞാനത്തിനും തുടർവിദ്യാഭ്യാസത്തിനുമായി ലോകഭാഷകളെ സ്വീകരിക്കുന്നതിൽ തെറ്റില്ല. മാതൃഭാഷയ്ക്ക് പുറമേ എത്രഭാഷകൾ അഭ്യസിക്കുന്നതും പ്രശംസാർഹം തന്നെയാണ്.

ഇന്ന് കേരളത്തിൽ നഴ്സറി തലം മുതൽ കുട്ടികളെ ഇംഗ്ലീഷ് മീഡിയം വഴി പഠിപ്പിക്കാനുള്ള പ്രവണത വർധിച്ചുവരുന്നു. മാതൃഭാഷയെ പരിപൂർണമായി ഒഴിവാക്കിക്കൊണ്ടുള്ള ഇത്തരം പഠനം അപകടം ചെയ്യും. ഇതുമൂലം കുട്ടികൾ കാര്യങ്ങൾ വേണ്ടവിധം ഗ്രഹിക്കാതെ ഉരുവിട്ടുപഠിക്കാൻ മാത്രം നിർബന്ധിതരാകുന്നു. ഇത് വിദ്യാഭ്യാസത്തിന്റെ അഭിലഷണീയ നിലവാരത്തെ എതിർദിശയിലേക്ക് നയിക്കും.

പുരോഗതിയുടെ പാതയിൽ മുൻനിരയിൽ നിൽക്കുന്ന രാഷ്ട്രങ്ങൾ ഇന്ന് സർവ്വകലാശാലവിദ്യാഭ്യാസം പോലും അവരുടെ മാതൃഭാഷയിലൂടെയാണ് നിർവഹിക്കുന്നത്. ജർമ്മനി, ജപ്പാൻ, ഫ്രാൻസ്, ഇസ്രായേൽ, ചൈന എന്നീ രാജ്യങ്ങൾ ഉദാഹരണമാകുന്നു. ഈ രാജ്യങ്ങളിൽ ഇംഗ്ലീഷ് അറിയുക എന്നത് ആരാധ്യമായ ഒരു മേന്മയായി കരുതപ്പെടുന്നില്ല. മറിച്ച് അവരുടെ മാതൃഭാഷ ആഴത്തിൽ അറിയാതിരിക്കുന്നത് പരിഹാസ്യമായ ഒരു കുറവായി കരുതപ്പെടുകയും ചെയ്യുന്നു. ഇന്ത്യയിൽ തന്നെ കേരളമൊഴികെയുള്ള ഭൂരിഭാഗം സ്ഥാനങ്ങളും അധ്യയന മാധ്യമം എന്ന നിലയിൽ മാതൃഭാഷയ്ക്ക് മഹത്തായ സ്ഥാനമാണ് നൽകിവരുന്നത്. ബംഗാളും തമിഴ്നാടും ഈ രംഗത്ത് വളരെ മുന്നിൽ നിലകൊള്ളുന്നു. മാതൃഭാഷ അറിയാതിരിക്കുന്നത് അഭിമാനമായി കരുതുന്ന ജനവിഭാഗം ഒരുപക്ഷേ നമ്മുടെ കേരളത്തിൽ അല്ലാതെ ലോകത്തൊരിടത്തും ഉണ്ടാകാൻ സാധ്യതയില്ല.

തൊഴിൽപരമായി ചിന്തിക്കുമ്പോൾ ഈ കൊച്ചു സംസ്ഥാനത്തിൽ വളരുന്ന കുട്ടികൾ ഇംഗ്ലീഷ് ഉൾപ്പെടെ ആഗോളതലത്തിൽ വ്യാപ്തി



7th Malayalam_Term-1.indb 100 5/23/2019 3:46:11 PM

യുള്ള ഏതു ഭാഷയും അഭ്യസിക്കേണ്ടതാണ്. എന്നാൽ അതിനുവേണ്ടി കുട്ടിയുടെ വിദ്യാഭ്യാസത്തിൽനിന്നും ചുറ്റുപാടുകളിൽനിന്നും മാതൃഭാഷയെ ഒഴിവാക്കുന്നത് ശരിയായ കാഴ്ചപ്പാടല്ലന്നേ ഇവിടെ വിവക്ഷയുള്ളൂ. മാതൃഭാഷയുടെ മഹിമയെ പറ്റി മഹാകവി വള്ളത്തോൾ പാടിയത് ഈ സന്ദർഭത്തിൽ ഓർക്കാം.

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യനു പെറ്റമ്മ തൻഭാഷ താൻ
മാതാവിൻ വാത്സല്യദുഗ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ.





7th Malayalam_Term-1.indb 101 5/23/2019 3:46:11 PM

## അഭ്യാസം

### I. പദപരിചയം

ധാത്രി

അപുഷ്ടം

മർത്യൻ

വാത്സല്യദുഗ്ധം

വിവക്ഷ

ആർജിതം

ഗതകാലം

പ്രകാശനോപാധി

### II. വിപരീതപദം എഴുതുക

അപുഷ്ടം

മുന്നിൽ

ആരംഭം

### III. വാക്യത്തിൽ പ്രയോഗിക്കുക

ആശയം

അഭിമാനം

### IV. ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക

1. ഒരു കുട്ടിയുടെ അടിസ്ഥാന വിദ്യാഭ്യാസം ആരംഭിക്കേണ്ടത് ഏത് ഭാഷയിലൂടെയാണ്?

   അ. മാതൃ ഭാഷയിലൂടെ

   ആ. ഇംഗ്ലീഷ് ഭാഷയിലൂടെ

   ഇ. ആംഗ്യ ഭാഷയിലൂടെ

   ഈ. അന്യ ഭാഷയിലൂടെ



7th Malayalam_Term-1.indb 102 5/23/2019 3:46:12 PM

2. ശ്രേഷ്ഠമായ ആശയവിനിമയോപാധി എന്താണ്?

അ. ഭാഷ

ആ. എഴുത്ത്

ഇ. ചിത്രം

ഈ. കാഴ്ച

## V. ഉത്തരം എഴുതുക

1. ആശയവിനിമയോപാധിയാണ് ഭാഷ. എന്തുകൊണ്ട്?
2. മാതൃഭാഷയിലൂടെയുള്ള പഠനം സുഗമമാണ് കാരണമെന്ത്?
3. മാതൃഭാഷയുടെ മഹിമയെ കുറിച്ച് മഹാകവി പാടിയത് എന്ത്?

## VI. ഖണ്ഡികയിൽ ഉത്തരമെഴുതുക.

മാതൃഭാഷാപഠനത്തിന്റെ സവിശേഷതകളെന്തെല്ലാം?

## VII. അനുബന്ധ പ്രവർത്തനങ്ങൾ.

പട്ടിക തയ്യാറാക്കുക

1. ഇന്ത്യയിലെ എതെങ്കിലും അഞ്ച് സംസ്ഥാനങ്ങളുടെ പേരും അവിടുത്തെ പ്രാദേശിക ഭാഷയും ചേർത്ത് പട്ടിക തയ്യാറാക്കുക.

| സംസ്ഥാനം | പ്രാദേശികഭാഷ |
|---|---|
| തമിഴ്നാട് | |
| | |
| | |
| | |
| | ബംഗാളി |



7th Malayalam_Term-1.indb 103 5/23/2019 3:46:12 PM

നാടകരംഗം

# സിദ്ധാർത്ഥനും അരയന്നവും

ബുദ്ധമത സ്ഥാപകൻ ആയ ശ്രീബുദ്ധന്റെ ബാല്യജീവിതത്തിലെ ഒരു സംഭവത്തിന്റെ നാടകീയ ആവിഷ്കാര ഭാഗം.

(**സ്ഥലം:** കപിലവസ്തുവിലെ മഹാരാജാവായ ശുദ്ധോധനന്റെ കൊട്ടാരത്തിനടുത്തുള്ള ഉദ്യാനം.. ആകാശത്തുകൂടി പറന്നുപോകുന്ന അരയന്നങ്ങളെ നോക്കിക്കൊണ്ട് രണ്ട് കുമാരന്മാർ നിൽക്കുന്നു. അവരിലൊരാൾ മഹാരാജാവിന്റെ പുത്രനായ സിദ്ധാർത്ഥനാണ്. രാജസഹോദരന്റെ പുത്രനായ ദേവദത്തനാണ് മറ്റേയാൾ. സമയം സായാഹ്നം.)

**സിദ്ധാ:** നോക്കൂ ദേവദത്താ എത്ര ആനന്ദമാണ് ആ പക്ഷികൾക്ക്, അങ്ങനെ കൂട്ടംകൂടി അണിയണിയായി പറന്നുപോകുമ്പോൾ. തട്ടും തടവുമില്ലാത്ത നീലാകാശത്തിൽ എത്ര സ്വതന്ത്രമായി അവ സഞ്ചരിക്കുന്നു.

**ദേവാ:** കാണാൻ രസമുണ്ട്; സംശയമില്ല. പക്ഷേ കണ്ടതുകൊണ്ട് മാത്രം എന്ത് പ്രയോജനം?

**സിദ്ധാ:** ആ ആനന്ദവും സ്വാതന്ത്ര്യവും കാണാൻ കഴിയുന്നതിൽപ്പരം മറ്റെന്ത് പ്രയോജനം വേണം?

**ദേവാ:** അതുകൊണ്ട് ആ പക്ഷികൾക്കല്ലേ പ്രയോജനമുള്ളൂ; നമുക്ക് അതുകൊണ്ട് എന്തു നേടാൻ? ആകാശത്തിലൂടെ നീന്തി പോകുന്ന ആ അരയന്നങ്ങളിൽ ഒന്നിനെയെങ്കിലും എയ്തു താഴത്തിട്ടാൽ, ബഹുരസം ആയി.

**സിദ്ധാ:** ഭേഷായി! നല്ല ആലോചന! ഹിംസിച്ചു രസിക്കുക. നമ്മളെപോലുള്ള ഒരു ജീവിയുടെ വേദന കണ്ട് സുഖിക്കുക. നിനക്ക് എങ്ങനെ പറയാൻ നാവു പൊങ്ങി? അങ്ങനെ ചിന്തിക്കുന്നതു പോലും കഷ്ടമല്ലേ?

**ദേവ:** (പരിഹാസത്തോടെ) ഓ! ഒരു നിസ്സാര പക്ഷിയെ എയ്യുന്നതാണോ ഇത്ര വലിയ കാര്യം? അതിൽ എന്തുണ്ട് കഷ്ടം? മുറിവേൽപ്പിച്ചാൽ എന്താണ് തരക്കേട്?



7th Malayalam_Term-1.indb 104 5/23/2019 3:46:12 PM



**സിദ്ധാ:** ഓരോ ജീവിക്കും തന്റെ ജീവൻ വിലപ്പെട്ടതല്ലേ ദേവദത്താ? നിന്നെ ഒരാൾ മുറിപ്പെടുത്താനോ കൊല്ലാനോ ഒരുങ്ങിയാൽ നിനക്ക് ഇഷ്ടം ആയിരിക്കുമോ?

**ദേവ:** (ഒരു പരിഹാസച്ചിരിയോടെ) ഹ ഹ ഹ! നല്ല കഥയായി. വെറുമൊരു ക്ഷുദ്രജന്തുവിനെ പോലെയോ ഈ രാജകുമാരനായ ഞാൻ.?

**സിദ്ധാ:** ജീവൻ രണ്ടുപേർക്കും ഒരുപോലെ തന്നെ. അതിന് വലിപ്പച്ചെറുപ്പങ്ങൾ ഇല്ല. നിനക്ക് വേണമെങ്കിൽ പക്ഷിയുടെ ജീവൻ നിഷ്പ്രയാസം നശിപ്പിക്കാം. പക്ഷേ ഒരായുസ്സു മുഴുവൻ ശ്രമിച്ചാലും നിനക്ക് കഴിയുമോ ഒരു പക്ഷിക്കോ അതുവേണ്ട ഒരു ചെറിയ പുഴുവിന് പോലും ജീവൻ കൊടുക്കാൻ.

**ദേവ:** നാണം ആകുന്നില്ലേ നിനക്ക് ഇങ്ങനെ അഹിംസ പ്രസംഗിക്കാൻ. ക്ഷത്രിയ വംശത്തിൽ പിറന്നവൻ. നാളെ രാജ്യം ഭരിക്കേണ്ടവൻ, ശത്രുക്കളോട് പടപൊരുതേണ്ടവൻ, കഷ്ടം! കുമാരൻ ഇങ്ങനെയായിപോയല്ലോ!

**സിദ്ധാ:** രാജാവ് രക്ഷിക്കാൻ കടപ്പെട്ടവനാണ്. സ്നേഹത്തിലും ദയയിലും നാണം തോന്നുന്നവൻ രൂപംകൊണ്ട് മാത്രമേ മനുഷ്യൻ ആകുന്നുള്ളൂ.



7th Malayalam_Term-1.indb 105 5/23/2019 3:46:12 PM

**ദേവ:** (അക്ഷമനായി) എനിക്ക് ഈ തത്വം പറച്ചിൽ ഒന്നും കേൾക്കുകയേ വേണ്ട. എന്റെ കൈ തരിക്കുന്നു, ആകാശത്തിലേക്ക് അസ്ത്രം അയക്കുവാൻ. ആ വെളുവെളുത്തു ചന്തം തികഞ്ഞ അന്നങ്ങളിലൊന്നിനെ എനിക്ക് കിട്ടിയേ തീരൂ.

(അരയിൽ തിരുകിയിരുന്ന അമ്പുറയിൽ നിന്നു ഒരു ശരം എടുത്ത് കയ്യിലുള്ള വില്ലുകുലച്ച് അതിൽ തൊടുന്നു. സിദ്ധാർത്ഥൻ ദേവദത്തന്റെ കൈക്ക് പിടിക്കുന്നു.)

**സിദ്ധാ:** അരുത് ദേവദത്താ അരുത്. വന്യമൃഗങ്ങളെപോലെ പെരുമാററരുത്.

**ദേവ:** എന്റെ ആശയാണ്. അതിന് തടസ്സം നിൽക്കാൻ ഞാനാരെയും അനുവദിക്കുകയില്ല.

**സിദ്ധാ:** എന്തും ആശിക്കാൻ മനുഷ്യന് അവകാശമില്ല.

**ദേവ:** വില്ലാളിയായ ഒരു രാജകുമാരന് ചേർന്നതേ ഞാൻ ചെയ്യുന്നുള്ളൂ. അതിന് എനിക്കവകാശമുണ്ട്. അതിവേഗത്തിൽ ചലിച്ചുകൊണ്ടിരിക്കുന്ന ലക്ഷ്യത്തിൽ അമ്പെയ്തു കൊള്ളിക്കാൻ എനിക്ക് മിടുക്കുണ്ടോ എന്ന് പരീക്ഷിക്കുകയും കൂടിയാണ് ഞാൻ.

**സിദ്ധാ:** സാധുക്കളെയും നിസ്സഹായരേയും അല്ല നിഷ്ഠൂരമായ പരീക്ഷണത്തിന് ഇരയാക്കേണ്ടത്.

**ദേവ:** അത് ഞാൻ നോക്കിക്കൊള്ളാം. കുമാരൻ ഇതിൽ ഇടപെടേണ്ട കാര്യമില്ല. ( അമ്പു പെട്ടെന്നു വലിച്ചു വിടുന്നു. സിദ്ധാർത്ഥൻ തടയുന്നതിനു മുമ്പ് ബാണം പോയി കഴിഞ്ഞു.)

**സിദ്ധാ:** (നിറഞ്ഞ ദുഃഖത്തോടെ) അല്ല, അതു സംഭവിച്ചുവോ? ഹാ! എന്തൊരവിവേകം.

**ദേവ:** (ആകാശത്ത് നോക്കി നിന്ന്) ഹയ്യ! കുറിക്കു തന്നെ കൊണ്ടു. അതാ വീഴുന്നു നൂൽ കെട്ടിപ്പിടിച്ച പോലെ.

(ഒരു അരയന്നം ചോരയും അണിഞ്ഞ് താഴെ വീഴുന്നു. സിദ്ധാർത്ഥൻ ഓടിച്ചെന്ന് പക്ഷിയെ എടുക്കുന്നു.)

**ദേവ:** (കോപത്തോടെ) എന്ത്! അനാവശ്യം കാണിക്കുന്നോ?

**സിദ്ധാ:** (ഒന്നും മിണ്ടുന്നില്ല. പക്ഷിയുടെ ചിന്നിയ തൂവലുകൾ തടവുന്നു.)

**ദേവ:** എന്റെ അന്നത്തെ തൊടാൻ ആരു പറഞ്ഞു.?



7th Malayalam_Term-1.indb 106 5/23/2019 3:46:12 PM

**സിദ്ധാ:** ഇത് പ്രത്യേകിച്ച് ആരുടെയും അന്നമല്ല.

**ദേവ:** ഞാനെയ്തു നിലത്തിട്ട അന്നം എന്റേതാണ്.

**സിദ്ധാ:** (പക്ഷിയെ വീണ്ടും വീണ്ടും തലോടിക്കൊണ്ട്) ഇത് എല്ലാവരുടെയും പക്ഷിയാണ്. തന്റേതുമായിരുന്നു. എപ്പോൾ താൻ അമ്പയച്ചുവോ ആ നിമിഷം മുതൽ ഇതു തന്റേതല്ലാതായി.

(സിദ്ധാർത്ഥൻ മെല്ലെമെല്ലെ അമ്പു വലിച്ചിരുന്നു. പക്ഷിയുടെ ശരീരത്തിൽ നിന്ന് ചോര കുടുകുടെ ഒഴുകുന്നു. സിദ്ധാർത്ഥൻ കൂടുതൽ ദുഃഖിതൻ ആകുന്നു.)

**ദേവ:** (മറ്റൊന്നും ശ്രദ്ധിക്കാതെ) ഇപ്പറയുന്നത് അപമര്യാദയാണ്. എനിക്ക് എന്റെ അന്നത്തെ കിട്ടണം.

**സിദ്ധാ:** എനിക്ക് ഇപ്പോൾ സംസാരിക്കാൻ സാവകാശം ഇല്ല ദേവദത്താ. അവശനിലയിൽ പെട്ട ഈ സഹോദര ജീവിയെ ശുശ്രൂഷിക്കുകയും ആശ്വസിപ്പിക്കുകയും ആണ് അടിയന്തരമായ കർത്തവ്യം.

**ദേവ:** അപ്പോൾ സിദ്ധാർത്ഥൻ പക്ഷിയെ വിട്ടുതരില്ലെന്ന് തീർച്ചയാണോ?

**സിദ്ധാ:** എന്തിനു സംശയിക്കുന്നു? (പക്ഷേ തന്റെ നെഞ്ചോട് ചേർത്തു പിടിച്ച്) പാവം എന്തൊരു നെഞ്ചിടിപ്പാണ് ഇതിന്.

**ദേവ:** ഞാൻ ഈ അതിക്രമം വല്യച്ഛനെ അറിയിക്കാൻ പോവുകയാണ്.

**സിദ്ധാ:** അറിയിച്ചുകൊള്ളൂ. അച്ഛൻ തരുന്ന ഏതു ശിക്ഷയും ഞാൻ അനുഭവിച്ചു കൊള്ളാം.

**ദേവ:** (ഇച്ഛാഭംഗത്തോടെ തിരക്കിട്ടു പോകുന്നു.)

**സിദ്ധാ:** ആരവിടെ?

(ഒരു പരിചാരകൻ പ്രവേശിച്ചു കുമാരനെ വന്ദിക്കുന്നു)

**സിദ്ധാ:** ഈ അരയന്നത്തിന്റെ മുറിവിൽ വച്ചുകെട്ടാൻ നറുതേനും മറ്റു ലേപന ദ്രവ്യങ്ങളും ഉടൻതന്നെ കൊണ്ടുവരൂ.

**പരി:** അടിയൻ (പോകുന്നു.)

**സിദ്ധാ:** (ആത്മഗതം) ഞാൻ ഇന്നുവരെ ശാരീരികമായ യാതൊരു വേദന യും അനുഭവിച്ചിട്ടില്ല. അതെങ്ങനെയിരിക്കും എന്ന് ഞാൻ അറിഞ്ഞിട്ടേയില്ല. എനിക്കറിയണം, ഈ പക്ഷി അനുഭവിക്കുന്ന വേദന എന്തെന്ന്.

(സിദ്ധാർത്ഥൻ പക്ഷിയുടെ ദേഹത്തിൽനിന്നു ഊരി കയ്യിൽ വച്ചിരുന്ന ശരത്തിന്റെ മുനയുള്ള ഭാഗം തന്റെ കൈത്തണ്ടിൽ കുത്തിയിറക്കുന്നു. അപ്പോഴുണ്ടായ കഠിനവേദന കൊണ്ട് കണ്ണുനീർ ചൊരിയുന്നു.)



7th Malayalam_Term-1.indb 107 5/23/2019 3:46:12 PM

**സിദ്ധാ:** അപ്പോൾ ഇതാണത്.!

(ഈ കാഴ്ച കണ്ടു കൊണ്ടാണ് പരിചാരകൻ സാധനങ്ങളുമായി പ്രവേശിക്കുന്നത്. അയാൾ അമ്പരന്നു ഓടി അടുത്ത് ചെല്ലുന്നു.)

**പരി:** അയ്യോ! ഇതെന്താണ് കുമാരാ! ഇതെങ്ങനെ സംഭവിച്ചു? ആ കോമളകരങ്ങളിൽ ചോര തുളിക്കാൻ, ആ കണ്ണുകൾ കണ്ണുനീ രണിയാൻ, എന്തുണ്ടായി ഇവിടെ? ഇത് തമ്പുരാൻ അറിഞ്ഞാൽ!

**സിദ്ധാ:** (വേദന മറച്ചു പുഞ്ചിരിയോടെ) ഒന്നും ഇവിടെ സംഭവിച്ചില്ല. ആ സാധനങ്ങൾ തന്നിട്ട് പൊയ്ക്കൊള്ളൂ.

(സാധനങ്ങൾ വാങ്ങിക്കുന്നു. പരിചാരകൻ മനസ്സില്ലാമനസ്സോടെ പോകുന്നു. സിദ്ധാർത്ഥൻ പക്ഷിയുടെ മുറിവ് ഭേദമാക്കാൻ വേണ്ട ശുശ്രൂഷകൾ ചെയ്യുന്നു.)





7th Malayalam_Term-1.indb 108 5/23/2019 3:46:13 PM

## വ്യാകരണം

### മുററുവിന, പററുവിന

പ്രാധാന്യം പ്രമാണിച്ച് ക്രിയകളെ മുററുവിന, പററുവിന എന്ന് തരംതിരിക്കാം.

**മുററുവിന:** മറ്റൊരു പദത്തെയും ആശ്രയിക്കാതെ സ്വതന്ത്രമായി നിൽക്കുന്ന ക്രിയ മുററുവിന.

**ഉദാഹരണം:** പറയുന്നു, ഇളകി, ചെയ്യുന്നു.

**പററുവിന:** പദങ്ങളെ ആശ്രയിച്ച് നിൽക്കുന്ന ക്രിയ പററുവിന.

**ഉദാഹരണം:** പറയുന്ന, ഇളകിയ, ചെയ്യുന്ന.



7th Malayalam_Term-1.indb 109 5/23/2019 3:46:13 PM

# ഭാഗം 8 പരിസ്ഥിതി പ്രകൃതി



## പഠനലക്ഷ്യങ്ങൾ

- പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കൽ
- സാഹിത്യ പ്രാധാന്യമുള്ള കത്തുകളെ കുറിച്ച് മനസ്സിലാക്കൽ

## പാഠഭാഗങ്ങൾ

| | | | |
|---|---|---|---|
| കവിത | : | ജലപ്രളയം | – കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള |
| ഗദ്യം | : | മനുഷ്യന്റെ ആവിർഭാവം | – ജവഹർലാൽ നെഹ്റു |
| കഥ | : | തൊപ്പിക്കച്ചവടക്കാരനും കുരങ്ങന്മാരും | – ഡോ.കെ.ശ്രീകുമാർ |
| വ്യാകരണം | : | ലിംഗം | |




7th Malayalam_Term-1.indb 110 5/23/2019 3:46:14 PM

കവിത

# ജലപ്രളയം

– കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള്ള



**കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള** (1859–1936) ക്രൈസ്തവ കാളിദാസൻ എന്നറിയപ്പെടുന്ന മലയാളത്തിലെ മഹാകവിയാണ്.ലാളിത്യവും വിനയവും അധിഷ്ഠിതമായ കാവ്യശൈലിയാണ് അദ്ദേഹത്തിന്റേത്. പ്രധാനകൃതികൾ, ശ്രീയേശുവിജയം, മാർത്തോമചരിതം, തുടങ്ങിയവ. മിഷനറി അപ്പോസ്തലിക്ബഹുമതി, കേരളകത്തോലിക്ക കോൺഗ്രസിൽ നിന്ന് കീർത്തി മുദ്ര എന്നീ ബഹുമതികൾ ലഭിച്ചു.

'ശ്രീയേശു വിജയം' എന്ന കാവ്യത്തിൽ നിന്നും എടുത്തിട്ടുള്ളതാണ് 'ജലപ്രളയം' എന്ന കവിത. പേമാരി മൂലമുണ്ടാകുന്ന അനിഷ്ട സംഭവങ്ങളെ കവിതയിലൂടെ അനാവരണം ചെയ്യുന്നു.

കറുത്തിരുണ്ടങ്ങനെ വാനിലെങ്ങും
ചെറുത്തുചെന്നെത്തിയ മേഘവൃന്ദം
നിറുത്തൽ തേടാതതിവർഷമാർക്കും
പൊറുത്തുകൂടാത്ത വിധം തുടങ്ങി,

ഇരച്ചുപെയ്യും മഴകൊണ്ടുമെയ്മേ-
ലരച്ചുതേയ്ക്കുംപടി ശീതമേറി
ഒരച്ചിലുണ്ടാക്കിയ പാവപോലെ
മരച്ചുകോച്ചിക്കഷണിച്ചുലോകം



7th Malayalam_Term-1.indb 111 5/23/2019 3:46:14 PM



കയർത്തു പേമാരിചൊരിഞ്ഞമൂലം
രയത്തിലിപ്പാരിടമെങ്ങുമൊപ്പം
ഉയർന്നുവെള്ളം; നരവംശമപ്പോൾ
ഭയന്നു വല്ലാതെ പരിഭ്രമിച്ചു.

അടിക്കടിക്കാധിപുളച്ചുദിക്കും-
പടിക്കുവെള്ളം നിലവിട്ടുയർന്നു
പടിക്കലായ്ക്കണ്ടൊരുതോയമയ്യോ-
ഞൊടിക്കുമുമ്പങ്കണമെങ്ങുമെത്തി.

ഇറക്കമില്ലൊട്ടുമതിന്നശേഷം
തറയ്ക്കുമേലപ്പെരുവെള്ളമേറി,
മുറയ്ക്കുപിന്നീടുമുറിക്കകത്താ-
യറയ്ക്കകത്തും മടിവിട്ടണഞ്ഞു.



7th Malayalam_Term-1.indb 112 5/23/2019 3:46:15 PM



കുഴക്കമായെന്തിനിവേണ്ടു, വെള്ളം
തഴയ്ക്കയാണിത്തിരികോട്ടമന്യേ,
മഴയ്ക്കുമേതും കുറവില്ല,തപ്പി-
പ്പിഴയ്ക്കുവാനെന്തൊരുപായമുള്ളൂ?

നിനച്ചിവണ്ണം പുരകൾക്കുമീതെ
ജനങ്ങളുള്ളം കഷണിച്ചുകേറി,
നനഞ്ഞൊലിച്ചേറെ വിറച്ചനല്പം
മനംകലങ്ങി പ്രലപിച്ചിരുന്നു.



7th Malayalam_Term-1.indb 113 5/23/2019 3:46:16 PM

## അഭ്യാസം

### I. പദപരിചയം

പ്രളയം

മേഘവൃന്ദം

ശീതം

പേമാരി

നരവംശം

അങ്കണം

പരിഭ്രമിച്ചു

പാരിടം

നിനയ്ക്കുക

### II. പര്യായപദം എഴുതുക

ആകാശം

മേഘം

വെള്ളം

### III. പിരിച്ചെഴുതുക

കറുത്തിരുണ്ടങ്ങനെ,

നിനച്ചിവണ്ണം,

വാനിലെങ്ങും

### IV. ചേർത്തെഴുതുക

പുരകൾക്ക് + മീതെ,

കുറവ് + ഇല്ല

### V. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ജലപ്രളയം എന്ന കവിത എഴുതിയ കവി ആര്

അ. കട്ടക്കയത്തിൽ ചെറിയാൻമാപ്പിള

ആ. വള്ളത്തോൾ

ഇ. ജി.ശങ്കരക്കുറുപ്പ്

ഈ. കുമാരനാശാൻ



7th Malayalam_Term-1.indb 114 5/23/2019 3:46:16 PM

2. ജലപ്രളയം ഉണ്ടായപ്പോൾ പരിഭ്രമിച്ചതാര്?

അ. മൃഗങ്ങൾ

ആ. പക്ഷികൾ

ഇ. നരവംശം

ഈ. കവി

## VI. ഉത്തരം എഴുതുക

1. ലോകം ഒരച്ചിലുണ്ടാക്കിയ പാവപോലെയായി കാരണമെന്ത്?
2. വെള്ളം മടിവിട്ട് എവിടെയെല്ലാം കയറി?
3. എന്തു വിചാരിച്ചാണ് ജനങ്ങൾ പുരകൾക്കുമീതെ കയറിയത്?

## VII. അനുബന്ധപ്രവർത്തനം

- പ്രകൃതി ദുരന്തങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കുക




7th Malayalam_Term-1.indb 115 5/23/2019 3:46:16 PM


ഗദ്യം

# മനുഷ്യന്റെ ആവിർഭാവം

- ജവഹർലാൽ നെഹ്റു



ജവഹർലാൽ നെഹ്റു (1889-1964) ആധുനിക ഇന്ത്യയുടെ ശില്പി എന്നു വിശേഷിപ്പിക്കുന്ന ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി. ചാച്ചാ നെഹ്രു, നെഹ്രു മാമ എന്നിങ്ങനെ കുട്ടികൾക്ക് പ്രിയങ്കരനായ നേതാവ്. ഇന്ത്യയെ കണ്ടെത്തൽ, ലോകചരിത്രാവലോകനം എന്നിവ അദ്ദേഹത്തിന്റെ പ്രശസ്ത ഗ്രന്ഥങ്ങളാണ്. അദ്ദേഹത്തിന്റെ 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ' എന്ന പുസതകത്തിൽ നിന്നെടുത്തിട്ടുള്ള ഒരു ഭാഗമാണ് മനുഷ്യന്റെ ആവിർഭാവം.






7th Malayalam_Term-1.indb 116 5/23/2019 3:46:17 PM

ഈഭൂമിയിൽ ആദ്യം എങ്ങനെ അവയവവ്യക്തതയില്ലാത്ത രൂപങ്ങളിൽ ജീവികൾ ഉണ്ടായി എന്നും, ലക്ഷോപലക്ഷം വർഷക്കാലത്തെ പരിണാമംകൊണ്ട് അവ എങ്ങനെ ഇന്നത്തെസ്ഥിതിയിൽ എത്തിയെന്നും കഴിഞ്ഞകത്തിൽ കണ്ടുവല്ലോ. ഈ ജീവിവികാസത്തിൽ രസകരവും പ്രധാനവുമായ ഒരു നിയമമുണ്ടെന്നു നമുക്കു മനസ്സിലായി. അതെന്തെന്നാൽ, ജന്തുക്കൾ എപ്പോഴും അവയുടെ പരിസരങ്ങൾക്കു യോജിക്കുന്നവിധത്തിൽ ജീവിക്കാൻ ശ്രമിക്കുന്നു എന്നതുതന്നെ. ഇപ്രകാരം ചെയ്യാനുള്ള ശ്രമത്താൽ അവയ്ക്ക് പല ഗുണവിശേഷങ്ങളും ഉണ്ടാവുകയും അവ അധികം അവയവവിധാനത്തോടുകൂടിയ ജന്തുക്കളായിത്തീരുകയും ചെയ്തിട്ടുണ്ട്. ഈ പരിണാമം അല്ലെങ്കിൽ വളർച്ച പല പ്രകാരത്തിലുമായിരുന്നു എന്നു നമുക്ക് കാണാം. ഉദാഹരണമായി, ആദ്യം എല്ലില്ലാത്ത ജന്തുക്കൾ ഉണ്ടായി. എന്നാൽ അവയ്ക്ക് അധികകാലം ജീവിച്ചിരിക്കാൻ സാധ്യമല്ലാതെ വന്നപ്പോൾ എല്ലുള്ളവ ഉണ്ടായിത്തീർന്നു. അവയ്ക്ക് ആദ്യമായി ഉണ്ടായ എല്ല് നട്ടെല്ലാണ്. അങ്ങനെ ജന്തുക്കൾ രണ്ടുതരത്തിലായി-(1) എല്ലുള്ളവ (2) എല്ലില്ലാത്തവ, മനുഷ്യനും നാം സാധാരണ കാണുന്ന മൃഗങ്ങളും എല്ലുള്ളവയത്രേ.

ഇതിനുപുറമേ മത്സ്യങ്ങളെപ്പോലെയുള്ള ചില താഴ്ന്നതരം ജീവികൾ ഓരോ പ്രാവശ്യവും അനേകായിരം മുട്ടയിടുന്നു. എന്നാൽ അവയെ കാത്തുരക്ഷിക്കുന്നില്ല. തള്ള കുഞ്ഞുങ്ങളെപ്പറ്റി ശ്രദ്ധ വെക്കുന്നതേയില്ല. തള്ള ഒരിടത്ത് മുട്ടയിട്ട് അവിടെ നിന്ന് പോകുന്നു. പിന്നെ അവിടേക്ക് തിരിച്ചുവരുന്നതേയില്ല. മുട്ടകൾ സൂക്ഷിക്കുന്നതിന് ആരുമില്ലാത്തതു കൊണ്ട്, അവ മിക്കതും നശിച്ചു പോകുന്നു. കുറച്ചെണ്ണം മാത്രമെ മത്സ്യമായിത്തീരുന്നുള്ളൂ. ഇത് ഭയങ്കരമായ ഒരു ദുർവ്യയമല്ലേ? ജീവപരിണാമത്തിൽ കുറെ മേൽപോട്ടു ചെന്ന് ഉയർന്നതരം ജന്തുക്കളെ പരിശോധിക്കുമ്പോൾ അവയുടെ മുട്ടകളോ കുട്ടികളോ എണ്ണത്തിൽ കുറവാണെന്നും എന്നാൽ അവയെ ആ ജന്തുക്കൾ സംരക്ഷിക്കുന്നുണ്ടെന്നും കാണാം.

ജന്തുക്കൾക്ക് സംസ്കാരം കൂടിവരുമ്പോൾ അവ മുട്ടയിടുകയില്ല. അവയെപ്പോലെത്തന്നെ അംഗവികാസമുള്ള ജന്തുക്കളെ ഗർഭധാരണം ചെയ്യുകയാണ് പതിവ് എന്നും ഉയർന്നതരം ജന്തുക്കൾ ഒരിക്കൽ ഒരു കുഞ്ഞിനെ മാത്രമേ പ്രസവിക്കുന്നുള്ളൂ എന്നും നമുക്ക് മനസ്സിലാക്കാം. ഉയർന്നതരം ജന്തുക്കൾക്ക് കുഞ്ഞുങ്ങളോട് കൂടുതൽ വാത്സല്യമുണ്ടെന്നും നാം കാണുന്നു. സംസ്കാരം ഏറ്റവും അധികമുള്ള ജന്തു മനുഷ്യനാണ്. അതുകൊണ്ട് അച്ഛനമ്മമാർ അവരെ പരിപാലിക്കുകയും ചെയ്യുന്നു.

ഇപ്രകാരം മനുഷ്യൻ താഴ്ന്നതരം ജന്തുക്കളിൽ നിന്നു സംസ്കരിച്ചു വന്നതായിരിക്കണം. ആദിമനുഷ്യർ ഒരിക്കലും നാം ഇപ്പോൾ കാണുന്നവരെ



7th Malayalam_Term-1.indb 117 5/23/2019 3:46:17 PM




പ്പോലെ ആയിരുന്നിരിക്കില്ല. പകുതി കുരങ്ങും പകുതി മനുഷ്യനുമായിരുന്ന അവർ ഏതാണ്ട് കുരങ്ങനെപ്പോലെത്തന്നെ ജീവിച്ചിരിക്കണം. ജർമനിയിൽ ഹീഡിൽ ബർഗ്എന്ന പട്ടണത്തിൽ ഒരു പ്രൊഫസറെ കാണാൻ നമ്മൾ പോയത് നിനക്കോർമ്മയുണ്ടോ? ജന്തുക്കളുടെ അവശിഷ്ടങ്ങൾ സൂക്ഷിച്ചുവെച്ചിട്ടുള്ള ഒരു കാഴ്ച ബംഗ്ലാവ് അദ്ദേഹം നമുക്ക് കാണിച്ചു തന്നു.




ഹീഡിബർഗ് മനുഷ്യൻ

അതിൽ വിശേഷിച്ച് ഒരു തലയോട് അദ്ദേഹം ഒരു ഇരുമ്പുപെട്ടിയിൽ ഭദ്രമായി സൂക്ഷിച്ചിരുന്നുവല്ലോ. അത് ഒരു ആദിമനുഷ്യന്റെ തലയോടാണത്രേ. ആ ആദി മനുഷ്യനെ ഇപ്പോൾ 'ഹീഡിബർഗ് മനുഷ്യൻ' എന്നാണ് പറഞ്ഞു



7th Malayalam_Term-1.indb 118 5/23/2019 3:46:18 PM



വരുന്നത്. ആ തലയോട് ഹീഡിൽ ബർഗ് എന്ന പട്ടണത്തിനു സമീപം ഒരിടത്ത് കുഴിച്ചപ്പോൾ കണ്ടു കിട്ടിയതുകൊണ്ടാണ് ആ പേർ വന്നത്. എന്നാൽ ഹീഡിൽ ബർഗോ മറ്റേതെങ്കിലും പട്ടണമോ ആ കാലത്ത് ഉണ്ടായിരുന്നില്ലെന്നതു തീർച്ച തന്നെ.



7th Malayalam_Term-1.indb 119 5/23/2019 3:46:19 PM

## അഭ്യാസം

### I. പദപരിചയം

പരിണാമം

വർഷകാലം

പരിസരം

ദുർവ്യയം

അംഗവികാസം

പരിപാലിക്കുക

വാത്സല്യം

### II. വിപരീതപദം എഴുതുക

വ്യക്തം

പ്രധാനം

### III വാക്യത്തിൽ പ്രയോഗിക്കുക

രസകരം, പരിസരം

### IV ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക

1. ജന്തുക്കൾ എപ്പോഴും ഏതിന് യോജിക്കുന്ന വിധത്തിൽ ജീവിക്കാൻ ശ്രമിക്കുന്നു

അ. പരിസരങ്ങൾക്ക്

ആ. കാലാവസ്ഥയ്ക്ക്

ഇ. സമുദായങ്ങൾക്ക്

ഈ. വിശ്വാസങ്ങൾക്ക്

2. ആദ്യം ഉണ്ടായ ജന്തുക്കൾ ആണ്

അ. എല്ലുള്ളവ

ആ. എല്ലില്ലാത്തവ

ഇ. ഇഴജന്തുക്കൾ

ഈ. മീനുകൾ



7th Malayalam_Term-1.indb 120 5/23/2019 3:46:19 PM

3. ഹീഡിൽ ബർഗ് എന്ന പട്ടണം സ്ഥിതിചെയ്യുന്നതെവിടെ?

അ. ഇറ്റലിയിൽ

ആ. ജർമ്മനിയിൽ

ഇ. ഇംഗ്ലണ്ടിൽ

ഈ. ഫ്രാൻസിൽ

## V. ഉത്തരമെഴുതുക

1. ജീവിവികാസത്തിലെ രസകരവും പ്രധാനവുമായ നിയമം എന്താണ്?
2. ജന്തുക്കളെ എത്രയായി തരം തിരിക്കാം? അവ ഏവ?
3. സംസ്കാരം ഏറ്റവും അധികമുള്ള ജന്തു ഏത്?എന്തു കൊണ്ടാണ് അങ്ങനെ പറയുന്നത്?

## VI. ഖണ്ഡികയിൽ ഉത്തരമെഴുതുക

1. മത്സ്യങ്ങളെപ്പോലെയുള്ള ചിലതരം താഴ്ന്ന ജീവികളുടെ പ്രത്യുൽപാദന രീതി വിവരിക്കുക.
2. 'ഹീഡിബർഗ് മനുഷ്യൻ' എന്നാൽ എന്താണെന്ന് വിശദമാക്കുക

## VII. അനുബന്ധ പ്രവർത്തനങ്ങൾ

- മനുഷ്യന്റെ ഉത്പത്തിയെക്കുറിച്ചുള്ള പുസ്തകങ്ങൾ കണ്ടെത്തി അവയുടെ പേരുകൾ കുറിച്ചുവെക്കുക



7th Malayalam_Term-1.indb 121 5/23/2019 3:46:19 PM

കഥ

# തൊപ്പിക്കച്ചവടക്കാരനും കുരങ്ങന്മാരും

– ഡോ.കെ.ശ്രീകുമാർ



**ഡോ.കെ.ശ്രീകുമാർ** 1967-എറണാകുളം ജില്ലയിലെ കണയന്നൂരിൽ ജനിച്ചു. 1993 മുതൽ മാതൃഭൂമിയിൽ പത്രപ്രവർത്തകനാണ്. ഇരുപതിൽപരം ബാലസാഹിത്യ കൃതികൾ പ്രസിദ്ധീകരിച്ചു. 'ഉണ്ണ്യായേം പൊന്നുമുത്തശ്ശീം' എന്ന കൃതിക്ക് പ്രഥമ പി. ടി ഭാസ്കരപ്പണിക്കർ അവാർഡും ഭീമാജി കേരള നവോത്ഥാന സാഹിത്യസംഘം അവാർഡും, നേടി. അദ്ദേഹത്തിന്റെ 'ഇരട്ടിമധുരം' എന്ന പുസ്തകത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ് തൊപ്പിക്കച്ചവടക്കാരനും കുരങ്ങന്മാരും എന്ന കഥ.



'തൊപ്പിവേണോ തൊപ്പി? കാക്കത്തൊപ്പി, ഓലത്തൊപ്പി, കുട്ടിത്തൊപ്പി, അച്ഛൻതൊപ്പി, അമ്മത്തൊപ്പി, അമ്മൂമ്മത്തൊപ്പി.......തൊപ്പിവേണോ തൊപ്പി?'

തൊണ്ടകീറി വിളിച്ചുപറഞ്ഞ് തൊപ്പിക്കച്ചവടക്കാരൻ നടന്നു. ഗ്രാമത്തിൽ ജനവാസം കുറവാണ്. അതുകൊണ്ടു തന്നെ കച്ചവടവും മോശം. തൊപ്പികൾ നിറച്ച ഭാണ്ഡവും തൂക്കി രാവിലെ മുതൽ തുടങ്ങിയ നടത്തമാണ്.



7th Malayalam_Term-1.indb 122 5/23/2019 3:46:19 PM



വല്ലപ്പോഴും ആരെങ്കിലുമൊക്കെ വന്ന് തൊപ്പിയുടെ വില ചോദിച്ചെങ്കിലായി. ചിലപ്പോൾ ഒന്നോരണ്ടോ എണ്ണം എടുത്തുനോക്കിയാലായി.

ഈ വഴിക്ക് വരാൻതോന്നിയ നിമിഷത്തെ ശപിച്ച് തൊപ്പിക്കച്ചവടക്കാരൻ നടന്നു. നടന്നു നടന്ന് ക്ഷീണിച്ചു. കാലുകൾ കഴച്ചിട്ട് ഇനി ഒരടി നടക്കാനാവില്ല. ഇതുവരെ എവിടെനിന്നും പച്ചവെള്ളംപോലും കുടിക്കാൻ കിട്ടിയിട്ടുമില്ല.

ഇനിയൽപം വിശ്രമിച്ചിട്ടുതന്നെ വേറെകാര്യം.

തൊപ്പിക്കച്ചവടക്കാരൻ ചുറ്റും നോക്കിയപ്പോൾ അൽപ്പം അകലെയായി പടർന്നു പന്തലിച്ചു നിൽക്കുന്ന ഒരാൽമരം കണ്ടു. അതിന്റെ ചുവട്ടിൽ നല്ല തണലുണ്ട്. തന്റെ വിശ്രമസ്ഥലം അതുതന്നെയെന്ന് അയാൾ തീരുമാനിച്ചു.

തൊപ്പിസഞ്ചി തോളിൽ നിന്നിറക്കി താഴെ വെച്ചു. അതിൽ നിന്ന് ഒരു തൂവൽതൊപ്പിയടുത്ത് തലയിൽ വെച്ച് ഉറങ്ങാനിരുന്നു. അഥവാ ആരെങ്കിലും അതിലെ വന്നാൽ താനൊരു തൊപ്പിക്കച്ചവടക്കാരനാണെന്ന് മനസ്സിലാക്കിക്കോട്ടെ എന്നു കരുതിയാണ് അങ്ങനെ ചെയ്തത്. ക്ഷീണം കൊണ്ട് ഇരുന്ന ഇരിപ്പിൽ തന്നെ അയാൾ ഉറങ്ങിപ്പോയി.

ആ ആൽമരം ഒരു വാനരസംഘത്തിന്റെ താവളമായിരുന്നു. ഒരു നേതാവും നൂറോളം വരുന്ന അനുയായികളുമാണ് സംഘത്തിലുണ്ടായിരുന്നത്.



7th Malayalam_Term-1.indb 123 5/23/2019 3:46:19 PM



നേതാവ് സൂക്ഷിച്ചു നോക്കിയപ്പോഴാണ് കണ്ടത്. മരച്ചുവട്ടിൽ ഒരാളിരുന്ന് ഉറങ്ങുന്നു. അയാളുടെ തല മറ്റുമനുഷ്യരുടേതുപോലെയല്ല. തലയിൽ മുളച്ചിരിക്കുന്നത് തലമുടിയല്ല, പലനിറത്തിലുള്ള പക്ഷിത്തൂവലുകൾ.

ഇതെന്തത്ഭുതം!

നേതാവ് അനുയായികളെ വിളിച്ച് സംഭവം കാട്ടിക്കൊടുത്തു. അവരും കൗതുകത്തോടെ പല്ലിളിച്ചു.

നേതാവും സംഘവും വേഗം താഴെയിറങ്ങി തൊപ്പിക്കച്ചവടക്കാരനു ചുറ്റും നടന്നു. അയാളുടെ തൊപ്പിയാണ് അവരെ ആകർഷിച്ചത്. നേതാവ് ആ തൊപ്പിയിൽ തൊട്ടും തലോടിയും നോക്കിയിട്ടും തൊപ്പിക്കച്ചവടക്കാരൻ ഉണർന്നില്ല. അതിനിടയിൽ ചില കുരങ്ങന്മാർ അയാളുടെ ഭാണ്ഡം മാന്തിപ്പൊളിച്ച് തൊപ്പികൾ പുറത്തെടുത്തുകഴിഞ്ഞു. അവരോരോരുത്തരും ഓരോ തൊപ്പിയെടുത്ത് തൊപ്പിക്കാരൻ വെച്ചതുപോല തലയിൽ വെച്ചു. എന്നിട്ട് എല്ലാവരും മരത്തിനു മുകളിൽ കയറിപ്പോയി. ചിലർ ഒന്നും രണ്ടും തൊപ്പി എടുത്തതിനാൽ കച്ചവടക്കാരന്റെ സഞ്ചി തീർത്തും കാലിയായി.

ദീർഘനേരത്തെ ഉറക്കം കഴിഞ്ഞ് കോട്ടുവാവിട്ട് എഴുന്നേറ്റപ്പോഴാണ് തന്റെ തൊപ്പികൾ കാണാനില്ലെന്ന കാര്യം തൊപ്പിക്കച്ചവടക്കാരൻ അറിഞ്ഞത്. അയാൾ നെഞ്ചിൽ കൈവെച്ചു. 'ചതിച്ചോ?' പെട്ടെന്നയാൾ സ്വന്തം തലയിൽ പരതിനോക്കി. അതുമാത്രം അവിടെയുണ്ട്. താനുറങ്ങുമ്പോൾ തൊപ്പികൾ ആരോ മോഷ്ടിച്ചുകൊണ്ടുപോയിരിക്കും എന്നയാൾ കരുതി.



7th Malayalam_Term-1.indb 124 5/23/2019 3:46:19 PM



അപ്പോഴാണ് മരത്തിന്റെ മുകളിൽ നിന്ന് കുരങ്ങന്മാരുടെ ചിലച്ചിൽ കേട്ടത്. അയാൾ തലയുയർത്തി നോക്കിയപ്പോൾ കണ്ട കാഴ്ച്ച ഇതാണ്. എല്ലാ കുരങ്ങന്മാരും തലയിൽ തൊപ്പിവെച്ച് ഗമയിലങ്ങനെ ഇരിക്കുന്നു! തൊപ്പിക്കച്ചവടക്കാരന് ദേഷ്യവും സങ്കടവുമൊക്കെ വന്നു.

അയാൾ എഴുന്നേറ്റ് കുരങ്ങന്മാരുടെ നേരെ കണ്ണുരുട്ടിക്കാട്ടി. അപ്പോൾ കുരങ്ങന്മാർ അയാളുടെ നേർക്കും കണ്ണുരുട്ടി. അയാൾ കുരങ്ങന്മാരെ ഉറക്കെ ശകാരിച്ചു. കുരങ്ങന്മാർ അയാളെനോക്കി പല്ലിളിച്ചുകാട്ടി.

തൊപ്പിക്കച്ചവടക്കാരന് കഠിനമായി ദേഷ്യം വന്നു. അയാൾ നിലത്തുനിന്നും കല്ലുകൾ പെറുക്കി അവർക്കുനേരെ എറിഞ്ഞു. കുരങ്ങന്മാർ ആ കല്ലുകൾ പിടിച്ചെടുത്ത് അയാൾക്കുനേരെ തിരിച്ചെറിഞ്ഞു.

ഇതുകണ്ടപ്പോൾ തൊപ്പിക്കച്ചവടക്കാരന്റെ മുഖം വിടർന്നു. താൻ ചെയ്യുന്നതെല്ലാം കുരങ്ങന്മാർ അതേപടി ആവർത്തിക്കുന്നു. എങ്കിൽ തന്റെ തൊപ്പികൾ തിരിച്ചുകിട്ടാനും ഇതേ തന്ത്രം മതിയാകും.





തൊപ്പിക്കച്ചവടക്കാരൻ തന്റെ തലയിൽ നിന്നും തൊപ്പിയൂരിയെടുത്തു. ഇതുകണ്ട് കുരങ്ങന്മാരും അങ്ങനെ ചെയ്തു. അയാൾ തൊപ്പിമുഖത്തിനു നേരെ പിടിച്ച് മുഖം നോക്കുന്നതായിഭാവിച്ചു. കുരങ്ങന്മാരും അതനുകരിച്ചു. അടുത്തനിമിഷം തൊപ്പിക്കച്ചവടക്കാരൻ തൊപ്പികുരങ്ങന്മാർക്കു നേരെ വീശിയെറിഞ്ഞു. ഇത് ശ്രദ്ധിച്ച കുരങ്ങന്മാർ മുഴുവൻ തൊപ്പികളും കച്ചവടക്കാരനെ ലക്ഷ്യമാക്കി എറിഞ്ഞു.

തൊപ്പിക്കച്ചവടക്കാരൻ കാത്തുനിന്നതും ഈ നിമിഷത്തിനാണ്. അയാൾ അല്പംപോലും സമയം പാഴാക്കാതെ തന്റെ തൊപ്പികൾ പെറുക്കിയെടുത്ത് സഞ്ചിയിലാക്കി സ്ഥലംവിട്ടു. കുരങ്ങന്മാർ ഇളിഭ്യരായി മരത്തിനു മുകളിലിരുന്നു.

അവസരോചിതമായി പ്രവർത്തിച്ചാൽ നഷ്ടപ്പെട്ടവ വീണ്ടെടുക്കാമെന്ന് ഇതിൽ നിന്ന് മനസ്സിലായില്ലേ?



7th Malayalam_Term-1.indb 126 5/23/2019 3:46:20 PM

വ്യാകരണം

# ലിംഗം

**ലിംഗം- മൂന്ന് വിധം**

1. പുല്ലിംഗം, സ്ത്രീലിംഗം, നപുംസകലിംഗം

| | | |
|---|---|---|
| **പുല്ലിംഗം** | - | പുരുഷജാതിയെക്കുറിക്കുന്നത് പുല്ലിംഗം |
| **ഉദാ** | - | അധ്യാപകൻ, വിരുതൻ, പിടിയാന |
| **സ്ത്രീലിംഗം** | - | പെൺജാതിയെ സൂചിപ്പിക്കുന്നത് സ്ത്രീലിംഗം |
| **ഉദാ** | - | സുന്ദരി, അധ്യാപിക, കൊമ്പനാന |
| **നപുംസകലിംഗം** | - | ആൺ പെൺ ജാതിയിൽ പെടാതെ നിൽക്കുന്നത് നപുംസകലിംഗം |
| **ഉദാ** | - | വാഹനം, പേന, ആകാശം, ഭൂമി, ജലം |



7th Malayalam_Term-1.indb 127 5/23/2019 3:46:20 PM

# ഭാഗം 9 ഐക്യത, സംസ്കാരം



## പഠനലക്ഷ്യങ്ങൾ

- ഐക്യമനോഭാവത്തെക്കുറിച്ച് മനസ്സിലാക്കൽ
- ചരിത്രപ്രധാനമായ പ്രകൃതിസ്ഥലങ്ങളെ മനസ്സിലാക്കൽ
- പൗരാണിക കഥകളെ കുറിച്ച് മനസ്സിലാക്കൽ

## പാഠഭാഗങ്ങൾ

| | | | |
|---|---|---|---|
| കവിത | : | എല്ലാമൊന്ന് | - എസ്. രമേശൻ നായർ |
| ഗദ്യം | : | കാവേരിയുടെ ഓർമ്മയ്ക്ക് | - പി.സുരേന്ദ്രൻ |
| കഥ | : | തൊപ്പിക്കച്ചവടക്കാരനും കുരങ്ങന്മാരും | - ഡോ.കെ.ശ്രീകുമാർ |
| വ്യാകരണം | : | വചനം | |



7th Malayalam_Term-1.indb 128 5/23/2019 3:46:21 PM

കവിത

# എല്ലാമൊന്ന്

എസ്. രമേശൻ നായർ



**എസ്.രമേശൻ നായർ** 1948-ൽ കന്യാകുമാരിയിൽ കുമാരപുരത്ത് ജനിച്ചു. മലയാളസാഹിത്യത്തിൽ കവി ഗാനരചയിതാവ്,തിരക്കഥാകൃത്ത്, എന്നീ നിലകളിൽ പ്രശസ്തനാണ്. ഗ്രാമക്കുയിൽ, നീതി സാരം, സരയൂ തീർത്ഥം, ശതാഭിഷേകം, എന്നിവ പ്രധാന കൃതികൾ അഞ്ഞൂറിലേറെ ഗാനങ്ങൾ രചിച്ചിട്ടുണ്ട്. കമ്പരാമായണം, ചിലപ്പതികാരം തിരുക്കറൾ എന്നീ കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. 2018 ൽ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

ആയിരം പക്ഷികൾ പാടിപ്പറന്നാലു-
മാകാശമൊന്നുതന്നെ.
പുഷ്പങ്ങളായിരം പൂത്തു വിടർന്നാലു-
മുദ്യാനമൊന്നു തന്നെ.

തിരകളനവധി ഗർജിച്ചുയർന്നാലു-
മലകടലൊന്നുതന്നെ.
വിടപികളായിരമിടതിങ്ങി നിന്നാലും
വിപിനമതൊന്നുതന്നെ.

രാഗങ്ങളായിരം പാടിയാലും വിശ്വ-
ഗായകനൊന്നുതന്നെ.



7th Malayalam_Term-1.indb 129 5/23/2019 3:46:21 PM



രൂപങ്ങൾ കോടാനുകോടിയുണ്ടാകിലും
ജീവൻ, അതൊന്നുതന്നെ.

വേഷങ്ങളായിരമുണ്ടെങ്കിലും കർമ-
വേദാന്തമൊന്നുതന്നെ.
വെവ്വേറെ ഭാഷകളോതിയാലും ലോക-
രെല്ലാരുമൊന്നുതന്നെ.

ഏഴു നിറങ്ങൾ വെവ്വേറെയുണ്ടെങ്കിലു-
മെല്ലാം വെളുപ്പുതന്നെ.
ഓരോ നിറംകൊണ്ട മർത്ത്യർക്കുമുള്ളിലെ-
ച്ചോര ചുവപ്പുതന്നെ!



7th Malayalam_Term-1.indb 130 5/23/2019 3:46:21 PM

രാവും പകലും മറിഞ്ഞുവന്നീടിലും
ഭൂമിയിതൊന്നുതന്നെ.
നോവും സുഖവുമനുഭവിക്കുമ്പോഴും
ജീവിതമൊന്നുതന്നെ.

താണും കുഴിഞ്ഞുമിഴഞ്ഞു നീളം വഴി-
ത്താരകളൊന്നുതന്നെ.
എത്ര വഴികൾ കടന്നാലുമേവർക്കും
ലക്ഷ്യവുമൊന്നുതന്നെ.

ഒന്നിൽത്തുടങ്ങി പലതായ് വളർന്നാലു-
മൊടുവിൽ നാമൊന്നുതന്നെ.
മുപ്പത്തുമുക്കോടിയുണ്ടെങ്കിലും ദൈവം
സത്യത്തിലൊന്നുതന്നെ.





7th Malayalam_Term-1.indb 131 5/23/2019 3:46:22 PM

## അഭ്യാസം

### I. പദപരിചയം

ഉദ്യാനം

വിടപി

വിപിനം

വിശ്വം

ഗായകൻ

വേദാന്തം

മർത്യർ

താരകം

### II. പര്യായപദം എഴുതുക-

ഉദ്യാനം –

വിടപി –

### III. പിരിച്ചെഴുതുക

പാടിപ്പറന്നാലും

വിടപികളായിരം

ജിവിതമൊന്ന്

### IV. ചേർത്തെഴുതുക

| | | |
|---|---|---|
| രാഗങ്ങൾ | + | ആയിരം |
| ഭാഷകൾ | + | ഓതിയാലും |
| വേറെ | + | വേറെ |



7th Malayalam_Term-1.indb 132 5/23/2019 3:46:22 PM

## V. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ആയിരം പുഷ്പങ്ങൾ വിടരുന്നത് എവിടെ?

   അ. ഉദ്യാനത്തിൽ

   ആ. ആകാശത്തിൽ

   ഇ. സമുദ്രത്തിൽ

   ഈ. ശൂന്യതയിൽ

2. തിരകൾ അനവധി ഗർജ്ജിക്കുന്നത് എവിടെയാണ്?

   അ. കാനനത്തിൽ

   ആ. അലകടലിൽ

   ഇ. കരയിൽ

   ഈ. പ്രകൃതിയിൽ

## VI. ഉത്തരമെഴുതുക

1. ഈ കവിതയിൽ വെളുപ്പും ചുവപ്പും തമ്മിലും, ആകാശവും ഉദ്യാനവും തമ്മിലും കവി എങ്ങനെ താരതമ്യം ചെയ്യുന്നു.?

## VII. ഖണ്ഡികൽ ഉത്തരമെഴുതുക

1. എല്ലാമൊന്ന് എന്ന കവിതയിൽ ഐക്യത നിലനിർത്താൻ കവി വർണ്ണിക്കുന്ന കാര്യങ്ങളെന്തെല്ലാം?

## VIII. അനുബന്ധ പ്രവർത്തനങ്ങൾ

- ഈ കവിതയിൽ പലതിനെയും പ്രതിപാദിച്ചിരിക്കുന്നല്ലോ...അവയെ പട്ടികപ്പെടുത്തുക

  **ഉദ:** പലതരം പക്ഷികൾ

  ആയിരം പുഷ്പങ്ങൾ

  ........................................

  ........................................

- ഐക്യബോധം ഉണർത്തുന്ന പഴഞ്ചൊല്ലുകൾ കണ്ടെത്തി എഴുതുക.

ഗദ്യം

# കാവേരിയുടെ ഓർമ്മയ്ക്ക്

പി.സുരേന്ദ്രൻ



**പി.സുരേന്ദ്രൻ:** (1961) മഞ്ചേരിക്കടുത്ത് പാപ്പിനിപ്പാറയിൽ ജനനം. നോവലിസ്റ്റ്, കലാവിമർശകൻ, സഞ്ചാരി, അദ്ധ്യാപകൻ, എന്നീ നിലകളിൽ പ്രശസ്തൻ. ഭൂമിയുടെ നിലവിളി, പിരിയൻ ഗോവണി, ചെറുകഥാ സമാഹാരങ്ങൾ, നോവലുകൾ, ലേഖനസമാഹാരം, യാത്രാവിവരണം എന്നീ കൃതികളുടെ കർത്താവാണ്. കേരളാസാഹിത്യ അക്കാദമി അവാർഡ്, കേരള ലളിതകലാ അക്കാദമി അവാർഡ് എന്നീ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

തലക്കാവേരിയിലേക്കുള്ള കാട്ടുവഴിയിലൂടെ നടന്നു കയറാൻ വേണ്ടിയാണ് ഞാനാദ്യമായി ഭാഗമണ്ഡലത്തെത്തുന്നത്. വർഷങ്ങൾക്കു മുമ്പാണത്.

കുടകിലെ ഒരിടുങ്ങിയ ജനപദമാണ് ഭാഗമണ്ഡലം. ആദ്യത്തെ യാത്രയ്ക്കുശേഷം വർഷങ്ങളുടെ ഇടവേളകളിൽ പലതവണ ഭാഗമണ്ഡലത്ത് ചെന്നിട്ടുണ്ട് ഞാൻ. വലിയ മാറ്റങ്ങൾ സംഭവിക്കാത്ത പ്രദേശം. കന്നടഛായ ഒട്ടുമില്ല.

ഭഗന്ദ മഹർഷിയുടെ ഓർമ്മ പേറുന്ന സ്ഥലമാണിത്. ഇവിടെയാണ് ത്രിവേണീസംഗമം. ഇവിടുത്തെ ഭഗന്ദേശ്വരക്ഷേത്രത്തിലേ മുഖ്യ പ്രതിഷ്ഠ ശിവനാണ്. ഭഗന്ദമുനി പ്രതിഷ്ഠ നടത്തി എന്നാണ് ഐതിഹ്യം. പതിന്നാലാം നൂറ്റാണ്ടിലെ ഒരു ശിലാലിഖിത പ്രകാരം ഇവിടെ ഭരണം നടത്തിയിരുന്നത് വടക്കേ മലബാറിലെ ബോധരൂപ ഭഗവാൻ എന്ന രാജാവിന്റെ സാമന്തനായിരുന്ന മേൽപുള്ളി കുന്നിയരാനായിരുന്നു. അദ്ദേഹമാണ് ഈ ക്ഷേത്രങ്ങൾ സംരക്ഷിച്ചിരുന്നത്.

അഫ്സലാബാദ് എന്ന് ഭാഗമണ്ഡലത്തിന് പേരുവീണ ഒരു കാലഘട്ടം ചരിത്രവിസ്മൃതികളിലുണ്ട്. ടിപ്പുവിന്റെ പടയോട്ടകാലത്താണ് ക്ഷേത്രത്തിന് സാരമായ പരിക്കുപറ്റിയെന്നും പറയുന്നു. കുടകു രാജാവായിരുന്ന ചെറിയ വീരരാജേന്ദ്ര ഉടയാർ ടിപ്പുവിനെ തോൽപ്പിച്ച് ഭാഗമണ്ഡലം വീണ്ടെടുത്തതിന്റെ ഓർമ്മയ്ക്കായി 1797-ൽ ക്ഷേത്രം പുതുക്കിപ്പണിതു. കേരളീയ വാസ്തു



7th Malayalam_Term-1.indb 134 5/23/2019 3:46:23 PM



ശിൽപ വിധിപ്രകാരം പണിത ഭാഗമണ്ഡലം ക്ഷേത്രത്തിലെ ആചാരങ്ങൾ കേരളീയ മാതൃകയിലാണ്. പൂജാരീതികളുമതെ. മുഖ്യപൂജാരികളും മലയാളികളാണ്. സാംസ്കാരികമായി ഈ പ്രദേശത്തിന് കേരളവുമായാണ് ചായ്വ്.

ആദ്യയാത്രയിൽ പോക്കറ്റിന് ഒട്ടും കനമില്ലാത്തതുകൊണ്ട് അമ്പലം വക സത്രത്തിൽ തന്നെയാണ് താമസിച്ചത്. ജാലകങ്ങളില്ലാത്ത സത്രമുറി. ഒരുരാത്രി കഴിച്ചുകൂട്ടാൻതന്നെ പ്രയാസമാണെന്നു തോന്നി. വീർപ്പുമുട്ടുണ്ടാക്കുന്ന പുരാതന ഗന്ധമായിരുന്നു മുറിയിൽ തിങ്ങി നിന്നിരുന്നത്. അത് സഹിക്കാൻ പറ്റാതെ സായാഹ്നത്തിൽ നദീതീരത്ത് ചെന്നിരിക്കുമ്പോഴാണ് രാമാചാരി സ്വാമിയെ പരിചയപ്പെട്ടത്. കാവേരിക്ക് ഒരു നദിയുടെ ഭാവമൊന്നുമില്ല ഇവിടെ.തെളിഞ്ഞ ഒരരുവി. അതിനിടയിൽ കിളിമുട്ടപോലുള്ള കല്ലുകൾ. ഇത്തരം മൂന്ന് ചെറിയ നദികൾ ഇവിടെ വന്നുചേർന്ന് ത്രിവേണീ സംഗമമായി പിന്നെ ഒറ്റക്കാവേരിയായി ഒഴുകുന്നു.

സ്വാമി മലയാളിയാണ്. കാഞ്ഞങ്ങാട്ടുകാരൻ ക്ഷേത്രംകൊണ്ട് പുലരുന്നു. എൺപതു വയസ്സ് പ്രായമുണ്ടായിരുന്നു. മൂന്ന് പതിറ്റാണ്ട് നടത്തിയ യാത്രയ്ക്കൊടുവിൽ ശാന്തി കണ്ടെത്തിയത് ഭാഗമണ്ഡലത്ത്.

'ഇനി യാത്ര വയ്യ.'

സ്വാമി പറഞ്ഞു.

കാവേരിയുടെ ഉത്ഭവസ്ഥാനത്തേക്ക് നടന്നു പോകേണ്ടവഴിയെപ്പറ്റി സ്വാമി വിശദീകരിച്ചുതന്നു.

'രാവിലെ നേരത്തെ പുറപ്പെട്ടാൽ ഉച്ചയാവുമ്പോഴേക്കും തിരിച്ചെത്താം.'

'വഴിതെറ്റിയാലോ?'



7th Malayalam_Term-1.indb 135 5/23/2019 3:46:24 PM

'ഇല്ല. വഴികാട്ടിയായി ഇലക്ട്രിക്പോസ്റ്റുകളുണ്ട്. അത് നോക്കി പോയാൽ മതി. തലക്കാവേരിയിലേക്കുള്ള ഇലക്ട്രിക്ക് ലൈനാണ്.'

എന്നാലും ഒറ്റയ്ക്ക് പോകാൻ മടി. ഞാനത് സ്വാമിയോട് പറയുകയും ചെയ്തു.

'നോക്കട്ടെ. രാവിലെ വല്ല ഭക്തന്മാരേയും കിട്ടിയാൽ അവർക്കൊപ്പം അയക്കാം.'

പിറ്റേന്ന് രാവിലെ സ്വാമി പറഞ്ഞു:

എന്തായാലും ഗുരുത്തമുണ്ട്. കൂട്ടിന് ഒരു ഭക്തനെ കിട്ടി.

കാവേരീ തീരത്തിരുന്ന് ക്ഷുരകനെക്കൊണ്ട് മുണ്ഡനം ചെയ്യിക്കുന്ന ആളെ സ്വാമി എനിക്ക് പരിചയപ്പെടുത്തി.

'നടന്നു മല കയറാൻ വന്നതാണ്. ഇനി നിങ്ങൾ ഒന്നിച്ചു പൊയ്ക്കോളൂ.'

മധുരയ്ക്കടുത്തുള്ള ഒരു ഗ്രാമത്തിൽ നിന്നാണ് അയാൾ വരുന്നത്. പേര് ചിന്നച്ചാമി.

മകളെ മുണ്ഡനം ചെയ്ത് കാവേരിയിൽ കുളിപ്പിച്ച് ഭാഗമണ്ഡലം ക്ഷേത്രത്തിലെ ദർശനവും കഴിഞ്ഞ് ഞങ്ങൾ കാവേരിയുടെ ഉയരത്തിലേക്ക് യാത്രപുറപ്പെട്ടു.

ചിരപരിചിതനായ ഒരു സുഹൃത്തിനോടെന്നവണ്ണം ചിന്നച്ചാമി സംസാരിച്ചുകൊണ്ടിരുന്നു. തലക്കാവേരിയിലേക്കുള്ള യാത്ര ചിന്നച്ചാമി അത്രയും കാലം മനസ്സിൽ സൂക്ഷിച്ച സ്വപ്നമാണ്. മകളുടെ പേര് കാവേരി. പിറന്നനാൾ മുതൽ പലരോഗങ്ങൾ അവളെ ബാധിച്ചു. തലക്കാവേരിയിലെ തീർത്ഥത്തിൽ മകളേയും കൊണ്ട് മുങ്ങിനിവരാമെന്ന് വഴിപാട് നേർന്നതിന്റെ കാരണമതാണ്.

കാവേരിയുടെ ദിവ്യത്വത്തെക്കുറിച്ച് ചിന്നച്ചാമി വാചാലനായി. ജനവാസകേന്ദ്രങ്ങൾക്കിടയിലെ വഴിയിലൂടെയാണ് കുറേ ദൂരം പോകേണ്ടത്. കാപ്പിയും ഓറഞ്ചും വിളയുന്ന തോട്ടങ്ങളാണ് ഇരുവശവും. കാപ്പിച്ചെടികൾക്കിടയിലൂടെ കുടകിന്റെ പെണ്ണഴക് ഇടയ്ക്കിടക്ക് മിന്നിമറയും.

കുത്തനെയുള്ള നടവഴിയിൽ നിന്ന് പ്രധാന റോഡിലേക്ക് കയറുന്നതിനിടയ്ക്ക് ചെറിയ ഹോട്ടലുണ്ട്. വീടും ഹോട്ടലും ഒക്കെ ഒന്നു തന്നെ. അവർ കുറേ തേൻ കൂടുകൾ വെച്ചിട്ടുണ്ട്. തേൻ നിറച്ച കുപ്പികൾ അവർ ഹോട്ടലിനു മുമ്പിൽ പ്രദർശിപ്പിച്ചു വെച്ചിരിക്കുന്നു. തേനിന്റെ നാടാണിത്.

കമണ്ഡലുവിലെ ജലമായി ഒതുങ്ങാൻ കൂട്ടാക്കാതെ കുതറിയൊഴുകിപ്പോയ സ്ത്രീത്വത്തെക്കുറിച്ചുള്ള കഥയാണ് കാവേരിയുടേത്. ഏറെ പുരാതനമായ കഥ. ആഗ്നേയപുരാണത്തിലും സ്കന്ദപുരാണത്തിലും കുട



7th Malayalam_Term-1.indb 136 5/23/2019 3:46:24 PM

കിലെ നാടോടിക്കഥയിലും ചില പാഠഭേദങ്ങളോടെ ഈ കഥ കടന്നുവരുന്നു. അഗസ്ത്യന്റെ തെക്കോട്ടുള്ള യാത്രയുടെ ചരിത്രം ഈ കഥയിലുണ്ട്.

ഹിമാലയത്തിൽ നിന്ന് കാവേര്യാശ്രമത്തിലെത്തിയ അഗസ്ത്യൻ കാവേരിയുടെ ചന്തം കണ്ട് മോഹിച്ചു. വിവാഹം കഴിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. കാവേരിക്ക് സമ്മതമായിരുന്നു. പക്ഷേ,ഒരു ഉപാധി അവൾ മുന്നോട്ടു വെച്ചു.വിവാഹം കഴിഞ്ഞാൽ പിന്നെ അവളെ ഒറ്റയ്ക്കാക്കി അഗസ്ത്യൻ എങ്ങോട്ടും പോകരുത്. അഗസ്ത്യൻ അതംഗീകരിച്ചു.

ഒരിക്കൽ അഗസ്ത്യന് ബ്രഹ്മഗിരിയുടെ മറുഭാഗത്തുനിന്ന് ഉത്ഭവിക്കുന്ന കനകാനദിയിലേക്ക് പോകേണ്ടിവന്നു. അന്നേരം തന്റെ തപസിദ്ധി കൊണ്ട് കാവേരിയെ ജലമാക്കി കമണ്ഡലുവിൽ നിറച്ചാണ് മഹർഷി പോയത്. ആശ്രമത്തിലെ ബ്രഹ്മകുണ്ഡികയിൽ വെച്ച കമണ്ഡലു ശ്രദ്ധിക്കാൻ ശിഷ്യന്മാരെ ഏൽപ്പിച്ചു.

ഏറെനേരം അഗസ്ത്യനെക്കാണാതെ കോപിച്ച കാവേരി കമണ്ഡലുവിൽ നിന്ന് പുറത്തേക്കൊഴുകുകയും ബ്രഹ്മഗിരിയിൽ നിന്ന് താഴേക്കൊഴുകി തന്റെ അവതാര ലക്ഷ്യം നേടാൻ നദിയായി മാറുകയും ചെയ്തു. നദീരൂപം കൊണ്ട് കാവേരി ബ്രഹ്മഗിരിയുടെ താഴ്വരയിലെ ഭാഗമണ്ഡലത്തുവെച്ച് കനകയും സുജ്യോതിയുമായി ചേർന്ന് യാത്രതുടരവെ കാവേരിയെ തടഞ്ഞുനിർത്താനായി ഭഗന്ദമഹർഷി ശിവനെ വിളിച്ചുനോക്കി. പക്ഷേ, ഭാഗമണ്ഡലത്തെ പുണ്യഭൂമിയായി അനുഗ്രഹിച്ച് അവൾ തന്റെ ലക്ഷ്യത്തിലേക്ക് കുതിച്ചു.

അഗസ്ത്യൻ മടങ്ങിവരുമ്പോഴേക്ക് കാവേരി ഏറെ ദൂരം ഒഴുകിക്കഴിഞ്ഞിരുന്നു. തലക്കാവേരിയിൽ നിന്ന് മുപ്പത്തേഴുകിലോമീറ്റർ ദൂരെയുള്ള ബലമുറിയിൽ വെച്ച് അഗസ്ത്യൻ കാവേരിയെ തടയാൻ ചെന്നു.

അഗസ്ത്യനോടൊപ്പം കുടകുരാജാവായ ദേവകാന്തനും കുടകു നിവാസികളും ഉണ്ടായിരുന്നു. മുന്നോട്ടുപോകരുതെന്ന് അവരൊക്കെ അപേക്ഷിച്ചുനോക്കി. ബ്രഹ്മാവിനോട് ചോദിച്ചുവാങ്ങിയ നദിയവതാരത്തെ അവളെങ്ങനെ ഉപേക്ഷിക്കാനാണ് തന്റെ ശരീരത്തെ രണ്ടായി പകുത്ത് ഒരു പാതി നദിയായും മറുപാതി അഗസ്ത്യന്റെ പ്രേയസിയായും കഴിയാമെന്ന് കാവേരി വാക്കു നൽകി. തന്നെ കാണാൻ വന്ന കുടകരെ അനുഗ്രഹിക്കുകയും അവർക്കായി തുലാം സംക്രമണത്തിന് തലക്കാവേരിയിൽ പ്രത്യേക ദർശനം നൽകാമന്നു പറയുകയും ചെയ്തു. ബലമുറവിട്ട് കാവേരി ഒഴുകി. കുടകുനാടിറങ്ങി. കന്നട നാടും തമിഴ്നാടും കടന്ന് കാവേരീപുംപട്ടണത്തിൽ കടലിൽ ലയിച്ചു.

തലക്കാവേരിയിൽ നിന്ന് പുറപ്പെട്ട് തഞ്ചാവൂർ ജില്ലയിലെ കാവേരീപുംപട്ടണത്ത് ചെന്നുചേരുന്നതോടെ 760 കിലോമീറ്റർ ദൂരമാണ് കാവേരി താണ്ടുന്നത്. അതിനിടെ ലക്ഷ്മണതീർത്ഥവും, ഹേമാവതിയും, കബനിയും,



7th Malayalam_Term-1.indb 137 5/23/2019 3:46:24 PM



ഭവാനിയും, അമരാവതിയും, ഹരങ്കിയുമൊക്കെ കാവേരിയിൽ ചേരുന്നുണ്ട്. കാവേരിപുംപട്ടണ ചോള തലസ്ഥാനമായിരുന്നു. കാവേരിയുടെ വഴികൾ ദക്ഷിണേന്ത്യൻ ചരിത്രത്തിന്റെ ഭൂമികയാണ്.

കുടകരുടെ കുലദേവതയാണ് കാവേരി. കർണാടകക്കാർക്കും തമിഴർക്കും അവൾ മാതാവു തന്നെ. ഭാരതവർഷത്തിലെ ഏഴ് പുണ്യനദികളിലൊന്നായി കാവേരി പരിഗണിക്കപ്പെടുന്നു. (ഗംഗ, യമുന, ഗോദാവരി, സരസ്വതി, നർമ്മദ, സിന്ധു, കാവേരി)

തുലാം സംക്രമണത്തിനാണ് തലക്കാവേരിയിലെ തീർത്ഥോത്ഭവ ദിവസം. ബ്രഹ്മകുണ്ഡികയിൽ നിന്ന് (ശ്രീമൂലകാവേരി) അവൾ തിളച്ചു മറിഞ്ഞ് പുറത്തേക്കൊഴുകും. നിമിഷങ്ങൾ മാത്രം നീണ്ടുനിൽക്കുന്ന കാഴ്ച്ച. ആ വിസ്മയം കാണാനാണ് അന്ന് തീർത്ഥാടകർ തലക്കാവേരിയിലെത്തുക. ക്ഷേത്രപൂജാരി ബ്രഹ്മകുണ്ഡികയിൽ നിന്ന് തീർത്ഥം മുക്കിയെടുക്കുന്നതോടെ ബ്രഹ്മകുണ്ഡികയിലെ തിളച്ചുമറിയൽ നിൽക്കും. അത് പൂർവ്വ സ്ഥിതിയിലാവും. പിന്നീട് എത്ര വെള്ളം മുക്കിയെടുത്താലും ജലവിതാനത്തിന് യാതൊരു മാറ്റവും വരില്ല. പുരാതനമായ അത്തിമരങ്ങളുണ്ടവിടെ. തീർത്ഥത്തിന്റെ പടവുകളിൽ ഗണപതിയുടേയും ശിവന്റെയും പ്രതിഷ്ഠകളുണ്ട്. ഭക്തർക്ക് ഈ തീർത്ഥം പാപങ്ങൾ കഴുകിക്കളയാനുള്ളതാണ്.

## അഭ്യാസം

**I. പദപരിചയം**

ജനപദം, ഐതിഹ്യം, ശിലാലിഖിതം, വിസ്മൃതി, മുണ്ഡനം, ദർശനം, ദിവ്യത്വം, കമണ്ഡലു, പുണ്യഭൂമി, സാമന്തൻ, ചിരപരിചിതൻ

**II. വിപരീതപദം എഴുതുക**

പുരാതനം, ആദ്യം, ഓർമ്മ, പരിചിതൻ, കാരണം

**III. വാക്യത്തിൽ പ്രയോഗിക്കുക**

ആചാരം, സംഗമം, പ്രദർശിപ്പിക്കുക, അവതാരലക്ഷ്യം

**IV. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

1. കാവേരി നദിയുടെ ഉത്ഭവസ്ഥാനം ഏത്?

   അ. ആനമല

   ആ. ഹിമാലയപർവ്വതം

   ഇ. നീലിഗിരിക്കുന്നുകൾ

   ഈ. തലക്കാവേരി

2. കാവേരിയെ വിവാഹം കഴിച്ചതാര്?

   അ. അഗസ്ത്യൻ

   ആ. ദേവകാന്തൻ

   ഇ. മേൽപുള്ളി കുന്നിയർ

   ഈ. ബോധരൂപഭഗവാൻ

**V. ഉത്തരമെഴുതുക**

1. ത്രിവേണി സംഗമത്തിന്റെ പ്രത്യേകത എന്ത്?
2. കാവേരിയുടെ ദിവ്യത്വത്തിന്റെ സവിശേഷത എന്ത്?
3. അഗസ്ത്യനെ വിവാഹം കഴിക്കാൻ കാവേരി പറഞ്ഞ നിബന്ധന എന്തായിരുന്നു?

**VI. ഖണ്ഡികയിൽ ഉത്തരമെഴുതുക**

1. അഗസ്ത്യനെ കാണാതെ കോപിച്ച കാവേരി എന്തു ചെയ്തു?
2. കാവേരിയുടെ ഉത്ഭവവും സവിശേഷതയും വിവരിക്കുക.

**VII. അനുബന്ധ പ്രവർത്തനങ്ങൾ**

- ഇന്ത്യയിലെ പ്രധാനപ്പെട്ട നദികളുടെ പേരും ഉത്ഭവസ്ഥാനവും പട്ടികയിലാക്കുക.



7th Malayalam_Term-1.indb 139 5/23/2019 3:46:26 PM

കഥ

# നേർച്ച

– എം.കെ.ഹസ്സൻകോയ



**എം. കെ. ഹസ്സൻകോയ** നിത്യജീവിതത്തിൽ സംഭവിക്കുന്ന അബദ്ധങ്ങളായ സംഭവങ്ങളെ തൻമയത്വത്തോടെയും തമാശയോടെയും അവതരിപ്പിക്കുന്ന കഥാകാരനാണ് എം.കെ. ഹസ്സൻകോയ. 'തെരഞ്ഞെടുത്ത നർമ കഥകൾ' എന്ന കഥാസമാഹാരത്തിലെ ഒരു കഥയാണ് നേർച്ച.

ഉച്ചയൂണും കഴിഞ്ഞ് ഞാൻ ഒന്നുമയങ്ങാൻ തുടങ്ങുമ്പോഴാണ്, പുറത്തുനിന്നും അവ്യക്തമായ ഗാനം കേട്ടത്. ഇതാരാണ് ഈ നട്ടുച്ച നേരത്ത് പാട്ടുപാടാൻ വരുന്നത്, എന്ന് കരുതി ഞാൻ ഉമ്മറക്കോലായിൽ വന്നപ്പോഴും അയാൾ നിർത്താതെ പാടുകയാണ്. തമിഴും അറബിയും ഹിന്ദിയും മലയാളവും എല്ലാം കൂടികലർന്ന ഒരു ഭാഷ. ഭാഷപോലെ തന്നെ വേഷവും. മുഷിഞ്ഞു നാറിയ വെള്ളപൈജാമ നീണ്ടുനരച്ചമുടികൾ, ഒതുക്കി നിർത്താൻ ഒരു കറുത്ത തൊപ്പിക്ക് മുകളിൽ പച്ച നീളത്തൂവാല കെട്ടിയിരിക്കുന്നു. കറുത്ത ചൊറിപ്പാടുകളുള്ള കാലിൽ പലവട്ടം തുന്നി മടുത്ത തോൽഷൂ. വലതു കയ്യിൽ കട്ടി മണികളുള്ള ജപമാല. മറുകയ്യിൽ ദ്രവിച്ചു തുടങ്ങിയ മഞ്ഞനിറത്തിലുള്ള പ്ലാസ്റ്റിക് ബാഗ്. വെറ്റിലക്കറ പിടിച്ചതാണെങ്കിലും പല്ലിന് നല്ല തിളക്കം തോന്നി. എന്നെ കണ്ടപ്പോൾ കുറച്ചുകൂടി ഉച്ചത്തിൽ പാടാൻ തുടങ്ങി.

"എന്താ.....എന്തു വേണം." പാട്ട് നിർത്താൻ ആംഗ്യം കാണിച്ച് കൊണ്ട് ഞാൻ ചോദിച്ചു.

"അജ്മീർ ഹോജ....ഹോജ...." അയാൾ തന്റെ ബാഗ് നിലത്ത് വെച്ച് എന്തോ എടുക്കാൻ ശ്രമിച്ചു കൊണ്ട് പറഞ്ഞു.

“ആര്? നിങ്ങളാണോ ഹോജ?”

“അല്ലെ...അല്ല...”

അയാൾ കൈ വീശി വീണ്ടും ബാഗ് തുറക്കാൻ ശ്രമിച്ചു.

“എന്താ വേണ്ടത്.....പറയ്....നിങ്ങളാരാ?...” പലരും പല വേഷത്തിലും വന്ന് രാത്രി മോഷണത്തിന് ഇടം നോക്കാറുണ്ട് എന്ന എന്റെ സംശയം മറച്ച് വെച്ച് കൊണ്ട് ചോദിച്ചു.

“ഞാ......അന്ത അജ്മീർ നീർച്ചക്കാരാൻ....ഉങ്കൾ....നീർച്ചതന്നാ... ഞാൻ....അവിടെ....എത്തിക്കും....പ്രാർത്ഥിക്കും....തിരിയുമാ....” തന്റെ താടിയിലേക്കിറങ്ങിയ വെറ്റിലക്കറ തുടച്ച് കൊണ്ട് അയാൾ പറഞ്ഞു.

“നേർച്ച....എന്ത് നേർച്ച....!” ഞാൻ വീണ്ടും ചോദിച്ചു. “അതപ്പാ....സ്വർണ്ണം, വെള്ളി, കാശ്, വസ്ത്രം ഇന്ന മാതിരി എന്തെങ്കിലും....” അയാൾ രണ്ട് കയ്യും കൂപ്പി കുറച്ച് കൂടി എന്റെ അടുത്തേക്ക് വന്നു.

“ഇല്ല.....ഇല്ല.....ഇവിടെ ഒന്നുല്ല്യ ഞങ്ങളൊക്കെ നേർച്ച അനാഥമന്ദിരത്തിൽ കൊടുക്കും....പോ....പോ.....” ഞാൻ അയാളെ പറഞ്ഞയക്കാൻ ശ്രമിക്കുമ്പോഴും ഭാര്യ അകത്തുനിന്നും ഓടി വന്നു.

“അല്ല...നിങ്ങളെന്ത് പണ്യാ കാണിക്ക്ണ്..... അജ്മീർ ശൈഖിന്റെ അട്ത്ത്ന്ന് വര്യാണ് അവര്. ഞമ്മളെ വീട്ടില് കേറീട്ട് വെറും കൈയോടെ മടക്കി അയക്കരുത്. കുരുത്തക്കേട് പറ്റും....” ഭാര്യ എന്റെ കൈക്ക് പിടിച്ച് കൊണ്ട് പറഞ്ഞു.

“എടീ.....നീയെന്താ ഈ പറയ്ണ്. ഞമ്മള് കൊടുക്കുന്ന സാധനം ഇവര് അജ്മീരിൽ കൊടുക്കും എന്നുള്ളതിന് എന്താ ഉറപ്പ്. ഇതിലൊക്കെ പല ജാതി തട്ടിപ്പും ഉണ്ടാകും. അനക്ക് ലോകം തിരീലാ.....” ഞാൻ അവളെ ഒഴിവാക്കാൻ ശ്രമിച്ച് കൊണ്ട് പറഞ്ഞു.

“അങ്കനെ ശൊല്ലാതപ്പാ....ഞാങ്കെ പുണ്യകേന്ദ്രം കാക്കും മക്കൾ...” അയാൾക്ക് കുറച്ച് ദേഷ്യം വന്നെന്ന് തോന്നി.

“ഏതായാലും വന്നീലേ....എന്തെങ്കിലും .....ഒന്ന് കൊടുക്കി.....” ഭാര്യ അകത്തുനിന്നും ഒരു അഞ്ച് രൂപയുടെ നോട്ടുമായി അയാളുടെ അടുത്തേക്ക് ചെന്നു.



7th Malayalam_Term-1.indb 141 5/23/2019 3:46:26 PM



“എന്നായിത്....നമ്മയാര്?.... പിച്ചക്കാരോ? വേണ്ട...വേണ്ട...” അയാൾ ആ അഞ്ച് രൂപ വരാന്തയിലേക്ക് തന്നെ ദേഷ്യത്തോടെ എറിഞ്ഞു.

“പിന്നെ നിങ്ങൾക്ക് എന്തു വേണം..........” ദേഷ്യം നിയന്ത്രിക്കാനാകാതെ ഞാൻ ചോദിച്ചു.

“വലിയ.........വലിയ....സംഖ്യ, സാധനം....ഇതൊക്കെ.......നേർച്ച വേണം......തിരിയുമാ...........” അയാൾ പരിഹാസത്തോടെ ഞങ്ങളെ രണ്ട് പേരെയും നോക്കിക്കൊണ്ട് പറഞ്ഞു.

“ശരി.....അപ്പുറത്തോട്ട് വാ.” ഞാൻ അയാളെ വീടിന്റെ പിറകുവശത്തേക്ക് ക്ഷണിച്ചു. മഴക്കാർ നീങ്ങിയ ചന്ദ്രനെ പോലെ സന്തോഷത്തോടെ അയാൾ പെട്ടെന്ന് അടുക്കളഭാഗത്തെത്തി.

“നേർച്ചക്ക് വലിയ സാധനം വേണം എന്നല്ലെ പറഞ്ഞത്.ഇതാ ..........ഇതെടുത്തോളൂ, എന്റെ വക നേർച്ചയാണിത്”. അടുക്കളഭാഗത്തെ അമ്മിയും കുട്ടിയും കാണിച്ചുകൊണ്ട് ഞാൻ പറഞ്ഞു.

പിന്നീട് എന്തു സംഭവിച്ചു എന്നറിയാൻ ഞാൻ അവിടെ നിന്നില്ല. അടുക്കളവാതിലും അടച്ച് ഞാൻ എന്റെ ഉച്ച മയക്കത്തിലേക്ക് വീണു.

## വ്യാകരണം

### വചനം

വസ്തു ഒന്നോ, ഒന്നിലധികമോ എന്ന് എണ്ണം കാണിക്കാൻ നാമത്തിൽ വരുത്തുന്ന രൂപവ്യത്യാസത്തിന് വചനം എന്ന് പറയുന്നു.

### വചനം

**ഏകവചനം** **ബഹുവചനം**

വചനത്തെ രണ്ടായി തരംതിരിച്ചിരിക്കുന്നു.

1. ഏകവചനം
2. ബഹുവചനം

1. ഏകവചനം

   ഒന്നിനെക്കുറിക്കുന്നതിന് ഏകവചനം എന്ന് പറയുന്നു.

   ഉദാ-ആന, പക്ഷി, മരം

2. ബഹുവചനം-

   ഒന്നിലധികം വസ്തുക്കളെക്കുറിക്കുന്നതിനെ ബഹുവചനം എന്ന് പറയുന്നു.

   ഉദാ-ആനകൾ, പക്ഷികൾ, മരങ്ങൾ



7th Malayalam_Term-1.indb 143 5/23/2019 3:46:27 PM

Malayalam – Class VII

List of Authors and Reviewer

## Academic Advisor

DR. P. KUMAR
Joint Director (Syllabus),
State Council of Education Research and Training Tamilnadu,
Chennai 600 006,

## Reviewer

K GOPA KUMAR
Headmaster, G.H.S Erunchirai,
Aruppu kottai, Virudhunagar Dist.

## Authors

C. RAVI KUMARAN
B.T. Asst. in Malayalam
G.H.S.S. Sreemadurai
Nilgiri Dist.

R JAYASREE RAMESH
P.G Asst. in Malayalam
Asan Memorial Matric H.S.S
Chennai - 6

M.R. GOPI
B.T. Asst. in Malayalam
G.H.S.S Ambalamoola
Nilgiri Dist.

E. GEETHA
B.T. Asst. in Malayalam
G.H.S.S Pandaloor
Nilgiri Dist.

## Co-ordinator

K.CHANDRASEKARAN
Lecturer, DIET, Chennai

## Art and Design Team

### Typing

A.Sajina, Chennai

### Layout

M.Asker Ali, Chennai

### Co-ordinators

Ramesh Munuswamy

This book has been printed on 80 G.S.M.
Elegant Maplitho paper.

Printed by offset at:



7th Std Malayalam Acknowledgment.indd 144 5/23/2019 3:47:24 PM